# പതിമൂന്നാം കേരള നിയമസഭ
# (THIRTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി I
## (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

**പീരിയോഡിക്കൽ റിപ്പോർട്ട്**
(2015 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2015)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2015 ജൂലൈ 6-ാം തീയതി സമർപ്പിച്ചത്
(Presented on 6th July, 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി I

# (SUBJECT COMMITTEE I)

# കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

# (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2015 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2015)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

652/2015.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : യോഗനടപടിക്കുറിപ്പുകൾ | .. | 56 |

# വിഷയനിർണ്ണയ സമിതി I

## (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

## (2013-2016)

**ഘടന**

<u>ചെയർമാൻ:</u>

ശ്രീ. കെ. പി. മോഹനൻ,
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ:</u>

ശ്രീ. കെ. സി.ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ :</u>

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.

ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.

ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.

ശ്രീ. ഇ. പി. ജയരാജൻ, എം.എൽ.എ.

ശ്രീ. സി. മോയിൻകുട്ടി, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ, എം.എൽ.എ.

ശ്രീ. പി. തിലോത്തമൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരം ഞാൻ സമർപ്പിക്കുന്നു.

13-ാം കേരള നിയമസഭയുടെ 2013 ഡിസംബർ 27-ാം തീയതിയിലെ 463-ാം നമ്പർ ബുള്ളറ്റിൻ—ഭാഗം 2 പ്രകാരം രൂപീകരിച്ച 2013-2016 കാലയളവിലേക്കുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I, 1-4-2014 മുതൽ 31-3-2015 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

റിപ്പോർട്ട് കാലയളവിൽ സമിതി 22-4-2014, 7-5-2014, 1-7-2014, 27-8-2014, 26-11-2014, 4-12-2014, 4-2-2015, 31-3-2015 എന്നീ തീയതികളിലായി എട്ട് യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 22-4-2014-ന് സമിതിയുടെ വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും 7-5-2014-ന് 2010-ലെ കേരള ഫിഷറീസും സമുദ്രപഠനങ്ങൾക്കുമായുള്ള സർവ്വകലാശാല ആക്ട് 67-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 913/2013-ഉം 1-7-2014-ന് സമിതിയുടെ വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റും 1-4-2013 മുതൽ 31-3-2014 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരടും 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടും പരിഗണിക്കുന്നതിനും 27-8-2014-ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) (iii) പ്രകാരം "ജൈവകൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉല്പാദനവും" എന്ന വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതിനും സമിതി അംഗീകരിച്ച കരട് ചട്ടത്തിൽ നിന്നും വ്യത്യസ്തമായി കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡ് സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2013 (എസ്.ആർ.ഒ. നമ്പർ 906/2013) പുറപ്പെടുവിച്ചത് സംബന്ധിച്ച് ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് സമർപ്പിച്ച വിശദീകരണവും 2010-ലെ കേരള ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ 2-ാം വകുപ്പ് (ഡി) ഖണ്ഡം പ്രകാരമുള്ള എസ്.ആർ.ഒ. നമ്പർ 271/2014-ഉം പരിഗണിക്കുന്നതിനും 26-11-2014-ന് 2014-ലെ കേരള ആനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾസ് (ഭേദഗതി), 2014-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ചട്ടങ്ങളുടെ കരട്, സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ 'ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം—സർക്കാർ

പദ്ധതികൾ' എന്ന വിഷയം സംബന്ധിച്ച് 2013 ഡിസംബർ 11-ാം തീയതി ചട്ടം 235 (I)(iii) പ്രകാരം നടന്ന ചർച്ചയുടെ അടിസ്ഥാനത്തിലുള്ള കരട് റിപ്പോർട്ട്, ചട്ടം 235 (I)(v) പ്രകാരമുള്ള കരട് സംക്ഷേപങ്ങൾ എന്നിവ പരിഗണിക്കുന്നതിനും 4-12-2014-ന് 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ, 2014-ലെ കേരള മത്സ്യവിത്ത് ബിൽ എന്നിവ പരിഗണിക്കുന്നതിനും 4-2-2015-ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (I)(iii) പ്രകാരം "നെല്ല് വികസനം, ജൈവ പച്ചക്കറിക്കൃഷി, ഹൈ-ടെക് അഗ്രികൾച്ചർ, സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ, വില ആരോഗ്യ പരിപാലനം, നിറവ് കാർഷികവികസനത്തിനുള്ള സമഗ്ര പദ്ധതി" എന്നീ വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതിനും 31-3-2015-ന് സമിതിയുടെ വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുന്നതിനുമാണ് സമിതി യോഗങ്ങൾ ചേർന്നത്.

യോഗങ്ങളിലെ ശരാശരി ഹാജർനില 47.7% ആയിരുന്നു.

ഈ റിപ്പോർട്ട് അഞ്ച് ഭാഗങ്ങളിലായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ സമിതി പരിഗണിച്ച ബില്ലുകളുടേയും ചട്ടങ്ങളുടേയും വിവരങ്ങളും മൂന്നാം ഭാഗത്ത് ചട്ടം 235 എ പ്രകാരം ചേർന്ന യോഗങ്ങളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. നാലാം ഭാഗത്ത് ചട്ടം 236 (5) പ്രകാരം നടപടി സ്റ്റേറ്റ്മെന്റുകൾ സർക്കാർ യഥാസമയം സമിതിക്ക് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങളും 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. അഞ്ചാം ഭാഗത്തിൽ സമിതി പരിഗണിച്ച ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലും സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായും ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2015 ജൂലൈ 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

കെ. പി. മോഹനൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,
2015 ജൂലൈ 2.

# റിപ്പോർട്ട്

## ഭാഗം I

വിഷയനിർണ്ണയ സമിതി I-ന്റെ 2014-15 സാമ്പത്തികവർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2014 ജൂൺ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചു.

സമിതിയുടെ 1-4-2013 മുതൽ 31-3-2014 വരെയുള്ള ആനുകാലിക റിപ്പോർട്ട് 14-7-2014-ന് സഭയിൽ സമർപ്പിച്ചു.

2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 14-7-2014-ൽ സഭയിൽ സമർപ്പിച്ചു.

2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ, 2014-ലെ കേരള മത്സ്യവിത്ത് ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ട് 5-12-2014-ന് സഭയിൽ സമർപ്പിച്ചു.

'ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം-സർക്കാർ പദ്ധതികൾ' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്; 2007-12 പഞ്ചവൽസര പദ്ധതിയിൽപ്പെട്ട 'ഭക്ഷ്യസുരക്ഷ' എന്ന പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ചുള്ള ചർച്ചയുടെ സംക്ഷേപം; കൃഷി, മണ്ണുപര്യവേഷണ-സംരക്ഷണം എന്നീ വകുപ്പുകളുടെ 2011-12 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള സമിതിയുടെ ചർച്ചയുടെ സംക്ഷേപം എന്നിവ 12-12-2014-ന് സഭയിൽ സമർപ്പിച്ചു.

## ഭാഗം 2

**(എ) ബില്ലുകളുടെ പരിഗണന**

2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ, 2014-ലെ കേരള മത്സ്യവിത്ത് ബിൽ എന്നിവ 4-12-2014-ലെ സമിതിയോഗം പരിഗണിക്കുകയും ആദ്യത്തേത് ഭേദഗതി കൂടാതെയും രണ്ടാമത്തേത് ഭേദഗതികളോടെയും അംഗീകരിക്കുകയും ചെയ്തു.

**(ബി) കരട് ചട്ടങ്ങളുടെ പരിഗണന**

2014-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ചട്ടം 26-11-2014-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. 2014-ലെ കേരള ആനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് (ഭേദഗതി) 26-11-2014-ലെ യോഗത്തിൽ സമിതി പരിഗണിച്ചെങ്കിലും ആയത് അംഗീകരിക്കുകയുണ്ടായില്ല. സമിതിയുടെ നിർദ്ദേശപ്രകാരമുള്ള പുതുക്കിയ കരട് ചട്ടം തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

(സി) എസ്.ആർ.ഒ.യുടെ സാധൂകരണം

2010-ലെ കേരള ഫിഷറീസും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ടിന്റെ 67-ാം വകുപ്പ് പ്രകാരമുള്ള ചട്ടങ്ങൾ സംബന്ധിച്ച എസ്.ആർ.ഒ. നമ്പർ 913/2013 7-5-2014-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഭാഗം 3

2014 ആഗസ്റ്റ് 27, 2015 ഫെബ്രുവരി 4 എന്നീ തീയതികളിൽ ചട്ടം 235 എ പ്രകാരം സമിതി യോഗം ചേർന്ന് ചട്ടം 235 (1)(iii) പ്രകാരം യഥാക്രമം "ജൈവകൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉല്പാദനവും", "നെല്ലുവികസനം, ജൈവ പച്ചക്കറി കൃഷി, ഹൈടെക് അഗ്രികൾച്ചർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, വിള ആരോഗ്യ പരിപാലനം, നിറവ്-കാർഷിക വികസനത്തിനുള്ള സമഗ്ര പദ്ധതി" എന്നീ വിഷയങ്ങളെ ആസ്പദമാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

ഭാഗം 4

## ചട്ടം 236 (6) പ്രകാരം സഭയുടെ മേശപ്പുറത്തുവച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

1. XXIX—കൃഷി എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, മണ്ണുപര്യവേഷണ-മണ്ണുസംരക്ഷണ വകുപ്പ്, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് എന്നിവയുടെ 2013-14 വർഷത്തെ റിപ്പോർട്ടുകൾ 3-12-2014-നും കൃഷി, മണ്ണുപര്യവേഷണ-മണ്ണുസംരക്ഷണം എന്നീ വകുപ്പുകളുടെ 2012-2013-ലേയും കേരള കാർഷിക സർവ്വകലാശാലയുടെ 2013-2014-ലേയും റിപ്പോർട്ടുകൾ 23-3-2015-നും സഭയുടെ മേശപ്പുറത്തുവച്ചു.

2. XXXIII—മത്സ്യബന്ധനം എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന മത്സ്യബന്ധന വകുപ്പിന്റെ 2013-2014 സാമ്പത്തികവർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് 3-12-2014-ന് സഭയുടെ മേശപ്പുറത്തുവച്ചു.

## ചട്ടം 236 (5) പ്രകാരം സഭയുടെ മേശപ്പുറത്തുവച്ച സ്റ്റേറ്റ്മെന്റുകൾ

1. 2010-2011 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 16-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് സമർപ്പിക്കുവാൻ കാലതാമസം ഉണ്ടായത് സംബന്ധിച്ച വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് 9-12-2014-ന് സഭയുടെ മേശപ്പുറത്തുവച്ചു.

2. 2013-2014 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 14, 15, 16, 24, 26, 36, 38, 39 എന്നിവയിലേയും 1, 8, 25 എന്നിവയിലേയും ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് സമർപ്പിക്കുവാൻ കാലതാമസം ഉണ്ടായത് സംബന്ധിച്ച വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റുകൾ യഥാക്രമം 9-12-2014, 23-3-2015 എന്നീ തീയതികളിൽ സഭയുടെ മേശപ്പുറത്തുവച്ചു

ഭാഗം 5

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ, സമിതി പരിഗണിച്ച, സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ

## കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2005-06-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശിപാർശ

2401-00-105-86—ആധുനിക ലബോറട്ടറികൾ സ്ഥാപിക്കൽ (പുതിയ പദ്ധതി)

4401-00-107-97

സംസ്ഥാനത്ത് തെരെഞ്ഞെടുത്ത ജില്ലകളിൽ പൈലറ്റ് പ്രോജക്ടായി അഗ്രിവിഷൻ ഡിസ്ട്രിക്ട് സപ്പോർട്ട് സിസ്റ്റം നടപ്പാക്കുന്നതിനും ഉത്പാദന മേഖലയിൽ ഗവേഷണ സ്ഥാപനങ്ങളും ലൈൻ ഡിപ്പാർട്ട്മെന്റും, വിളപരിപാലന മേഖലയിൽ മണ്ണ് പരിശോധനയ്ക്കും ഗുണനിയന്ത്രണത്തിനും ടിഷ്യൂകൾച്ചറിനും ജൈവ നിയന്ത്രണത്തിനും മറ്റുമായി തെരഞ്ഞെടുത്ത ജില്ലകളിൽ അഞ്ചു ലാബുകൾ സ്ഥാപിക്കുന്നതിനും മറ്റുമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കൃഷിയിൽ സാങ്കേതിക വിദ്യകൾ കൂടുതൽ ഫലപ്രദമാക്കുന്നതിനും ആധുനിക ലബോറട്ടറി സൗകര്യങ്ങൾ സംസ്ഥാനത്ത് ഉണ്ടാകണമെന്നത് അത്യന്താപേക്ഷിതമാണ്. ഇതിന് ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന 300 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ തുക വർദ്ധിപ്പിച്ച് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

2005-06 സാമ്പത്തികവർഷത്തെ ആധുനിക ലബോറട്ടറികൾ സ്ഥാപിക്കാൻ 300 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 87.55 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. കൃഷി വകുപ്പിന്റെ കീഴിലുള്ള മണ്ണ് പരിശോധന ലാബുകൾ രാസവള ഗുണനിയന്ത്രണ ലാബുകൾ, കീടനാശിനി പരിശോധന ലാബുകൾ, പാരസൈറ്റ് ബ്രീഡിംഗ് കേന്ദ്രങ്ങൾ, വിത്ത് പരിശോധന ലാബുകൾ എന്നിവയുടെ നടത്തിപ്പിനും 2004-05 അംഗീകരിച്ച

ലബോറട്ടറികളുടെ നിർമ്മാണത്തിനും നടത്തിപ്പിനും സംസ്ഥാന ജൈവ നിയന്ത്രണ ലാബ് മെച്ചപ്പെടുത്തുന്നതിനും പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ലാബുകളുടെ നടത്തിപ്പിനും ലാബുകളിലെ ജീവനക്കാരുടെ യാത്രാ ചെലവിനും മറ്റുമായിട്ടാണ് പദ്ധതിയിൽ തുക വകയിരുത്തിയിരുന്നത്.

ലബോറട്ടറികളിൽ ആവശ്യമുള്ള രാസവസ്തുക്കൾ, ഉപകരണങ്ങൾ മുതലായവയുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുമ്പോൾ ഭാവിയിൽ ഉണ്ടാകാവുന്ന വില വർദ്ധനവ് മുൻകൂട്ടി കണ്ടുകൊണ്ട് നിലവിലുള്ള മാർക്കറ്റ് വിലയേക്കാൾ 10% കൂടുതൽ ആവശ്യപ്പെടാറുണ്ട്. എന്നാൽ പിന്നീട് ടെണ്ടർ നടപടികൾ പൂർത്തിയായപ്പോൾ നേരത്തെ ആവശ്യപ്പെട്ട തുക വേണ്ടി വന്നില്ല.

2005-06 സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പിലാക്കിയപ്പോൾ ബഡ്ജറ്റ് വിഹിതത്തേക്കാൾ അധിക തുക വേണ്ടി വന്നില്ല. ഈ കാരണത്താലാണ് അധികമായി തുക ആവശ്യപ്പെടാതിരുന്നത്.

## കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2007-2008-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

### ശിപാർശ

2810-01-101-99—ദേശീയ ബയോഗ്യാസ് പ്രോജക്ട് (കേന്ദ്രാവിഷ്കൃതം)—100%

പദ്ധതി വ്യാപിപ്പിക്കുന്നതിനുവേണ്ടി 200 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിൽ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 100 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയത്. ആയതിനാൽ അധികമായി ആവശ്യപ്പെട്ട 100 ലക്ഷം രൂപ കൂടി ഈ പദ്ധതിക്കായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

### സർക്കാർ സ്വീകരിച്ച നടപടി

2007-08-ൽ 2810-01-101-99—പ്ലാൻ എന്ന ശീർഷകത്തിലെ ചെലവ് 107.126 ലക്ഷം രൂപയാണ് ടി വർഷത്തിൽ 100 ലക്ഷം രൂപയ്ക്ക് പുറമേ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല. ഈ പദ്ധതി തുടർന്നും നടപ്പിലാക്കി വരുന്നു.

### ശിപാർശ

ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനും അവരുടെ വായ്പ എഴുതിത്തള്ളുന്നതിനും മറ്റും ലഭിച്ച കേന്ദ്രസഹായം, NABARD മുഖേന ലഭിച്ച ധനസഹായം എന്നിവയുടെ വിനിയോഗത്തെ കുറിച്ച് വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനോ അവരുടെ വായ്പ എഴുതിത്തള്ളുന്നതിനോ കേന്ദ്രസഹായമോ NABARD മുഖേനയുള്ള ധനസഹായമോ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

<u>വാട്ടർഷെഡ് സ്കീമുകൾ</u>

വാട്ടർഷെഡ് സ്കീമുകൾ നടപ്പിലാക്കുന്നതനുസരിച്ച് സംസ്ഥാനത്തെ ഭൂഗർഭ ജലനിരപ്പ് കൂടുന്നില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വാട്ടർഷെഡ് സ്കീമുകളുടെ മോണിറ്ററിംഗിന് ശാസ്ത്രീയമായ സംവിധാനം ആവശ്യമാണ് എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഈ രംഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളെ സംയോജിപ്പിച്ച് വാട്ടർഷെഡ് പ്രോഗ്രാമുകൾ അടിയന്തരമായി മോണിട്ടർ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണാർത്ഥം വിവിധ പദ്ധതികൾ സംസ്ഥാനത്തുടനീളം ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. തത്സ്ഥല ജലപരിപാലനത്തിനുന്നൽ നൽകിക്കൊണ്ട് വാട്ടർഷെഡ് അടിസ്ഥാനത്തിലാണ് പ്രവൃത്തികൾ ഭൂരിഭാഗവും നിർവ്വഹിക്കാറുള്ളത്. കൃഷിഭൂമിയിലെ പ്രവർത്തനങ്ങൾ എല്ലാം തന്നെ മണ്ണൊലിപ്പ് തടയുന്നതോടൊപ്പം നമുക്ക് ലഭ്യമാകുന്ന മഴവെള്ളം ഓരോ തുണ്ട് ഭൂമിയിലും തടഞ്ഞു നിർത്തി ഭൂഗർഭ ജലവിതാനം ഉയർത്തുവാൻ ഉതകുന്നവയാണ്. ഇപ്രകാരം മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുള്ള പദ്ധതി പ്രദേശങ്ങളിൽ എല്ലാംതന്നെ കിണറുകളിൽ വെള്ളം കൂടുതൽ ലഭ്യമാകുന്നതായും കൃഷി മെച്ചപ്പെടുന്നതായും കൂടുതൽ ഭൂമി കൃഷിയോഗ്യമാക്കുവാൻ സാധിക്കുന്നതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തുടനീളം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന, വിവിധ വാട്ടർഷെഡ് പദ്ധതികളുടെ നിരീക്ഷണത്തിനായി കാർഷികോൽപ്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ, സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസി (SLNA) എന്ന സമിതി ഇപ്പോൾ തന്നെ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പും അഗ്രികൾച്ചർ ഫിനാൻസ് കോർപ്പറേഷനും കേന്ദ്ര സർക്കാർ സ്ഥാപനമായ എനർജി റിസോഴ്സ് ഇൻസിസ്റ്റ്യൂട്ടും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന മണ്ണ് ജലസംരക്ഷണ പദ്ധതികളുടെ അവലോകനം നടത്തിവരുന്നുണ്ട്.

## കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2008-2009-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ഖണ്ഡിക നമ്പർ 8-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സംബന്ധിച്ച് 10-12-2012-ലെ യോഗത്തിലെ സമിതി നിർദ്ദേശവും ആയതിന്മേലുള്ള മറുപടിയും (1-7-2014-ലെ യോഗം പരിഗണിച്ചത്) താഴെ ചേർത്തിരിക്കുന്നു:

<u>അധിക നിർദ്ദേശം</u>

- ജില്ലാ കാർഷിക വികസന സമിതികൾ സംസ്ഥാന കാർഷിക വികസന സമിതികൾ എന്നിവ യഥാക്രമം 2, 3 മാസത്തിലൊരിക്കലെങ്കിലും നിർബന്ധമായും യോഗം കൂടാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്നുള്ള നിർദ്ദേശം.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

25-8-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 208/2012/കൃഷി നമ്പർ പ്രകാരം സംസ്ഥാനതല കാർഷിക വികസന സമിതി ആറ് മാസത്തിലൊരിക്കലും ജില്ലാതല കാർഷിക വികസന സമിതികൾ സാമ്പത്തിക വർഷം 2 മാസത്തിലൊരിക്കലും യോഗം ചേരുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ടി വിവരം യഥാസമയം ബന്ധപ്പെട്ട ഓഫീസർമാരെ അറിയിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. 2013-14-ൽ സംസ്ഥാനതല കാർഷിക വികസന സമിതിയോഗം 14-8-2013-ൽ ചേരാൻ തീരുമാനിച്ചിരുന്നെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ആയത് പിന്നീട് മാറ്റി വയ്ക്കുകയുണ്ടായി. അടുത്ത യോഗം ചേരുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

സബ്ജക്ട് കമ്മിറ്റി ശിപാർശയിൻമേൽ സർക്കാർ ഉത്തരവ് അനുസരിച്ച് യഥാസമയം ജില്ലാതല കാർഷിക വികസന സമിതിയോഗം ചേരുന്നതിന് കർശന നടപടി സ്വീകരിക്കുവാൻ എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും കൃഷി വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഖണ്ഡിക 17-ലെ മേൽ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സംബന്ധിച്ച് 10-12-2012-ലെ യോഗത്തിലെ സമിതി നിർദ്ദേശവും ആയതിന്മേലുള്ള മറുപടിയും (22-4-2014-ലെ യോഗം പരിഗണിച്ചത്) താഴെ ചേർത്തിരിക്കുന്നു:

<u>അധിക നിർദ്ദേശം</u>

പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്കായുള്ള ദീനബന്ധു ബയോഗ്യാസ് പ്ലാന്റിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിനായി പ്രസ്തുത പ്ലാന്റിന്റെ പ്രദർശനം (ഡെമോൺസ്ട്രേഷൻ) നടത്തണമെന്നും സർക്കാർ മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ പ്രോത്സാഹനം ജനങ്ങൾക്ക് നൽകണമെന്നുമുള്ള നിർദ്ദേശം.

<u>സ്വീകരിച്ച നടപടി</u>

ഫാമിലി ടൈപ്പ് ദീനബന്ധു മോഡൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ പ്രോത്സാഹനവും പരിശീലന പരിപാടികളും നടപ്പിലാക്കിവരുന്നു. 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ "ദേശീയ ബയോഗ്യാസ് പ്രോജക്ടിന്റെ" ഭാഗമായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കൃഷി വകുപ്പ് ധനസഹായം നൽകുന്നുണ്ട്.

$1m^3$ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡി 4,000 രൂപയും, $2\text{-}10m^3$ വരെയുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡി 8,000 രൂപയും, പട്ടികജാതിയിൽ (എസ്.സി. കാറ്റഗറി) പെട്ടവർക്ക് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡി 10,000 രൂപയുമാണ് നിലവിലുള്ള കേന്ദ്ര സബ്സിഡി നിരക്ക്.

ഇതു കൂടാതെ ഉപഭോക്താക്കൾക്കുള്ള പരിശീലന പരിപാടികളും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച വിവരങ്ങളും പ്ലാന്റിന്റെ പ്രവർത്തനം, മെയിന്റനൻസ് എന്നിവ സംബന്ധിച്ച വിവരങ്ങളും അടങ്ങുന്ന "യൂസേഴ്സ് ട്രെയിനിംഗും" സംഘടിപ്പിക്കുന്നുണ്ട്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി 2013-14-ൽ 1725 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും 50 പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധം ഉണ്ടാക്കുന്നതിനും പ്രചാരണത്തിനുമായി ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന പോസ്റ്ററുകൾ, ലീഫ് ലെറ്റുകൾ, ബുക്ക് ലെറ്റുകൾ മുതലായവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

## കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

<u>ശിപാർശ</u>

2401-00-102-82—<u>ഭക്ഷ്യ സുരക്ഷ പദ്ധതി</u>

നെൽകർഷകർക്ക് ഇപ്പോൾ നൽകി വരുന്ന ഉത്പാദന ബോണസ് ഓരോ മേഖലയിലെയും ഉത്പാദനക്ഷമത കണക്കിലെടുത്ത് ബെഞ്ച്മാർക്ക് നിശ്ചയിച്ച് അതിനുമുകളിൽ നെല്ലുല്പാദനം നടത്തുന്ന കർഷകനുമാത്രമായി നിജപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

നെൽകർഷകർക്ക് ഇപ്പോൾ നൽകിവരുന്ന ഉല്പാദനബോണസ് ഓരോ മേഖലയിലേയും ഉല്പാദനക്ഷമത കണക്കിലെടുത്ത് ബെഞ്ച്മാർക്ക് നിശ്ചയിച്ച് അതിനുമുകളിൽ നെല്ലുല്പാദനം നടത്തുന്ന കർഷകനുമാത്രമായി നിജപ്പെടുത്തണമെന്ന സമിതി ശിപാർശയും ഉല്പാദനബോണസ് ഹെക്ടറിന് 1,000 രൂപയായി ഉയർത്തണമെന്ന സബ്ജക്ട് കമ്മിറ്റി (2010-11) അഞ്ചാമത് റിപ്പോർട്ടിലെ ഒന്നാം ശിപാർശയും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, നെല്ലിന്റെ ഉല്പാദന ചെലവ് വർദ്ധിച്ചതിനാലും നെൽകർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനുമായി ഉല്പാദനബോണസ് ഹെക്ടറിന് 350 രൂപയിൽ നിന്ന് ഹെക്ടറിന് 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശിപാർശ

2401-00-102-82—ഭക്ഷ്യ സുരക്ഷ പദ്ധതി

കർഷകർക്ക് ഇപ്പോൾ സൗജന്യ നിരക്കിൽ നൽകിവരുന്ന വൈദ്യുതി ദുരുപയോഗം ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും 12 മാസവും വൈദ്യുതി ഉപയോഗിച്ചുള്ള ജലസേചനം ആവശ്യമില്ലാത്തതിനാൽ ജലസേചനം ആവശ്യമുള്ള മാസങ്ങൾക്കുമാത്രമായി സൗജന്യ നിരക്ക് നിജപ്പെടുത്തണമെന്നും പുതുതായി കൃഷിയിലേർപ്പെടുന്ന കർഷകർക്ക് കാലവിളംബം ഒഴിവാക്കി വൈദ്യുതി കണക്ഷൻ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു ആയതിനാൽ കൃഷി വകുപ്പ്, വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥർ, കർഷക സംഘടനാ പ്രതിനിധികൾ എന്നിവരുടെ സംയുക്ത യോഗം വിളിച്ചുചേർത്ത് വൈദ്യുതി സബ്സിഡി സംബന്ധിച്ചും വൈദ്യുതി കണക്ഷൻ നൽകുന്നത് സംബന്ധിച്ചും ഒരു തീരുമാനം കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

കർഷകർക്ക് സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം 4-2-1999-ലെ സ.ഉ. (എംഎസ്) നമ്പർ 30/99/കൃഷി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചുവന്നിരുന്ന ആനുകൂല്യങ്ങൾ മാറ്റമില്ലാതെ തുടർന്നും നൽകിവരുന്നു.

ശിപാർശ

2401-00-109-81—സാങ്കേതിക വിദ്യാവികസനത്തിൽ പങ്കാളിയാകുന്നതിന് വി.എഫ്.പി.സി.കെ.-യ്ക്ക് നൽകുന്ന സഹായം

പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ. പാർട്ടിസിപ്പേറ്ററി ഡെവലപ്പ്മെന്റ് ടെക്നോളജി (പി.റ്റി.ഡി.) എന്ന ഘടകം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. 2008-09-ൽ വി.എഫ്.പി.സി.കെ.വഴി പി.റ്റി.ഡി. നടപ്പിലാക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ 2009-10-ൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ പദ്ധതി തുടർന്നും നടത്തുന്നതിനായി 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ.-യ്ക്ക് പാർട്ടിസിപ്പേറ്ററി ഡെവലപ്പ്മെന്റ് ടെക്നോളജി (പി.റ്റി.ഡി.) എന്ന ഘടകം നടപ്പിലാക്കുന്നതിനായി 2009-10 സാമ്പത്തികവർഷം തുക വകയിരുത്തുവാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

4401-00-190-97—കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രോഡക്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ നിക്ഷേപങ്ങൾ

ഈ ഹെഡിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രോഡക്ട് ഡെവലപ്മെന്റ് കോർപ്പറേഷന് 4401-00-190-97 എന്ന ഹെഡിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ സർക്കാർ പരിശോധിച്ച് പ്ലാനിംഗ് വകുപ്പിലേക്ക് നടപടി സ്വീകരിക്കുന്നതിനായി നൽകിയെങ്കിലും 2009-10 സാമ്പത്തികവർഷം തുക അനുവദിച്ചുനൽകാനായില്ല. ആയതിനാൽ സബ്ജക്ട് കമ്മറ്റിയുടെ ശിപാർശ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2010-2011-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

### ശിപാർശ

2401-00-103-87—നാളികേര വികസനം

ഗവൺമെന്റ് ഉടമസ്ഥതയിലോ നാളികേര കർഷകരുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേനയോ കേരള കാർഷിക സർവ്വകലാശാലയുടെ പക്കലുള്ള ടെക്നോളജി ഉപയോഗിച്ച് 'പാനീയം' നിർമ്മിക്കുന്നതിനാവശ്യമായ പൈലറ്റ് പ്രോജക്ട് തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

### സർക്കാർ സ്വീകരിച്ച നടപടി

1. 2013 ഫെബ്രുവരി മാസത്തിൽ കാർഷിക സർവ്വകലാശാല ഗവൺമെന്റിന് സമർപ്പിച്ച സംസ്ഥാന ബജററിലേക്കുള്ള നിർദ്ദേശങ്ങളിൽ 'നീരയും' അനുബന്ധ ഉൽപ്പന്നങ്ങളും ഉണ്ടാക്കുന്ന പൈലറ്റ് പദ്ധതി ഉൾപ്പെട്ടിരിക്കുന്നു. അതുപ്രകാരം, നടപ്പു വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തെ 10 ജില്ലകളിൽ 'നീര ഉല്പാദന' പൈലറ്റ് യൂണിറ്റുകൾ തുടങ്ങുന്നതിനുവേണ്ടി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2. സംസ്ഥാനത്തെ കള്ളുവ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം നിർദ്ദേശിക്കുവാനും 'നീര' ഉൽപ്പാദനം സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സർക്കാർ രൂപീകരിച്ച ഉന്നതതല കമ്മിറ്റിയിൽ കാർഷിക സർവ്വകലാശാല പ്രതിനിധി അംഗമായി പ്രവർത്തിക്കുകയും പ്രസ്തുത കമ്മിറ്റി അവരുടെ റിപ്പോർട്ട് തുടർനടപടികൾക്കായി സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

3. കേരള കാർഷിക സർവ്വകലാശാല സംസ്ഥാനത്ത് മൂന്ന് നീര ഉല്പാദന പൈലറ്റ് യൂണിറ്റുകൾ തുടങ്ങുന്നതിനുവേണ്ടി പദ്ധതിരൂപരേഖ 4-6-2013-ൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

4. 23-4-2013-ൽ സെക്രട്ടേറിയറ്റിൽ കൃഷി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് പേരാമ്പ്രയിലെ 'സുഭിക്ഷ' എന്ന കോക്കനട്ട് പ്രൊസസർ കമ്പനിക്കുവേണ്ടി 'നീരയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും' നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനുവേണ്ടി കാർഷിക സർവ്വകലാശാല വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കണം എന്ന് തീരുമാനമെടുത്തിരുന്നു. അതിനുവേണ്ടിയുള്ള പ്രാരംഭ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്.

5. കാർഷിക സർവ്വകലാശാലയുടെ പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ പൈലറ്റ് പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന നീര (കേരാമൃതം), കേരച്ചക്കര എന്ന ഉല്പന്നങ്ങൾ നാളികേര വികസന ബോർഡ്, കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല എന്നിവർ സംഘടിപ്പിച്ച വിവിധ സെമിനാറുകളിലും സമ്മേളനങ്ങളിലും വിതരണം ചെയ്ത് ബോധവൽക്കരണം നടത്തുകയുണ്ടായി. ഇതിനുപുറമേ ബഹു. നിയമസഭാ സാമാജികർ, ഉന്നതതല നീര കമ്മിറ്റി അംഗങ്ങൾ എന്നിവർക്കും നീര സാമ്പിളുകൾ നൽകി അവതരണം നടത്തിയിട്ടുണ്ട്.

6. കാർഷിക സർവ്വകലാശാലയിലെ പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ പൈലറ്റ് പ്ലാന്റിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും അവിടുത്തെ നീര, ഉപഉൽപ്പന്നങ്ങൾ എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ പേർക്ക് പരിശീലനം നൽകി 'നീര ടെക്നീഷ്യൻമാരായി' പ്രവർത്തിക്കാൻ പ്രാപ്തരായ കൂടുതൽപേരെ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

7. ഈ വർഷം നടത്താനുദ്ദേശിക്കുന്ന 'കാർഷിക നിക്ഷേപ സംഗമത്തിൽ' നീരയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ലാഭസാധ്യതകളുടെ 'ബിസിനസ്സ് പ്ലാൻ' അവതരിപ്പിക്കുന്നുണ്ട്.

2401-00-105-86—<u>ആധുനിക പരീക്ഷണശാലകൾ സ്ഥാപിക്കൽ</u>

4401-00-107-97—<u>ആധുനിക ലബോറട്ടറികൾ സ്ഥാപിക്കൽ</u>

## ശിപാർശ

ജൈവ കൃഷിക്ക് വ്യാപകമായ പ്രാധാന്യവും പ്രചരണവും നൽകുന്ന സാഹചര്യത്തിൽ ജൈവ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഒരു ലബോറട്ടറി സ്ഥാപിക്കേണ്ടതുണ്ടെന്നും ഇതിനായി 40 ലക്ഷം രൂപ കണ്ടെത്തേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകങ്ങളിൽ ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന 500 ലക്ഷം രൂപയിൽ നിന്ന് 40 ലക്ഷം രൂപ ജൈവ സർട്ടിഫിക്കറ്റ് നൽകുന്ന ലബോറട്ടറി സ്ഥാപിക്കുന്നതിനായി ഉപയുക്തമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

## സർക്കാർ സ്വീകരിച്ച നടപടി

ജൈവ സർട്ടിഫിക്കേഷൻ നൽകുന്നതിന് കേരളത്തിലെ ഏജൻസിയായ കേരള കാർഷിക സർവ്വകലാശാലയ്ക്ക് അംഗീകാരം നൽകുന്നത് ഉചിതമാണ്. കാർഷിക സർവ്വകലാശാലയിൽ ഈ വിഷയത്തെ സംബന്ധിക്കുന്ന വിദഗ്ധരും ശാസ്ത്രജ്ഞന്മാരും ഗവേഷണം നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങളും ലഭ്യമാണ്. ഈ സാഹചര്യത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ ജൈവ സർട്ടിഫിക്കറ്റ് നൽകുന്നതിനായി പ്രത്യേകിച്ച് ഒരു ആധുനിക ലബോറട്ടറി സ്ഥാപിക്കുന്നതിന് കൃഷി വകുപ്പ് പ്രത്യേകിച്ച് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ശിപാർശ

2401-00-105-85—ഓർഗാനിക് ഫാമിംഗ്

പുതുതായി ആരംഭിക്കുന്ന ഈ പദ്ധതിക്ക് ഒരു കോടി രൂപയാണ് ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. ജൈവ കൃഷി രാജ്യത്ത് സജീവമായിക്കൊണ്ടിരിക്കുന്നതിനാലും കയറ്റുമതി സാദ്ധ്യത ജൈവ കൃഷി ഉൽപ്പന്നങ്ങൾക്കാണ് എന്നതിനാലും ഇതിനെ സംബന്ധിച്ച് കൃഷിക്കാരിൽ അവബോധം സൃഷ്ടിക്കേണ്ടതാണ്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻവഴി നടപ്പിലാക്കുന്ന ജൈവ കൃഷി പദ്ധതികളും ഈ പദ്ധതിയുമായി സംയോജിപ്പിക്കേണ്ടത് ആവശ്യമാണ്. അതിനാൽ ഈ ഹെഡിൽ ഒരു കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷം 2401-00-105-85 എന്ന ശീർഷകത്തിൽ അധികമായി ആവശ്യപ്പെട്ട 1 കോടി രൂപ അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-113-90—ചെറുകിട കൃഷിയിട യന്ത്രവൽക്കരണം

സബ്ജക്ട് കമ്മിറ്റി I-ന്റെ നാളികേര മേഖലയിലെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാർഷിക സർവ്വകലാശാലയും കൃഷി എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റും സംയുക്തമായി ചെന്നൈ ഐ.ഐ.ടി.യുമായി സഹകരിച്ച് പൊക്കാളി കൃഷിക്കും തെങ്ങുകയറ്റത്തിനും മറ്റ് കാർഷിക ആവശ്യങ്ങൾക്കായുമുള്ള യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

പൊക്കാളി കൃഷിക്കും തെങ്ങുകയറ്റത്തിനും മറ്റ് കാർഷിക ആവശ്യങ്ങൾക്കുമുള്ള യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുകയെന്ന ഉദ്ദേശത്തോടെ നൂതന കാർഷിക യന്ത്രവൽക്കരണ വികസന പദ്ധതി അഥവാ Development of Innovative Farm Mechanization Package for Kerala (DIFM) ആരംഭിച്ചു. സമയബന്ധിതമായി നടപ്പിലാക്കേണ്ട പദ്ധതിയായതിനാൽ ഇതിന്റെ കൃത്യനിർവ്വഹണത്തിനായി ഒരു സാങ്കേതിക ഉപദേശകസമിതി അഥവാ Technical Advisory Committee രൂപീകരിച്ചിട്ടുണ്ട്. 14 അംഗങ്ങളുള്ള ഈ

ഉപദേശക സമിതിയിൽ ഇന്ത്യയിലെ വിവിധ മികവുറ്റ കാർഷിക എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞരും സംസ്ഥാന കൃഷി എഞ്ചിനീയറും കാംകോ, കെയ്കോ എന്നീ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരും ഉൾപ്പെടുന്നു. ഈ വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങളുടെയും മാർഗ്ഗരേഖകളുടെയും അടിസ്ഥാനത്തിൽ പൊക്കാളി നെൽകൃഷി കൊയ്യാനുള്ള യന്ത്രത്തിന്റെ രൂപകല്പന നടത്തി ഇത്തരം യന്ത്രങ്ങളുടെ നിർമ്മാണത്തിൽ പ്രാവീണ്യമുള്ള കോട്ടയം കോടിമതയിലെ 'M/s കേളചന്ദ്രാ പ്രിസിഷൻ എഞ്ചിനീയേഴ്സിൽ' ഏൽപ്പിച്ച് നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ തെങ്ങ് കയറ്റത്തിനുള്ള ഒരു നൂതന തെങ്ങുകയറ്റ യന്ത്രത്തിന്റെ രൂപകല്പന ചെയ്ത് നിർമ്മാണവും പരീക്ഷണവും നടത്തികഴിഞ്ഞു. പ്രസ്തുത യന്ത്രത്തിന്റെ സാങ്കേതിക കൈമാറ്റം നടത്താനുള്ള നടപടികൾ ആരംഭിച്ചു.

<u>ശിപാർശ</u>

4401-00-190-97—കേരള സംസ്ഥാന ഹോർട്ടിക്കൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് നിക്ഷേപങ്ങൾ

കേരള സംസ്ഥാന ഹോർട്ടിക്കൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന് മൂലധനം, ഓഹരി, വായ്പകളുള്ള സീഡ്മണി എന്നീ ഇനങ്ങൾക്കായി അനുവദിച്ചിട്ടുള്ള വിഹിതം 10 ലക്ഷം രൂപയാണ്. എന്നാൽ കോർപ്പറേഷൻ പുതിയ മാർക്കറ്റുകൾ ആരംഭിക്കണമെങ്കിൽ ഇൻഫ്രാസ്ട്രക്ച്ചറിനുവേണ്ടിയുള്ള തുക ആവശ്യമാണ്. ആയതിനാൽ പുതിയ മാർക്കറ്റുകൾ ആരംഭിക്കുന്നതിനായി ഈ സാമ്പത്തികവർഷം 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാന സർക്കാരിന്റെ വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ അധികവിഹിതം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ഖണ്ഡിക 17-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സംബന്ധിച്ച് 7-2-2013-ലെ യോഗത്തിലെ സമിതി നിർദ്ദേശവും ആയതിന്മേലുള്ള റിപ്പോർട്ടും (22-4-2014-ലെ യോഗം പരിഗണിച്ചത്) താഴെ ചേർത്തിരിക്കുന്നു:

<u>അധികനിർദ്ദേശം</u>

കെ.എൽ.ഡി.സി. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എത്ര തുകയുള്ള പദ്ധതികളുടെ സൂപ്പർവിഷൻ ചാർജാണ് പ്രസ്തുത സ്ഥാപനത്തിന് അനുവദിച്ചതെന്നത് സംബന്ധിച്ച പൂർണ്ണവിവരങ്ങളടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശം.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ആകെ 8412.13 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതികളിൽ 5754.717 ലക്ഷം രൂപ മാത്രമേ കെ.എൽ.ഡി.സി. ചെലവഴിക്കുകയുണ്ടായുള്ളൂ. പ്രസ്തുത പണികൾക്ക് 575.49 ലക്ഷം രൂപ സൂപ്പർവിഷൻ ചാർജായി ലഭിച്ചിട്ടുണ്ടെന്ന് കെ.എൽ.ഡി.സി. എം.ഡി. അറിയിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു:

| നമ്പർ | പദ്ധതികളുടെ പേര് | ഭരണാനുമതി തുക | ചെലവായ തുക | സൂപ്പർവിഷൻ ചാർജായി ആകെ ലഭിച്ച തുക |
|---|---|---|---|---|
| 1 | 8 ഡ്രെയിനേജ് വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി RIDF-VI 4402-800-99(P) | 918.84 | 715.308 | 30.73<br>40.81 |
| 2 | ഓണാട്ടുകര ഡെവലപ്മെന്റ് പ്രോജക്ട് Phase i RIDF VI 4702-101-91(P) | 1299.54 | 989.67 | 14.73<br>84.26 |
| 3 | ഓണാട്ടുകര ഡെവലപ്മെന്റ് പ്രോജക്ട് Phase II-RIDF VII 402-800-98(P) | 998.15 | 708.40 | 70.84 |
| 4 | ഹൈലവൽ ഫ്ലഡ് ഫ്ലോകനാൽ പ്രോജക്ട് RIDF VIII 4402-800-97(P) | 547.90 | 286.134 | 28.61 |
| 5 | പൊക്കാളി ലാന്റ് ഡെവലപ്പ്മെന്റ് പ്രോജക്ട് Part I & II RIDF X 4402-800-96(P) | 3077.39 | 1909.00 | 190.90 |
| 6 | വൈക്കം കരിലാന്റ് ഡെവലപ്പ്മെന്റ് പ്രോജക്ട് RIDF X 4702-800-94(P) | 1536.26 | 1115.526 | 111.55 |
| 7 | പ്രാന്തൻ പുത്തൻകരി പാടശേഖരം RIDF X 4402-800-95(P) | 34.05 | 30.679 | 3.06 |
| | ആകെ | 8412.13 | 5754.717 | 575.49 |

<u>ശിപാർശ</u>

കാർഷിക സർവ്വകലാശാലയിൽ ശമ്പളം, പ്രോവിഡന്റ് ഫണ്ട്, പെൻഷൻ എന്നിവയുടെ കുടിശ്ശികയായി 100 കോടി രൂപയുടെ ബാദ്ധ്യത നിലവിലുണ്ട് എന്നത് മുൻകാല പദ്ധതിയേതര ഗ്രാന്റിനത്തിൽ വന്നിട്ടുള്ള കുറവ് പരിഗണിച്ചും യു.ജി.സി. സ്കീം നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ശമ്പള വർദ്ധനവ്, ക്ഷാമബത്താ പ്രഖ്യാപനത്തോടനു ബന്ധിച്ചുണ്ടാകുന്ന ബാദ്ധ്യത എന്നിവ കണക്കിലെടുത്തും പദ്ധതിയേതര ഇനത്തിൽ വൺടൈം സെറ്റിൽമെന്റായി 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പദ്ധതിയേതര ഇനത്തിൽ 2010-2011 വർഷം സർക്കാർ അധികമായി തുക അനുവദിക്കുകയുണ്ടായില്ല. ശ്രീ. കെ. ജയകുമാർ, ഐ.എ.എസ്. സമർപ്പിച്ച ഏകാംഗ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 20-4-2012-ലെ ജി.ഒ. (ആർറ്റി.) 2105/2012/കൃഷി പ്രകാരം മൂന്ന് സർവ്വകലാശാലകൾക്കുമായി 10 കോടി രൂപ (KAU-6Cr.KVASU-2Cr.KUFOS-2Cr.) അനുവദിക്കുകയുണ്ടായി.

സബ്ജക്ട് കമ്മിറ്റിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2011-12-ലെ ഒന്നാമത് റിപ്പോർട്ടിൽ സർവ്വകലാശാലയുടെ 31-3-2011 വരെയുള്ള ബാദ്ധ്യത തീർക്കുന്നതിനായി ഒറ്റത്തവണ ഗ്രാന്റായി 190 കോടി രൂപ അധികമായി വകയിരുത്തണമെന്ന സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ബജറ്റ് ഭേദഗതിക്കായി ഫയൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും കാർഷിക സർവ്വകലാശാലയുടെ ബജറ്റ് വിഹിതത്തിൽ തൽക്കാലം മാറ്റമൊന്നും ഇല്ല എന്ന് ടി വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി.

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

<u>ശിപാർശ</u>

2401-00-104-86—<u>ഫാം സെക്ടറുകൾക്കുവേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി</u>

(01)—<u>കടാശ്വാസ കമ്മീഷൻ</u>

കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള കടാശ്വാസ വിതരണത്തിനും കമ്മീഷന്റെ പ്രവർത്തന ചെലവുകൾക്കുമായി 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള അന്തിമ ഉത്തരവുകളിൽ ശിപാർശ ചെയ്തിട്ടുള്ള കടാശ്വാസം അനുവദിക്കുന്നതിനായി 2011-12-ലെ ഉപധനാഭ്യർത്ഥനയിൽ '2401-00-104-86(01)നോൺ പ്ലാൻ' ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കുകയും ആയത് വിതരണം ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2401-00-108-36—<u>അടയ്ക്കാ കർഷകർക്കുള്ള പ്രത്യേക പദ്ധതി</u>

2010-11 വർഷം കാസറഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കായി സംസ്ഥാന സർക്കാർ ഒരു പദ്ധതിക്ക് അനുമതി നൽകുകയുണ്ടായി. എന്നാൽ ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം ഇത് നടപ്പിലാക്കാനായില്ല. കാസറഗോഡ് ജില്ലയിലെ കവുങ്ങ് കർഷകരെ സഹായിക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2010-11 സാമ്പത്തികവർഷം കാസറഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കായി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതി സാമ്പത്തിക പ്രശ്നംമൂലം നടപ്പിലാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ആയത് നടപ്പിലാക്കുന്നതിന് 10 കോടി രൂപ അനുവദിക്കണമെന്നാണ് കമ്മിറ്റി ശിപാർശ ചെയ്തിരുന്നത്. എന്നാൽ പ്രസ്തുത തുക ലഭിക്കുന്നതിനായി ഉപധനാഭ്യർത്ഥന പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും തുക ലഭ്യമായില്ല.

<u>ശിപാർശ</u>

2401-00-110-99—<u>വിള ഇൻഷ്വറൻസ്</u>

സംസ്ഥാനത്തെ 25 പ്രധാനവിളകൾക്കുവേണ്ടി 1995 മുതൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി നിലവിൽ വരികയും അംഗങ്ങളായ കർഷകരിൽ നിന്ന് രജിസ്ട്രേഷൻ ഫീസ്, പ്രീമിയം എന്നീ ഇനങ്ങളിൽ ലഭ്യമാകുന്ന തുകയും സർക്കാർ വിഹിതവും സ്വരൂപിച്ചാണ് വിള ഇൻഷ്വറൻസ് ഫണ്ട് രൂപീകരിക്കുന്നത്. ഇൻഷ്വറൻസ് പദ്ധതി സുസ്ഥിരമാക്കുന്നതിന്റെ ഭാഗമായി നടന്നുകൊണ്ടിരിക്കുന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകിച്ചും ചെറുകിട കർഷകർക്ക് നഷ്ടം നികത്താൻ കഴിയത്തക്ക

വിധത്തിൽ ഇൻഷ്വറൻസ് പുനഃക്രമീകരിക്കുന്നതാണ്. സംസ്ഥാന ഇൻഷ്വറൻസ് പദ്ധതിയുടെ കോർപ്പസ് ഫണ്ടിന്റെ സംസ്ഥാന വിഹിതമാണ് ഈ തുക ഇതിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിള ഇൻഷ്വറൻസ് പദ്ധതിക്കായി 2011-12 വർഷം അനുവദിച്ച 100 ലക്ഷം രൂപ ഇൻഷ്വറൻസ് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. മുൻ വർഷങ്ങളിൽ ഈ പദ്ധതിക്കായി നീക്കിവച്ചിരുന്ന സംസ്ഥാനവിഹിതവും ഈ ഫണ്ടിൽ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. 2011-12 വർഷം ഈ പദ്ധതിയുടെ നടത്തിപ്പിനായി അധിക തുക വേണ്ടിവരാതിരുന്നതിനാൽ പ്രസ്തുത കണക്ക് ശീർഷകത്തിൽ അധിക ഫണ്ടിന്റെ ആവശ്യം വന്നില്ല.

<u>ശിപാർശ</u>

2401-00-110-94—<u>കാലാവസ്ഥ അടിസ്ഥാന ഇൻഷ്വറൻസ്</u>

2008-09-ൽ സംസ്ഥാനത്ത് കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള ഇൻഷ്വറൻസ് പൈലറ്റ് പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. നെല്ല്, കശുമാവ്, മാവ് എന്നീ വിളകൾക്കാണ് പദ്ധതി ഏർപ്പെടുത്തിയത്. 2009-10-ൽ ഇത് കുരുമുളകിനുകൂടി വ്യാപിപ്പിച്ചു. ഈ പദ്ധതിയുടെ തുടർനടത്തിപ്പിനായിട്ടാണ് 2011-12-ൽ 25 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമാകയാൽ അധികമായി 25 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കാലാവസ്ഥാ അടിസ്ഥാന ഇൻഷ്വറൻസ് പദ്ധതിക്ക് 2011-12 വർഷം റീ അപ്രോപ്രിയേഷൻ മുഖാന്തിരം 75 ലക്ഷം രൂപ അധികം അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2401-00-110-92—<u>നെൽകൃഷിവിള ഇൻഷ്വറൻസ്</u>

സംസ്ഥാനത്ത് അനുഭവപ്പെടുന്ന കാലാവസ്ഥാ വ്യതിയാനം നെൽക്കൃഷിയെ സാരമായി ബാധിച്ചിരിക്കുന്നു. നെല്ലുവിള ഇൻഷ്വറൻസിനായി വകയിരുത്തിയിരിക്കുന്ന 400 ലക്ഷം രൂപ അപര്യാപ്തമാകയാൽ അധികമായി 100 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

നെൽകൃഷി ഇൻഷ്വറൻസിനായി അനുവദിച്ച 400 ലക്ഷം രൂപ ഇൻഷ്വറൻസ് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. മുൻ വർഷങ്ങളിൽ ഈ പദ്ധതിക്കായി നീക്കിവച്ചിരുന്ന സംസ്ഥാനവിഹിതവും ഈ ഫണ്ടിൽ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. 2011-12 വർഷം ഈ പദ്ധതിയുടെ നടത്തിപ്പിനായി അധികതുക വേണ്ടിവരാതിരുന്നതിനാൽ പ്രസ്തുത കണക്ക് ശീർഷകത്തിൽ അധിക ഫണ്ട് ആവശ്യമായി വന്നില്ല

ശിപാർശ

2401-00-113-86—കാർഷികസേവന കേന്ദ്രങ്ങൾ

കർഷകർക്ക് ആവശ്യമുള്ള ഉൽപ്പാദന ഉപാധികളായ വിത്ത്, വളം, കീടനാശിനി, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവയും കാർഷികവൃദ്ധി മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലഭ്യമായ അത്യന്താധുനിക സൗകര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ യഥാസമയം കർഷകരിലെത്തിക്കുക എന്ന ലക്ഷ്യവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് കാർഷികസേവന കേന്ദ്രം. പ്രസ്തുത സേവന കേന്ദ്രങ്ങൾ കൃഷിഭവനുകൾക്ക് വിജ്ഞാന വ്യാപനപ്രവർത്തനത്തിൽ വേണ്ട സഹകരണം ലഭ്യമാക്കുന്നതാണ്. പ്രസ്തുത ആവശ്യത്തിനായി 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

2011-12 സാമ്പത്തികവർഷം 2401-00-800-37 പ്ലാൻ (രാഷ്ട്രീയ കൃഷി വികാസ് യോജന) ശീർഷകത്തിൽ കാർഷിക സേവന കേന്ദ്രത്തിന്റെ ശാക്തീകരണത്തിനും അതുവഴി വിജ്ഞാന വ്യാപനത്തിനുമായി അനുവദിച്ച 10 ലക്ഷം രൂപ കടപ്പനക്കുന്ന് കാർഷിക കർമ്മസേന ശക്തിപ്പെടുത്തുന്നതിന് അനുവദിച്ചിരുന്നു. ആയതിനാൽ 2401-00-113-86 പ്ലാൻ ശീർഷകത്തിൽ വീണ്ടും കാർഷിക സേവന കേന്ദ്രങ്ങൾക്കായി 10 ലക്ഷം രൂപ കൂടി ആവശ്യപ്പെട്ടിരുന്നില്ല. ആയതിനാൽ അധിക തുകയൊന്നും വകയിരുത്തിയില്ല.

ശിപാർശ

2401-00-119-86—സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ

പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഔഷധവിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ, പൂക്കൾ, കശുവണ്ടി,കൊക്കോ എന്നീ വിളകൾ കൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ പ്രാദേശിക

അടിസ്ഥാനത്തിൽ അവയുടെ വികസനത്തിനായി പ്രോജക്ടുകൾ തയ്യാറാക്കി ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്ര വികസനം പ്രോൽസാഹിപ്പിക്കുന്നതിന് 2005-06 സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നിലവിൽ വന്നു. പത്താം പദ്ധതിയിൽ ഇതൊരു 100% കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നു. എന്നാൽ പതിനൊന്നാം പദ്ധതിയിൽ കേന്ദ്ര സഹായം 85:15 എന്ന അനുപാതത്തിൽ മാറ്റിയിട്ടുണ്ട്. ഗവേഷണം, സാങ്കേതിക വിദ്യാപ്രചരണം, വിജ്ഞാനവ്യാപനം, ജലവിഭവങ്ങളുടെ പുനരുദ്ധാരണം, പോസ്റ്റ്ഹാർവസ്റ്റ് മാനേജ്മെന്റ്, ഉൽപ്പാദനവും കമ്പോളവും എന്നീ ഘടകങ്ങളെ ഈ പദ്ധതിയിൽ സംയോജിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി അധികമായി 845 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2011-12-ൽ 2401-00-119-86—പ്ലാൻ ശീർഷകത്തിൽ 1100 ലക്ഷം രൂപയ്ക്ക് പുറമെ 673.24 ലക്ഷം രൂപ കൂടി അനുവദിച്ചു. ഇപ്രകാരം 1773.24 ലക്ഷം രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2401-00-119-85—<u>കൃഷി വകുപ്പുമുഖേനയുള്ള പച്ചക്കറി വികസനം</u>

സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം ആവശ്യകത പരിഹരിക്കുന്നതിന് പര്യാപ്തമല്ല. വി.എഫ്.പി.സി.കെ.യും സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായ സമീപനത്തോടെ കൃഷി വകുപ്പുവഴി പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനുവേണ്ടി കൃഷി വകുപ്പ് 2008-09-ൽ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ പച്ചക്കറി വികസനം എന്ന വിപുലമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തെരെഞ്ഞെടുത്ത ഗ്രാമങ്ങളിൽ പച്ചക്കറി കൃഷി വികസിപ്പിക്കൽ (1735 ഹെക്ടർ), 500 സ്കൂളുകളിൽ പച്ചക്കറി തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കൽ, 125 സ്കൂളുകളിൽ ജലസേചന സൗകര്യം ഏർപ്പെടുത്തൽ, പ്രോജക്ട് അടിസ്ഥാനത്തിൽ നടത്തുന്ന പച്ചക്കറി കൃഷി പ്രോത്സാഹനം (25 ലക്ഷം രൂപ), പച്ചക്കറി വിത്ത് വിതരണം, റെസിഡൻസ് അസോസിയേഷൻ, മറ്റു സന്നദ്ധ സംഘടനകൾ തുടങ്ങിയവ മുഖേന പച്ചക്കറി കൃഷി വികസനം, കർഷകർക്ക് ബ്ലോക്കുതല പരിശീലനം (151 എണ്ണം) എന്നീ ഘടകങ്ങളോടുകൂടി പ്രസ്തുത പദ്ധതി 2011-12 വർഷത്തിൽ തുടർന്നുനടപ്പിലാക്കുന്നതാണ്. ഈ പദ്ധതിക്കായി വകയിരുത്തിയ തുക അപര്യാപ്തമാകയാൽ അധികമായി 250 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സർക്കാർ സ്വീകരിച്ച നടപടി

2011-12 വർഷത്തിൽ പച്ചക്കറി കൃഷിക്ക് (വിത്ത് മിനികിറ്റ് വിതരണം) അധികമായി 250 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് 2401-00-102-82 ശീർഷകത്തിൽ (ഭക്ഷ്യ സുരക്ഷാ പദ്ധതി) തുക അനുവദിച്ച് വിനിയോഗിച്ചിട്ടുണ്ട്. ആയതിനാൽ 2401-00-119-85 ശീർഷകത്തിൽ അധിക തുക ആവശ്യപ്പെടേണ്ട സാഹചര്യം സംജാതമായില്ല.

ശിപാർശ

4402-00-800-93—തീരദേശ സവിശേഷതകളുടെ അടിസ്ഥാനസൗകര്യ വികസനത്തിലൂടെ ഭൂസംരക്ഷണവും ഉപ്പുരസനിയന്ത്രണവും—ഗ്രാമീണ അടിസ്ഥാന വികസനഫണ്ട്—നബാർഡ് സഹായ പദ്ധതി

ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ അടങ്കൽ തുക 196 ലക്ഷം രൂപയാണ്. 82 ശതമാനം പണികൾ പൂർത്തീകരിക്കുകയും 146.507 ലക്ഷം രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തു. ഈ പദ്ധതിക്കായി കോർപ്പറേഷന് ആകെ ലഭിച്ചത് 125.98 ലക്ഷം രൂപയാണ്. 2011-12 ബഡ്ജറ്റിൽ ഈ പദ്ധതിക്ക് തുക ആവശ്യപ്പെട്ടിരുന്നെങ്കിലും തുക ഒന്നുംതന്നെ അനുവദിച്ചിട്ടില്ലാത്തതിനാൽ 35.15 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

RIDF XII-ൽ ഉൾപ്പെട്ട പ്രസ്തുത പണി പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഇതുവരെയും നൽകിയിട്ടില്ല. 2011-12 സാമ്പത്തികവർഷത്തിൽ ടി കംപ്ലീഷൻ റിപ്പോർട്ട് നൽകാത്തതിനാൽ തുക അനുവദിച്ചുനൽകാനായിട്ടില്ല. സൂപ്പർവിഷൻ ചാർജ്ജും സ്റ്റേറ്റ് ഷെയറും കഴിച്ച് 13.54 ലക്ഷം രൂപ കെ.എൽ.ഡി.സി.ക്ക് അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4402-00-800-89—പഴങ്ങാട്ട് വടക്കേതെക്കേ ചാൽ പുനരുദ്ധാരണം

ഭരണാനുമതി ലഭിച്ച പഴങ്ങാട്ട് വടക്കേതെക്കേ ചാൽ പദ്ധതിയുടെ അടങ്കൽ തുക 89.21 ലക്ഷം രൂപയാണ്. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുകയും 82.921 ലക്ഷം രൂപ ഈ പദ്ധതിക്കായി ഇതുവരെ ചെലവഴിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ഫൈനൽ ബിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഈ പദ്ധതിക്കായി 2010-11-ൽ SDG വഴി ആകെ 50 ലക്ഷം രൂപയാണ് കോർപ്പറേഷന് അനുവദിച്ചത്. 2011-12 ബഡ്ജറ്റിൽ ഈ പദ്ധതിക്ക് തുക ആവശ്യപ്പെട്ടിരുന്നെങ്കിലും അനുവദിച്ചിട്ടില്ല. ആയതിനാൽ

46 ലക്ഷം രൂപ സൂപ്പർവിഷൻ ചാർജ് ഉൾപ്പെടെയുള്ള ചെലവിനായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതിക്കായി സ്റ്റേറ്റ്ഷെയർ ഉൾപ്പെടെ 38.41 ലക്ഷം രൂപ കെ.എൽ.ഡി.സി.-ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

ഖണ്ഡിക 39, 40 എന്നിവയിലെ ശിപാർശകളിന്മേൽ 23-5-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരവും ആയതിനുള്ള മറുപടിയും ചുവടെ ചേർത്തിരിക്കുന്നു (31-3-2015-ലെ യോഗത്തിൽ പരിഗണിച്ചത്):

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

പ്രസ്തുത മറുപടി ലഭ്യമാക്കിയതിനുശേഷം അനുവദിക്കപ്പെട്ട തുകയുടെ വിവരവും ആയത് ചെലവഴിച്ചതുസംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(ഖണ്ഡിക 39, 40)

<u>സർക്കാർ ലഭ്യമാക്കിയ അധികവിവരം</u>

**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്**

2009-10 സാമ്പത്തിക വർഷം—38 ലക്ഷം രൂപ

2010-2011 സാമ്പത്തിക വർഷം—75 ലക്ഷം രൂപ

2011-12 സാമ്പത്തിക വർഷം—50 ലക്ഷം രൂപ

2013-2014 സാമ്പത്തിക വർഷം—27 ലക്ഷം രൂപ

ആകെ—190 ലക്ഷം രൂപ അനുവദിച്ചു.

ഈ തുക ഉപയോഗിച്ച് എം.പി.ഐ. താഴെപ്പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചു:

1. ശാസ്ത്രീയമായി മൃഗങ്ങളെ കൊല്ലുന്നതിന് ക്യാപ്റ്റീവ് ബോൾട്ട് പിസ്റ്റൾ വാങ്ങി.

2. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി മീറ്റ് സ്ളൈസർ വാങ്ങി.

3. പന്നിയെ രണ്ടായി വിഭജിക്കുന്നതിന് സ്പ്ളിറ്റിംഗ് സോ വാങ്ങി.

4. ഉൽപ്പന്നങ്ങൾ കട്ട് ചെയ്യുന്നതിനും അവയെ നീക്കം ചെയ്യുന്നതിനും സ്റ്റീൽ മേശകളും ട്രോളികളും വീൽബാരോയും വാങ്ങി.

5. മാംസം പൊടിയാക്കുന്നതിന് മീറ്റ് മിൻസർ വാങ്ങി.

6. പ്രതിദിനം 4 ടൺ കോഴിയെ സംസ്കരിക്കുന്നതിന് ഒരു ആധുനിക പ്ലാന്റും ബോയിലറും സ്ഥാപിച്ചു.

7. ഉൽപ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് 20 ടൺ ശേഷിയുള്ള ഒരു ശീതികരണി നിർമ്മിച്ചു.

8. മാംസത്തിന്റെ ഗുണനിലവാരം ഉറപ്പിക്കുന്നതിനായി ഒരു ആധുനിക ലബോറട്ടറി സ്ഥാപിച്ചു.

9. കമ്പ്യൂട്ടർവൽക്കരണം നടത്തി.

ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി, വയനാട്, നബാർഡ് RIDF വായ്പയായി 9.99990 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഈ തുക ഉപയോഗിച്ച് താഴെപ്പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചു.

| | | |
|---|---|---|
| 1 | സ്ഥലവും സ്ഥലവികസന പ്രവർത്തനങ്ങളും | 750340 |
| 2 | കെട്ടിടവും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും | 32998844 |
| 3 | മെഷിനറിയും സാധന സമഗ്രികളും | 18474679 |
| 4 | റഫ്രിജറേഷൻ പ്ലാന്റും മെഷിനറികളും | 3586802 |
| 5 | റീ റെന്ററിംഗ് പ്ലാന്റ് | 8342500 |
| 6 | എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് ആന്റ് ബയോഗ്യാസ് | 2313000 |
| 7 | പൗൾട്ടി ഡ്രസ്സിംഗ് ആന്റ് പ്രോസസ്സിംഗ് ഹാൾ | 3160000 |
| 8 | വൈദ്യുതീകരണം—പ്ലംബിംഗ്, ജലവിതരണം | 8131412 |
| 9 | പ്രീ ഓപ്പറേറ്റീവ് എക്സ്പെൻസസ് | 10208184 |
| 10 | ലൈസൻസും റഫ്രിജറേഷനും | 2183727 |
| 11 | വിവിധ സ്ഥിര ആസ്തികൾ | 2148937 |
| 12 | ശീതീകരണ വാഹനങ്ങൾ | 4204724 |
| 13 | വിപണനവും വിപണനോപാധികളും | 105000 |
| 14 | പ്രവർത്തന മൂലധനം | 687825 |
| 15 | റിട്ടോർട്ട് പ്രോസസ്സിംഗ് പ്ലാന്റും ഉപകരണങ്ങളും | 2703026 |
| | ആകെ | 99999000 |

ഖണ്ഡിക 67-ലെ മേൽ ശിപാർശയിന്മേൽ 23-5-2012-ലെ യോഗത്തിലെ സമിതി നിർദ്ദേശവും ആയതിന്മേലുള്ള റിപ്പോർട്ടും ചുവടെ ചേർത്തിരിക്കുന്നു (31-3-2015-ലെ യോഗത്തിൽ പരിഗണിച്ചത്):

സമിതിയുടെ അധിക നിർദ്ദേശം

അന്ധകാരനഴിയുടെ വടക്കുഭാഗത്തെ പാലം നിർമ്മാണ പ്രവൃത്തികൾ ഫണ്ടില്ലാത്തതു കാരണം നിർത്തിവച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സർക്കാർ സ്വീകരിച്ച നടപടി

ആലപ്പുഴ അന്ധകാരനഴിയുടെ വടക്കുഭാഗത്തെ പാലം നിർമ്മാണ പ്രവൃത്തിക്ക് 2013-14, 2014-15 സാമ്പത്തികവർഷങ്ങളിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. ടി പ്രവൃത്തിക്ക് 50 ലക്ഷം രൂപ അനുവദിക്കുന്നതിന് 2014-15 സാമ്പത്തികവർഷത്തിലെ ഉപധനാഭ്യർത്ഥനയിൽ ശിപാർശ നൽകിയിട്ടുണ്ടെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ശിപാർശ

2401-00-800-61(13)—വാട്ടർഷെഡ് വികസനം (എൻ.ഡബ്ല്യു.ഡി.പി.ആർ.എ.)

മഴയെ ആശ്രയിച്ച് കൃഷി നടത്തപ്പെടുന്ന പ്രദേശങ്ങളുടെ സമഗ്രവും സ്ഥായിയുമായ വികസനം ലക്ഷ്യമിടുന്ന ഒരു കേന്ദ്രാവിഷ്കൃത വാട്ടർഷെഡ് വികസന പദ്ധതിയാണിത്. ഇതിനായി 2012-13 വർഷം 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയിൻകീഴിൽ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് വേണ്ടി 495 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ എന്ന സംസ്ഥാന പദ്ധതിക്കായി അധികവിഹിതം അനുവദിക്കുന്നതിനാവശ്യമായ അധിക വിഭവശേഷി ഇല്ലാത്ത സാഹചര്യത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉണ്ടായേക്കാവുന്ന സേവിംഗ്സ് മുന്നിൽ കണ്ടുകൊണ്ട് 2402-00-102-87 മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതിക്ക് 20 ലക്ഷം രൂപ പുനഃക്രമീകരണം നടത്താൻ തീരുമാനിച്ചിരുന്നു. എന്നാൽ,

2402-00-102-86 ശീർഷകത്തിലെ തുക മുഴുവനും വിനിയോഗിച്ച സാഹചര്യത്തിൽ പുനഃക്രമീകരണം സാധ്യമല്ല. കൂടാതെ 2012-13 സാമ്പത്തികവർഷം കഴിഞ്ഞതിനാൽ ധനപുനർവിനിയോഗ നിർദ്ദേശം പരിഗണിക്കേണ്ടതില്ല എന്ന് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയതിനാൽ നടപ്പുസാമ്പത്തിക വർഷം കഴിഞ്ഞതിനാലും ധനപുനർവിനിയോഗ നിർദ്ദേശം പരിഗണിക്കേണ്ടതില്ല എന്ന് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വിഭാഗം ഡയറക്ടർ അറിയിച്ചിട്ടുള്ളതിനാലും ടി നിർദ്ദേശങ്ങൾ പരിഗണിക്കുവാൻ കഴിഞ്ഞില്ല. നടപ്പ് സാമ്പത്തികവർഷം പദ്ധതി നിർവഹണത്തിനായി 78 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2402-00-102-87—മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ

ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം സംസ്ഥാനത്തെ കൃഷിനാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് തുക വകകൊള്ളിച്ചിരിക്കുന്നത്. ഈ പദ്ധതിക്കായി നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ച തുകയായ 35 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി ഈ പദ്ധതിക്കായി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

## സർക്കാർ സ്വീകരിച്ച നടപടി

2012-13 സാമ്പത്തികവർഷം മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ സംരക്ഷണത്തിനായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന വിഷയനിർണ്ണയ സമിതി ശിപാർശ പ്രകാരം കൃഷി വകുപ്പിൽ നിന്ന് 2402-00-102-87—പദ്ധതി ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കുവാൻ ഗവൺമെന്റിനോട് അപേക്ഷിച്ചിരുന്നു. ഇതിന്മേൽ മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി അധികവിഹിതം അനുവദിക്കുവാൻ വേണ്ട അധികവിഭവശേഷി ലഭ്യമല്ലാത്ത സാഹചര്യത്തിൽ നിലവിലുള്ള പദ്ധതിവിഹിതങ്ങളുടെ പുനഃക്രമീകരണത്തിലൂടെ അധികതുക കണ്ടെത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുവാൻ സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ അധികവിഹിതം പുനഃക്രമീകരണം നടത്തുവാൻ വകുപ്പിന്റെ ഒരു ശീർഷകത്തിലും തുക ലഭ്യമല്ലാതിരുന്നതിനാൽ വകുപ്പിന് പുനഃക്രമീകരണം 2012-13 വർഷം നടത്തുവാൻ സാധിച്ചില്ല. എന്നാൽ നടപ്പുസാമ്പത്തിക വർഷം (2013-14) ഈ പദ്ധതിക്ക് 2402-00-102-87 പദ്ധതി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 78 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് വിനിയോഗിച്ച് മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

ശിപാർശ

2415-01-277-99-36—കേരള കാർഷിക സർവ്വകലാശാലാ സഹായധനം (ശമ്പളേതരം)

ഈ ശീർഷകത്തിൽ 3500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

കേരള കാർഷിക സർവ്വകലാശാലാ സഹായധനം (ശമ്പളേതരം) '2415-01-277-99-36—പ്ലാൻ' എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 2012-13 വർഷത്തെ ബജറ്റ് വിഹിതം വർദ്ധിപ്പിക്കുകയുണ്ടായില്ല. ബജറ്റ് വിഹിതമായ 10 കോടി രൂപ ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2415-01-277-99-31—കേരള കാർഷിക സർവ്വകലാശാലാ സഹായധനം

കേരള കാർഷിക സർവ്വകലാശാലയുടെ 2012 മാർച്ച് വരെയുള്ള ബാധ്യതകൾ തീർക്കുന്നതിനായി ഒറ്റത്തവണ ഗ്രാന്റായി 19620 ലക്ഷം രൂപയും 2012-13-ലെ തനതു ചെലവുകൾക്ക് ഗ്രാന്റായി 17605 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 37225 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

2012-13-ൽ N.P.Grant-ൽ വകയിരുത്തിയിരുന്ന 145.02 കോടി രൂപയ്ക്കു് ഉപരിയായി 6 കോടി രൂപ 27-3-2013-ലെ G.O. (Rt.)552/13/AD പ്രകാരം നൽകിയിട്ടുണ്ട്.

ശിപാർശ

2415-03-277-99-31—കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി സഹായം—ശമ്പളം

യൂണിവേഴ്സിറ്റിക്ക് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതമായ 37.26 കോടി രൂപയ്ക്കു പുറമേ 21.60 കോടി രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

"2415-03-277-99-31" ബജറ്റ് ശീർഷകത്തിൽ അധികമായി അനുവദിക്കുവാൻ വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്ത 21.60 കോടി രൂപ 2012-13 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് അനുവദിച്ചുനൽകുവാൻ കഴിഞ്ഞില്ല

<u>ശിപാർശ</u>

ചേർത്തല താലൂക്കിലെ നെൽകൃഷി ചെയ്ത് വന്നിരുന്ന കരനെൽപ്പാടങ്ങൾ നിലവിൽ തരിശായി കിടക്കുകയാണ്. പ്രസ്തുത പാടങ്ങളിൽ വീണ്ടും നെൽകൃഷി ഇറക്കുന്നതിനും ഇടവേളകളിൽ ചെയ്തുവരുന്ന പച്ചക്കറികൃഷി വിളവുല്പന്നങ്ങൾ സംഭരിക്കുന്നതിനും കേടുകൂടാതെ സൂക്ഷിക്കുന്നതിനുമുള്ള കോൾഡ് സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ചേർത്തല താലൂക്കിൽ ചേർത്തല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അധികാരപരിധിയിൽ ഏകദേശം 450 ഹെക്ടറോളം നെൽപാടങ്ങൾ ഉണ്ടെങ്കിലും പകുതിയിലധികവും തരിശായി കിടക്കുകയാണ്. കൃഷി വകുപ്പിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും പദ്ധതികൾ സംയോജിപ്പിച്ച് ഈ വർഷം 40 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കിയിട്ടുണ്ട്. വിവിധ കാരണങ്ങളാൽ പൂർണ്ണമായി കൃഷി ഇറക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ നവംബർ മാസം മുതൽ ഈ പാടങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുക പതിവാണ്. ആദ്യം കൃഷിയിറക്കിയ പാടങ്ങളിൽ ജനുവരി മുതൽ വിളവെടുപ്പ് തുടങ്ങും. ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ പച്ചക്കറി ഉല്പാദനം വളരെ കൂടുകയും വില തീരെ കുറയുകയും കർഷകർ കച്ചവടക്കാരുടെ ചൂഷണത്തിന് ഇരയാകുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്. എന്നാൽ പച്ചക്കറി കേടുകൂടാതെ സൂക്ഷിക്കാനുള്ള കോൾഡ് സ്റ്റോറേജ് സംവിധാനം ഉണ്ടെങ്കിൽ കർഷകർക്ക് ന്യായമായ വില ലഭിക്കും. ഈ സംവിധാനം ഏറ്റെടുത്ത് നടത്തുവാൻ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാണെന്നും അതിനുള്ള സൗകര്യം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ചെയ്യുവാൻ തയ്യാറാണെന്നും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറെ അറിയിച്ചിട്ടുണ്ട്. പച്ചക്കറിയുടെ ഏകദേശം ലഭ്യത കണക്കാക്കി ബ്ലോക്കിൽ ലഭ്യമായ സ്ഥലസൗകര്യത്തിന് അനുയോജ്യമായ രീതിയിൽ ഒരു കോൾഡ് സ്റ്റോറേജ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ആലപ്പുഴയുടെ എസ്റ്റിമേറ്റ് പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.

# കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

റിപ്പോർട്ട് കാലയളവിലെ 22-4-2014, 1-7-2014 തീയതികളിൽ സമിതി പരിഗണിച്ച ഖണ്ഡിക 2, 3, 13, 17 മുതൽ 23 വരെ, 27, 29, 30, 33, 40 മുതൽ 127 വരെ എന്നിവയിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരം സമിതിയുടെ 2014 ജൂലൈ 14-ാം തീയതി സഭയിൽ സമർപ്പിച്ച 2013-14 വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ [ചട്ടം 236(5)] ഉൾപ്പെടുത്തിയിട്ടുണ്ട്.

## ശിപാർശ

**2401-00-102-84—ഉത്പാദന വർദ്ധനവിനായി നെൽകൃഷിക്കാർക്കുള്ള പ്രോത്സാഹന സഹായം**

ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിൽ പങ്കാളികളാകുന്ന നെൽകൃഷിക്കാർക്ക് ഒരു സീസണിൽ ഒരു ഹെക്ടർ സ്ഥലത്തേക്ക് 1,000 രൂപ ഉല്പാദന പ്രോത്സാഹന സഹായം നൽകുന്നതിനുള്ള പരിപാടിയാണിത്. ഇപ്രകാരം വർഷത്തിൽ മൂന്ന് തവണ കൃഷിയിറക്കുന്ന കർഷകന് ഹെക്ടറിന് 3,000 രൂപ ലഭിക്കുന്നതാണ്. ഇതിനായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 869.6 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

## സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2013-14-ൽ ഈ ശീർഷകത്തിൽ അധിക തുക കണ്ടെത്താൻ സാധിച്ചില്ല. എന്നാൽ 2014-15-ൽ ഈ പദ്ധതിക്കായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 2401-00-198-50—ഗ്രാമപഞ്ചായത്ത് | .. | 1203.40 ലക്ഷം രൂപ |
| 2401-00-192-50—മുനിസിപ്പാലിറ്റി | .. | 39.60 ലക്ഷം രൂപ |
| 2401-00-191-50—കോർപ്പറേഷൻ | .. | 0.44 ലക്ഷം രൂപ |
| | | 1243.44 ലക്ഷം രൂപ |

ശിപാർശ

2401-00-108-33—പൈനാപ്പിൾ മിഷൻ

കൈതച്ചക്കയുടെ കയറ്റുമതി സാധ്യത മുന്നിൽക്കണ്ട് കൈതച്ചക്കയുടെ ഉൽപ്പാദനം, സംസ്കരണം, വിപണനം, കയറ്റുമതി എന്നിവ ലക്ഷ്യമിട്ട് സംസ്ഥാനത്ത് ഒരു പൈനാപ്പിൾ മിഷൻ പദ്ധതിക്ക് 2012-13-ൽ തുടക്കം കുറിച്ചിട്ടുണ്ടെങ്കിലും 2013-14-ലെ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

20-5-2013-ലെ 168/2013/കൃഷി നമ്പർ സർക്കാർ ഉത്തരവ് (കയ്യെ.) പ്രകാരം പൈനാപ്പിൾ മിഷന് 2013-14 സാമ്പത്തികവർഷം ഒറ്റത്തവണ ധനസഹായമായി 100 ലക്ഷം രൂപ 2435-01-800-94 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2401-00-115-99—ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതിനൽകുന്ന പദ്ധതി

ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതിപ്രകാരം വൈദ്യുതി ചാർജിനായി ഒരു വർഷം 35 കോടി രൂപ ആവശ്യമുള്ളതിനാൽ ഈയിനത്തിൽ അധികമായി 600 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

2013-14 വർഷം ഈ ശീർഷകത്തിൽ അധിക തുക കണ്ടെത്താൻ സാധിച്ചില്ല. എന്നാൽ 2014-15-ൽ ഈ പദ്ധതിക്കായി 3279 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

2402-00-102-87—മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ

ഉരുൾപൊട്ടൽ മണ്ണിടിച്ചിൽ എന്നിവമൂലം കൃഷി നാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് ഈ തുക

വകയിരുത്തിയിരിക്കുന്നത്. ഇടുക്കി, വയനാട് ജില്ലകളിലെ 70 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

ശിപാർശ

മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പാടശേഖര സമിതികൾക്കും വ്യക്തികൾക്കും ആനുകൂല്യങ്ങൾ നൽകുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക നമ്പർ 12, 37)

മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ സംരക്ഷണത്തിനായി 2402-00-102-87—പദ്ധതി എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപയും, പാടശേഖര സമിതികൾ/വ്യക്തിഗത നിവേദനങ്ങൾ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി പുതിയ ശീർഷകത്തിൽ 500 ലക്ഷം രൂപയും അധികമായി അനുവദിക്കാൻ 2013-14-ലെ രണ്ടാംഘട്ട എസ്.ഡി.ജി. പ്രൊപ്പോസലുകൾ സർക്കാരിൽ ഫിനാൻസ് ബഡ്ജറ്റ് വിഭാഗത്തിൽ സമർപ്പിച്ചിരുന്നു.

എന്നാൽ ടി വർഷം ഈ രണ്ട് ശീർഷകങ്ങളിലും അധികമായി തുകയൊന്നും എസ്.ഡി.ജി. പ്രകാരം വകയിരുത്തിയിരുന്നില്ല. ആയതിനാൽ ടി വർഷം വിഷയനിർണ്ണയ സമിതി ശിപാർശകൾ പ്രകാരം അധികമായി സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനും കഴിഞ്ഞില്ല.

2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ സംരക്ഷണത്തിനായി 2402-00-102-87—പദ്ധതി ശീർഷകത്തിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് മണ്ണിടിച്ചിൽ മേഖലകളിലെ സംരക്ഷണത്തിന് 2014-15 വർഷത്തേക്ക് പര്യാപ്തമാണ്. പക്ഷേ പാടശേഖര സമിതികളുടെ അപേക്ഷകൾ/വ്യക്തിഗത നിവേദനങ്ങൾ മുതലായവ പരിഗണിക്കുന്നതിന് പ്രത്യേക ശീർഷകമോ, തുകയോ ഈ വർഷത്തെ ബഡ്ജറ്റിലും ഉൾപ്പെടുത്തിയിട്ടില്ല.

ഖണ്ഡിക 13-ലെ ശിപാർശയിന്മേൽ 22-4-2014-ലെ യോഗത്തിലെ സമിതി നിർദ്ദേശവും ആയതിന്മേലുള്ള റിപ്പോർട്ടും ചുവടെ ചേർത്തിരിക്കുന്നു (31-3-2015-ലെ യോഗത്തിൽ പരിഗണിച്ചത്):

## സമിതിയുടെ അധിക നിർദ്ദേശം

നീർമറി പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ മണ്ണുജല സംരക്ഷണം പദ്ധതിക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 20 കോടി രൂപ പൂർണ്ണമായും ചെലവഴിക്കാത്തതിനാലാണ് അധികമായി ആവശ്യപ്പെട്ട പത്തുകോടി രൂപ ലഭിക്കാത്തതെന്ന് അഭിപ്രായപ്പെട്ട സമിതി തുക ചെലവഴിക്കാൻ കഴിയാത്തതിന്റെ കാരണം, പദ്ധതിയുടെ നിലവിലെ സ്ഥിതി, മാർച്ചിനുശേഷം ഈ തുക ചെലവഴിക്കാൻ സ്വീകരിച്ച നടപടികൾ എന്നിവയെ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

## അധിക നിർദ്ദേശത്തിന്മേലുള്ള റിപ്പോർട്ട്

2013-14 സാമ്പത്തികവർഷത്തിൽ 2402-00-102-86 പദ്ധതി ശീർഷകത്തിൽ 20 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. 2013-14-ലെ ശക്തമായ കാലവർഷം കാരണം 3 മാസത്തോളം പദ്ധതി പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് പുരോഗമിച്ചത്. സാമ്പത്തിക വർഷാന്ത്യത്തിന് 3 മാസങ്ങൾ മാത്രം അവശേഷിക്കുകയും ബഡ്ജറ്റിലനുവദിച്ച 8.5 കോടി രൂപയോളം ചെലവഴിക്കാനായി ബാക്കി നിൽക്കുകയും ചെയ്ത സാഹചര്യത്തിലാണ് വിഷയനിർണ്ണയ സമിതി ശിപാർശ പ്രകാരം 10 കോടി രൂപ കൂടി അനുവദിച്ചാൽ നടപ്പുസാമ്പത്തികവർഷം തന്നെ വിനിയോഗിക്കുവാൻ സാധിക്കുകയില്ല എന്ന നിഗമനത്തിലാണ് എസ്.ഡി.ജി. ശിപാർശകൾ സമർപ്പിക്കാതിരുന്നത്. ബഡ്ജറ്റ് പ്രകാരമുള്ള 20 കോടിയും 2013-14 സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ചിട്ടുള്ളതാണ്. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നീർമറി പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ മണ്ണുജല സംരക്ഷണ പദ്ധതിക്കായി 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയത് പദ്ധതി പ്രദേശങ്ങളിലെ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 2014-15 വർഷത്തേക്ക് പര്യാപ്തമാണ്. ഈ തുകയിൽ 31-10-2014-ലെ കണക്കുപ്രകാരം 9.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## ശിപാർശ

## 2415-01-277-99-31—കേരള കാർഷിക സർവ്വകലാശാല ധനസഹായം—ശമ്പളം

കേരള കാർഷിക സർവ്വകലാശാല സഹായധനം ശമ്പളം എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക, ശമ്പളം, വേതനം, പ്രതിമാസപെൻഷൻ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കുവേണ്ടിയാണ്. പ്രസ്തുത ആവശ്യങ്ങൾക്കായി 2013-14 സാമ്പത്തികവർഷത്തേക്ക് അധികമായി 2129 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

2415-01-277-99-36—കേരള കാർഷിക സർവ്വകലാശാല ധനസഹായം—ശമ്പളേതരം

കേരള കാർഷിക സർവ്വകലാശാലയ്ക്ക് ഈ ശീർഷകത്തിൽ വകയിരുത്തുന്ന തുകയിൽ കഴിഞ്ഞ വർഷങ്ങളിൽ അനുക്രമം കുറവുവരുത്തിയതും 2013-14-ൽ വിഹിതം തീരെ അനുവദിച്ചിട്ടില്ലെന്നതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഇപ്രകാരം കേരള കാർഷിക സർവ്വകലാശാലയുടെ പദ്ധതി ചെലവുകൾക്ക് തുക അനുവദിക്കാതിരിക്കുന്നത് സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 5600 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

കേരള കാർഷിക സർവ്വകലാശാലയുടെ ഭീമമായ സാമ്പത്തിക ബാധ്യത സർവ്വകലാശാലയുടെ ദൈനംദിനപ്രവർത്തനങ്ങളെയും വൈവിധ്യവൽക്കരണോദ്യമങ്ങളെയും തടസ്സപ്പെടുത്തുന്നുണ്ട്. 2012-13 സാമ്പത്തികവർഷാവസാനത്തെ വിവിധ ഇനങ്ങളിലുള്ള ബാധ്യതകളായ ശമ്പള പരിഷ്കരണ കുടിശ്ശിക, 1986, 1996 എന്നീ വർഷങ്ങളിലെ യു.ജി.സി. കുടിശ്ശിക, പി.എഫ്./ഡബ്ല്യു.പി.എഫ്./എഫ്.ബി.എസ്./ഡബ്ല്യു.എഫ്.എസ്. എന്നിവയിലേക്ക് അടയ്ക്കേണ്ടിയിരുന്ന തുക, ശമ്പളകുടിശ്ശിക, പെൻഷൻ കുടിശ്ശിക, ഡി.എ., പെൻഷൻ ബാധ്യതകൾ എന്നിവയ്ക്ക് മറ്റു ഫണ്ടിൽ നിന്നുപയോഗിച്ചത് തിരിച്ചു നൽകുന്നതിനും ലോക്കൽ ഫണ്ട് ഡിപ്പാർട്ട്മെന്റിന് നൽകേണ്ട ഓഡിറ്റ് ചാർജ് എന്നിവയുമായുള്ള ആകെ ബാധ്യത 243.71 കോടി രൂപയാണ്. ഇപ്രകാരം സാമ്പത്തിക ബാധ്യത നിലനിൽക്കുന്നത് സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് തടസ്സമാകുമെന്നതിനാൽ ഈ ബാധ്യത തീർക്കുന്നതിനായി അടിയന്തരമായി 24371 ലക്ഷം രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക നമ്പർ 14, 15, 16)

കേരള കാർഷിക സർവ്വകലാശാല ധനസഹായം ശമ്പളേതരം '2415-01-277-99-36' എന്ന ശീർഷകത്തിൽ 56000 ലക്ഷം രൂപയും ധനസഹായം ശമ്പളം '2415-01-277-99-31' എന്ന ശീർഷകത്തിൽ 2129 ലക്ഷം രൂപയും ഇതേ ശീർഷകത്തിൽ 24371 ലക്ഷം രൂപ ഒറ്റത്തവണ ഗ്രാന്റായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് അടിയന്തരമായി സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സ് ആയി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കംപ്ട്രോളർ കേരള കാർഷിക സർവ്വകലാശാല സമർപ്പിച്ച നിശ്ചിത പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ അഭിപ്രായമാരായുന്നതിനായി അയയ്ക്കുകയുണ്ടായി.

സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 6952/13/ധന. തീയതി 30-8-2013 പ്രകാരം 31 കോടി രൂപ പദ്ധതി ഇനത്തിൽ '2415-01-277-99-35' മൂലധന ആസ്തികളുടെ രൂപീകരണം എന്ന ശീർഷകത്തിൽ നിന്നും '36 ശമ്പളേതരം' എന്ന ശീർഷകത്തിലേക്ക് ധനപുനർവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്. വിഭവലഭ്യതയുടെ പരിമിതി കാരണം കൂടുതൽ വിഹിതം അനുവദിക്കാൻ നിർവ്വാഹമില്ല എന്നും അധികതുക ആവശ്യമായ ശീർഷകങ്ങളിൽ ഗ്രാന്റിനുള്ള സേവിംഗ്സ് കണ്ടെത്തി ഉചിതമായ ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും 17-12-2013-ലെ സർക്കാർ കത്ത് നമ്പർ 23784/എ.എഫ്2/2013/കൃഷി പ്രകാരം കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർക്ക് നിർദ്ദേശം നൽകി.

എന്നാൽ സാമ്പത്തിക പ്രതിസന്ധി കാരണം 2013-14-ൽ കേരള കാർഷിക സർവ്വകലാശാലയ്ക്ക് അധിക ധനസഹായം ഒന്നും അനുവദിക്കുകയുണ്ടായില്ല

ശിപാർശ

2435-01-101-85—വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ

അപ്രതീക്ഷിതമായ വിലയിടിവുമൂലം സാമ്പത്തിക പ്രതിസന്ധിയിലാകുന്ന കേരകർഷകരെ സഹായിക്കാൻ കൃഷിഭവൻ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്ന പദ്ധതി 2013-ൽ തുടക്കമിട്ടു. ഈ പരിപാടി കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

ശിപാർശ

നാളികേര സംഭരണം

കൃഷിഭവനുകൾവഴി പച്ചത്തേങ്ങ സംഭരിക്കുന്ന ഒരു പദ്ധതിക്ക് കൃഷി വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കൂടുതൽ കൃഷിഭവനുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് 2500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 24, 36)

2345-01-101-85—ശീർഷകത്തിൽ 2500 ലക്ഷം രൂപയും 4401-00-190-90—ശീർഷകത്തിൽ 1500 ലക്ഷം രൂപയും 2013-14-ലെ ആദ്യത്തെ എസ്.ഡി.ജി. മുഖാന്തിരം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭിച്ചിരുന്നില്ല.

ശിപാർശ

4401-00-99-190-91—റൈസ് ബയോപാർക്കുകളുടെ സ്ഥാപിക്കൽ

റൈസ് ബയോപാർക്കുകളുടെ സ്ഥാപിക്കൽ എന്ന പദ്ധതി നടത്തിപ്പിലേക്കായി 2012-13-ലെ ബഡ്ജറ്റിൽ 10 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. 2013-ലെ നയപ്രഖ്യാപന പ്രസംഗത്തിലും പ്രതിപാദിച്ചിട്ടുള്ള ഈ പദ്ധതിക്കായി 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

4401-00-190-91—ശീർഷകത്തിൽ 2013-14-ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ 1000 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും തുക ലഭിച്ചില്ല. സ.ഉ. (എംഎസ്.) നമ്പർ 170/2013/കൃഷി തീയതി 24-5-2013 പ്രകാരം റൈസ് ബയോപാർക്കും കോക്കനട്ട് ബയോപാർക്കും സംയോജിപ്പിച്ച് 'അഗ്രി ബയോപാർക്ക് ' രൂപീകരിക്കുകയും ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം അഗ്രി ബയോപാർക്ക് രജിസ്റ്റർ ചെയ്യുകയും ചെയ്തു. എന്നാൽ ഈ അഗ്രി ബയോപാർക്കിന്റെ പ്രവർത്തനത്തിനായി 4401-00-190-90 പ്ലാൻ ശീർഷകത്തിൽ 500 ലക്ഷം രൂപ 2013-14-ലെ അന്തിമ ഉപധനാഭ്യർത്ഥന പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭിച്ചിട്ടില്ല.

ശിപാർശ

4401-00-190-90—കോക്കനട്ട് ബയോപാർക്കുകളുടെ സ്ഥാപിക്കൽ

കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കൽ എന്ന പദ്ധതിക്ക് 2012-13-ലെ ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. 2013-ലെ നയപ്രഖ്യാപന പ്രസംഗത്തിലും പ്രതിപാദിച്ചിട്ടുള്ള ഈ പദ്ധതിക്കായി 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

2013-14 ഉപധനാഭ്യർത്ഥന പ്രകാരം 1500 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും വിഭവലഭ്യതയുടെ പരിമിതി കാരണം തുകയൊന്നും അനുവദിച്ചില്ല. അധികതുക ആവശ്യമായ ശീർഷകങ്ങളിൽ ഗ്രാന്റിനുള്ള സേവിംഗ്സ് കണ്ടെത്തി ഉചിതമായ ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കൃഷി ഡയറക്ടർക്ക് 17-12-2013-ലെ 23784/എ.എഫ്.2/2013/കൃഷി നമ്പർ കത്ത് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2013-14-ൽ പദ്ധതിക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

## ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

2402-00-001-94—കേരള സംസ്ഥാന ബഹിരാകാശ ഗ്രഹണ പരിസ്ഥിതി കേന്ദ്രം (കെ.എസ്.ആർ.ഇ.സി.) (ധനസഹായം)

കെ.എസ്.ആർ.ഇ. സെന്റർ കഡസ്ട്രൽ തോതിലുള്ള സമഗ്ര വിവര ശേഖരണം, കീടരോഗനിയന്ത്രണത്തിനുള്ള സ്പെഷ്യൽ ഡേറ്റാ ലെയേഴ്സ് തുടങ്ങിയ സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ 2013-14-ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ സെന്ററിന് അഞ്ച് ജില്ലകളിലെ ഡേറ്റാ സൃഷ്ടിക്കുന്നതിനാവശ്യമായ സാറ്റലൈറ്റ് ഡേറ്റാ, കഡസ്ട്രൽ ഡേറ്റാ എന്നിവയും ഫീൽഡ് ഡേറ്റാ കളക്ഷൻ, ഹ്യൂമൻ റിസോഴ്സ് മുതലായവയുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 130 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

### സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിക്കേണ്ടിയിരുന്ന അവസാന തീയതി 5-6-2013 ആയിരുന്നു. എന്നാൽ പ്രസ്തുത പ്രൊപ്പോസൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിൽ ലഭിച്ചത് 11-6-2013 നാണ്. വൈകി ലഭിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേക്കയച്ചപ്പോൾ 20-5-2013-ലെ 43/2013/ഫിൻ. നമ്പർ സർക്കുലറിന്റെ നിബന്ധനകൾക്ക് അനുസൃതമല്ലാത്തതിനാൽ ആയത് പരിഗണിക്കാൻ കഴിയില്ല എന്നറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രൊപ്പോസൽ നിരസിച്ച മേൽ വിവരം 29-7-2013-ലെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 8958/ബി1/2013/പ്ലാനിംഗ് നമ്പർ കത്ത് പ്രകാരം കെ.എസ്.ആർ.ഇ.സി.യെ അറിയിച്ചിട്ടുണ്ട്.

മേൽ ശിപാർശയിന്മേൽ 26-11-2014-ലെ യോഗത്തിലെ സമിതി നിർദ്ദേശവും ആയതിന്മേലുള്ള മറുപടിയും ചുവടെ ചേർത്തിരിക്കുന്നു:

### അധിക നിർദ്ദേശം

കെ.എസ്.ആർ.ഇ.സി. കഡസ്ട്രൽ സമഗ്ര വിവര ശേഖരണം, കീടരോഗ നിയന്ത്രണത്തിനുള്ള സ്പെഷ്യൽ ഡേറ്റാ ലെയേഴ്സ് തുടങ്ങിയ സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ നടപ്പിലാക്കാൻ 130 ലക്ഷം രൂപ അധികമായി ആവശ്യപ്പെടുക.

സർക്കാർ സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തിക വർഷം (2014-15) അവസാനിക്കാറായ സാഹചര്യത്തിലും 19-9-2014-ലെ സർക്കാർ ഉത്തരവ് (അച്ചടി) 400/2014/ധന. പ്രകാരം സാമ്പത്തിക അച്ചടക്ക നിയന്ത്രണ ഉപാധികൾ നിലവിൽ വന്ന സാഹചര്യത്തിലും അധിക തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചില്ല. സമിതിയുടെ ശിപാർശ ഉൾക്കൊണ്ട്, അടുത്ത സാമ്പത്തിക വർഷത്തേക്ക് (2015-16) ടി പദ്ധതികൾക്കായി 185 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ട്.

ശിപാർശ

2402-00-001-96—പഞ്ചായത്തുതല വിഭവ സർവ്വേ

ഈ പദ്ധതിയിൻകീഴിലെ പ്രോജക്ട് സ്റ്റാഫിന് വേതനമായി 35.10 ലക്ഷം രൂപയും പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 12 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നതിനാൽ അനുവദിച്ച വിഹിതത്തിനുപുറമേ 17 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസൽ 6-2-2014-ൽ ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പിൽ ലഭിക്കുകയുണ്ടായി. എന്നാൽ നിലവിലുള്ള ബജറ്റ് വിഹിതം പൂർണ്ണമായി ഉപയോഗിച്ച് കഴിഞ്ഞിട്ടില്ലാത്തതിനാലും കഴിഞ്ഞ മാസങ്ങളിലെ ചെലവ് അനുസരിച്ച് ബാക്കിയുള്ള 5 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷം മതിയാകും എന്നും കണ്ട് അധികതുക അനുവദിക്കാൻ നിർവ്വാഹമില്ല എന്ന് ധനകാര്യവകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രൊപ്പോസൽ നിരസിച്ചു. മേൽവിവരം 22-3-2014-ാം തീയതിയിലെ 2536/ബി1/14 പ്ലാനിംഗ് നമ്പർ കത്തുപ്രകാരം കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡിനെ അറിയിക്കുകയും ചെയ്തു.

ഖണ്ഡിക 40-ലെ ശിപാർശയിന്മേൽ 22-4-2014-ലെ യോഗത്തിലെ സമിതി നിർദ്ദേശവും ആയതിന്മേലുള്ള റിപ്പോർട്ടും ചുവടെ ചേർത്തിരിക്കുന്നു (31-3-2015-ലെ യോഗത്തിൽ പരിഗണിച്ചത്):

സമിതിയുടെ അധിക നിർദ്ദേശം

പശ്ചിമഘട്ടസെൽ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ അധിക ധനാഭ്യർത്ഥനാ നിർദ്ദേശത്തിൽ ആവശ്യപ്പെട്ട 23.18 ലക്ഷം രൂപ 2551 മേജർ ഹെഡിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14-ലെ സംസ്ഥാന ബഡ്ജറ്റിൽ 3034 ലക്ഷം രൂപ ആയിരുന്നു പശ്ചിമഘട്ട വികസന പദ്ധതികൾക്കായി വകയിരുത്തിയിരുന്നത്. 2013-14-ലെ വാർഷിക പദ്ധതിക്കായി കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗീകാരം നൽകിയ 2758 ലക്ഷം രൂപയും 2012-13-ലെ ചെലവഴിക്കാതിരുന്ന 299.18 ലക്ഷം രൂപ 2013-14-ൽ ചെലവഴിക്കുവാനുള്ള അംഗീകാരം നൽകിയതും ഉൾപ്പെടെ ആകെ 3057.18 ലക്ഷം രൂപ 2013-14-ൽ പശ്ചിമഘട്ട വികസന പദ്ധതികൾക്ക് ആവശ്യമുണ്ടായിരുന്നു. ആയതിനാൽ സംസ്ഥാന ബഡ്ജറ്റ് വിഹിതമായ 3034 ലക്ഷം രൂപയ്ക്ക് പുറമേ 23.18 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ബഹു. വിഷയനിർണ്ണയ സമിതിയോട് അഭ്യർത്ഥിച്ചിരുന്നു.

സമിതി നിർദ്ദേശിച്ച തുക അനുവദിച്ചിരുന്നില്ല. 2013-14 സാമ്പത്തികവർഷം ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 2709.833 ലക്ഷം രൂപ മാത്രമേ 2013-14-ൽ ചെലവഴിക്കുവാൻ സാധിച്ചിരുന്നുള്ളൂ.

2013-14-ൽ ചെലവഴിക്കാതെ ബാക്കി വന്ന (3057.18-2709.833) 347.347 ലക്ഷം രൂപ 2014-15 സാമ്പത്തികവർഷം ചെലവഴിക്കാനുള്ള അനുമതി കേന്ദ്ര ആസൂത്രണ കമ്മീഷൻ നൽകുകയുണ്ടായി. ആയതിൻ പ്രകാരം പ്രസ്തുത തുക ഈ സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച 3586 ലക്ഷം രൂപയിൽ നിന്നും ചെലവഴിക്കുകയുണ്ടായി. ഇതിൽ 2013-14-ൽ ബഹു. വിഷയനിർണ്ണയ സമിതി അധികമായി നൽകുവാൻ നിർദ്ദേശിച്ചിരുന്ന 23.18 ലക്ഷം രൂപയും ഉൾപ്പെടുന്നു. ആയതിനാൽ ഈ തുക ഇനി പ്രത്യേകമായി അനുവദിക്കേണ്ടതില്ലെന്ന് ജോയിന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച ഖണ്ഡിക നമ്പർ 6, 10, 12, 20, 29 മുതൽ 35 വരെ, 59 മുതൽ 87 വരെ, 105, 119 എന്നിവയിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരം സമിതിയുടെ 2014-15 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ [236 (5)] ഉൾപ്പെടുത്തുന്നതാണ്.

## കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2010-ലെ നാളികേര മേഖലയിലെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച റിപ്പോർട്ട്

<u>ശിപാർശ</u>

തെങ്ങുകയറ്റ തൊഴിലാളികളുടെ അഭാവം കണക്കിലെടുത്ത് ഉയരം കുറഞ്ഞതും അത്യുല്പാദനശേഷിയുള്ളതുമായ തെങ്ങിൻതൈകൾക്ക് പ്രാധാന്യം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ മുൻവർഷങ്ങളിൽ താഴെ കാണിച്ചിരിക്കുന്ന പ്രകാരം നല്ല സങ്കരയിനം തെങ്ങിൻതൈകളും, കുറിയ ഇനം തെങ്ങിൻതൈകളും ഉല്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്:

| ഇനം | 2009-10 | 2010-11 | 2011-12 | 2012-13 | 2013-14 |
|---|---|---|---|---|---|
| റ്റി X ഡി<br>ഡി X റ്റി | 19185<br>33651 | 14640<br>27476 | 15377<br>29904 | 30224<br>21639 | 45712<br>31331 |
| ഡ്വാർഫ് | 9900 | 7600 | 6800 | 14500 | 7500 |

2014-15 വർഷത്തേക്ക് വിതരണം നടത്തുന്നതിന് 62606 റ്റി x ഡി വിത്ത് തേങ്ങയും 30954 ഡി x റ്റി വിത്ത് തേങ്ങയും 4000 കുറിയ ഇനം വിത്തുതേങ്ങയും സംഭരിച്ചുകഴിഞ്ഞു.

ഇതിനുപുറമേ 2014-15 വർഷത്തേക്ക് വിതരണം നടത്തുന്നതിന് കർഷകരുടെ കൃഷി സ്ഥലത്തുനിന്നും മാതൃവൃക്ഷം തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി 46862 കുറിയ ഇനം മാതൃവൃക്ഷങ്ങൾ സർവ്വേ നടത്തി കണ്ടെത്തുകയും അതിൽ നിന്നും കുറിയ ഇനം തെങ്ങിൻതൈകൾ ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ശിപാർശ

തെങ്ങുകർഷകർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് കേരളത്തിലെ കാർഷിക ബാങ്കുകൾ അവയുടെ നിക്ഷേപത്തിന്റെ 40% കാർഷിക വായ്പയായി നൽകുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും ഈ തുകയിൽ ഒരു നിശ്ചിതശതമാനം നാളികേരക്ലസ്റ്ററുകളുടെ വികസനത്തിനായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

“11 ശതമാനം വരെ ഉയർന്ന പലിശ നൽകിയാണ് ബാങ്കുകൾ നിക്ഷേപം സ്വീകരിക്കുന്നതെന്നും ഇപ്രകാരം ഉയർന്ന പലിശനിരക്കിൽ സ്വീകരിക്കുന്ന നിക്ഷേപങ്ങളിൽ നിന്നും 40 ശതമാനം തുക കുറഞ്ഞ പലിശ നിരക്കിൽ (7 ശതമാനം നിരക്കിൽ) കാർഷികാവശ്യത്തിന് നൽകണമെന്നത് സംസ്ഥാനത്ത് നടപ്പിലാക്കാനാകില്ല എന്നും സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിരിക്കുന്നു.

മൊത്തം വായ്പയുടെ 18 ശതമാനം കാർഷിക വായ്പകൾക്കായി അനുവദിക്കണമെന്നാണ് റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശമെന്നും കാർഷികമേഖലയിൽ വായ്പ അനുവദിക്കുന്ന ബാങ്കുകൾ ഈ നിർദ്ദേശം കൈവരിച്ചിട്ടുള്ളതായും 40 ശതമാനം കാർഷിക വായ്പയായി നൽകുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും എസ്.എൽ.ബി.സി. അറിയിച്ചിരിക്കുന്നു."

2013-14 വർഷം കേരശ്രീ പദ്ധതിയിൽ തെങ്ങിൻതോട്ടങ്ങളുടെ സംയോജിത പരിപാലനത്തിനായി ആകെ 3807.310 ലക്ഷം രൂപയും കേരക്ലസ്റ്ററുകൾക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ നൽകുന്നതിനും തെങ്ങുകയറ്റയന്ത്രം ഉപയോഗിക്കുന്നതിന് കർഷകർക്ക് പരിശീലനം നൽകുന്നതിനുമായി 199.997 ലക്ഷം രൂപയും കേരക്ലസ്റ്ററുകളുടെ പ്രവർത്തനത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി (ക്ലസ്റ്ററൊന്നിന് 50,000 രൂപ നിരക്കിൽ ധനസഹായം) 383 ക്ലസ്റ്ററുകൾക്കായി 191.4804 ലക്ഷം രൂപയും 2401-00-103-87 പ്ലാൻ ശീർഷകത്തിൽ നിന്നും ചെലവഴിച്ചതായും 2013-14-ൽ 9300 തെങ്ങുകയറ്റ യന്ത്രങ്ങൾ (സബ്സിഡി 2000 രൂപ ഒരെണ്ണത്തിന്) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ കേരകർഷകർക്ക് വിതരണം ചെയ്തതായും കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

## ശിപാർശ

അന്യസംസ്ഥാനങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഉണ്ടക്കൊപ്രയും, വെളിച്ചെണ്ണ ഇറക്കുമതിക്ക് നിയന്ത്രണമുള്ളതിനാൽ വെളിച്ചെണ്ണ വേർതിരിക്കാത്ത പിണ്ണാക്കും ഇറക്കുമതി ചെയ്യുന്നത് സംസ്ഥാനത്ത് വ്യാപകമാകുന്ന സ്ഥിതിവിശേഷമുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇത് കേരളത്തിലെ കർഷകരെ ദോഷകരമായി ബാധിക്കുന്ന സാഹചര്യത്തിൽ കേരളത്തിൽ ഉത്പാദിപ്പിക്കുന്ന കൊപ്ര മാത്രം കേരളത്തിൽ വിൽക്കുന്ന സാഹചര്യം ഒരുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, കേരളത്തിലെ പരമ്പരാഗത കയർ വ്യവസായത്തിന് ആവശ്യമായ ചകിരി ഒഴികെ നാളികേരവും നാളികേര ഉല്പന്നങ്ങളും സംസ്ഥാനത്ത് ഇറക്കുമതി ചെയ്ത് ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തണമെന്നും പ്രസ്തുത ഉൽപ്പന്നങ്ങൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നത് നിരോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 38)

## സർക്കാർ സ്വീകരിച്ച നടപടി

**കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കൊപ്ര മാത്രം കേരളത്തിൽ വിൽക്കുന്ന സാഹചര്യം ഒരുക്കുന്നത് പ്രായോഗികമല്ല. ഇപ്രകാരം നാളികേരവും നാളികേര ഉല്പന്നങ്ങളും**

ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നതിന് നിരോധനം ഏർപ്പെടുത്തേണ്ടത് കേന്ദ്ര സർക്കാരാണ്. പ്രസ്തുത ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നത് നിരോധിക്കണമെന്ന് ശിപാർശ ചെയ്തുകൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുണ്ട്. പ്രസ്തുത കത്തുകളുടെ പകർപ്പ് ചുവടെ ചേർക്കുന്നു:

**GOVERNMENT OF KERALA**

No. 35953/WTO/13/AD.

Agriculture (WTO cell) Department,
Thiruvananthapuram, dated 28-11-2013.

From

The Secretary to Government.

To

The Secretary to Government of India,
Ministry of Agriculture, Krishi Bhavan,
Dr. Rajendra Prasad Road,
New Delhi-110 001.

Sir,

*Sub*:—Agriculture (WTO Cell) Department—Problems and remedial measures in the Coconut Sector—Recommendation of the Kerala Legislature Subject Committee—Remedial measures requested—Regarding.

This is to bring your kind attention the hardships caused to the small and marginal farmers of Kerala consequent to the price fall of coconut and coconut oil, as a result of the large scale import of palm oil and coconut oil into the country.

2. Kerala has the largest area under cultivation of coconut with 7.8 Lakh hectors and has number one position in its production among the Indian States. This crop also ranks second in Gross Value Output (GVO) in Kerala. Around 42 Lakh households in this State are engaged in coconut cultivation. Coconut provides livelihood security to more than 35 lakh families. Coconut is also a fiber yielding crop and supports more than 15000 coir based industries which provide employment to nearly 6 lakh workers of which 80 per cent are women. The coconut cultivation provides income security to farmers mostly in the economically backward areas where there are more large industries or other commercial crops. It also provides employment and sustenance in the rural areas.

3. The main traded products of coconut in India are green, coconut, copra and coconut oil. The price of coconut and copra are determined by the price of coconut oil. Consequent to trade liberalization, the price of coconut oil is subjected to wide fluctuations and is sensitive to the imports of cheaper substitutes like palm oil. The crisis in the coconut sector still continues. The fluctuating levels of productivity due to the recurrent incidence of drought, pests and diseases are other challenges to the agrarian economy of this State.

4. In these circumstances stated above, I would like to submit the following for consideration and favourable action.

(1) Import of Coconut and its products may be restricted. In the Indo ASEAN Free Trade Agreement, coconut, copra, coconut oil (both crude & refined) and coconut based fatty acids should be included in the sensitive list as a protection measure against import. No relaxation on tariffs be made in coconut particularly in the case of coconut fresh, coconut dried and coconut oil, which will have an immediate negative impact on domestic prices of the primary products;

(2) The import of coconut oil cakes containing high oil contents as animal feed may be curbed, since these oil cakes are being again used for extracting oil, before using it as animal feed;

(3) Applied rate on vegetable oils especially palm oil should be kept as close to the bound rates agreed;

(4) The ban on export of coconut oil in bulk quantities may be lifted. In all India context, the coconut oil is not only used as an edible oil, but it is also as hair oil, massage oil and a major ingredient of many cosmetic as well as ayurvedic medicinal products. Hence coconut oil need not be exclusively bracketed with edible oil basket which will limit its export in large quantities.

Yours faithfully,

K. R. JYOTHILAL,
*Secretary to Government.*

# GOVERNMENT OF KERALA

No. 35953/WTO/13/AD.

Agriculture (WTO cell) Department,
Thiruvananthapuram, dated 28-11-2013.

From

The Secretary to Government.

To

The Secretary to Government of India,
Ministry of Commerce & Industry,
Udyog Bhawan,
New Delhi-110 107.

Sir,

*Sub*:—Agriculture (WTO Cell) Department—Problems and remedial measures in the Coconut Sector—Recommendation of the Kerala Legislature Subject Committee—Remedial measures requested—Regarding.

This is to bring your kind attention the hardships caused to the small and marginal farmers of Kerala consequent to the price fall of coconut and coconut oil, as a result of the large scale import of palm oil and coconut oil into the country.

2. Kerala has the largest area under cultivation of coconut with 7.8 Lakh hectors and has number one position in its production among the Indian States. This crop also ranks second in Gross Value Output (GVO) in Kerala. Around 42 Lakh households in this State are engaged in coconut cultivation. Coconut provides livelihood security to more than 35 lakh families. Coconut is also a fiber yielding crop and supports more than 15000 coir based industries which provide employment to nearly 6 lakh workers of which 80 per cent are women. The coconut cultivation provides income security to farmers mostly in the economically backward areas where there are more large industries or other commercial crops. It also provides employment and sustenance in the rural areas.

3. The main traded products of coconut in India are green, coconut, copra and coconut oil. The price of coconut and copra are determined by the price of coconut oil. Consequent to trade liberalization, the price of coconut oil is subjected to wide fluctuations and is sensitive to the imports of cheaper substitutes like palm oil. The crisis in the coconut sector still continues. The fluctuating levels of productivity due to the recurrent incidence of drought, pests and diseases are other challenges to the agrarian economy of this State.

4. In these circumstances stated above, I would like to submit the following for consideration and favourable action:

(1) Import of Coconut and its products may be restricted. In the Indo ASEAN Free Trade Agreement, coconut, copra, coconut oil (both crude &refined) and coconut based fatty acids should be included in the sensitive list as a protection measure against import. No relaxation on tariffs be made in coconut particularly in the case of coconut fresh, coconut dried and coconut oil, which will have an immediate negative impact on domestic prices of the primary products;

(2) The import of coconut oil cakes containing high oil contents as animal feed may be curbed, since these oil cakes are being again used for extracting oil, before using it as animal feed;

(3) Applied rate on vegetable oils especially palm oil should be kept as close to the bound rates agreed;

(4) The ban on export of coconut oil in bulk quantities may be lifted. In all India context, the coconut oil is not only used as an edible oil, but it is also as hair oil, massage oil and a major ingredient of many cosmetic as well as ayurvedic medicinal products. Hence coconut oil need not be exclusively bracketed with edible oil basket which will limit its export in large quantities.

Yours faithfully,

K. R. JYOTHILAL,
*Secretary to Government.*

ശിപാർശ

2006-07-ൽ മാത്രം തെങ്ങുകൃഷിയുടെ വിസ്തൃതി 24894 ഹെക്ടർ കുറവു വന്നിട്ടുള്ളതായും ഇതേ സമയം തന്നെ 7840 ഹെക്ടർ സ്ഥലത്ത് അധികമായി റബ്ബർ കൃഷി നടത്തിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. തെങ്ങിൻതോപ്പുകളെല്ലാം റബ്ബർ തോട്ടങ്ങൾക്കും മറ്റു കാർഷിക വിളകൾക്കുമായി വഴിമാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഈ പരിണാമത്തിന് കർഷകനെ മാത്രം കുറ്റം പറഞ്ഞിട്ടുകാര്യമില്ല. കാർഷിക മേഖലയിൽ വർദ്ധിച്ചുവരുന്ന കൂലിച്ചെലവും, തൊഴിലാളികളുടെ അഭാവവും തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷാമവുമാണ് തെങ്ങുകൃഷിയിൽ നിന്നും കർഷകനെ പിൻമാറുവാൻ പ്രേരിപ്പിക്കുന്ന പ്രതികൂല ഘടകങ്ങൾ. റബ്ബർ ബോർഡ് റബ്ബർ കൃഷിക്കു നൽകുന്ന സബ്സിഡി, പ്രോത്സാഹനം, നെൽകൃഷിക്ക് കൃഷിവകുപ്പും ഇതര ഏജൻസികളും ഗവൺമെന്റും നൽകുന്ന പ്രാധാന്യവും പ്രോത്സാഹനവും കേരളത്തിന്റെ സ്വന്തമായ കേരകൃഷിക്കും അതിന്റെ നിലനിൽപ്പിനും വൈപുല്യത്തിനും നൽകിയാൽ മാത്രമേ തെങ്ങു കൃഷിയുമായി കേരകർഷകനു മുന്നോട്ടുപോകുവാൻ കഴിയൂ.

കേരളീയരുടെ ഭക്ഷണത്തിലെ ഒരു പ്രധാന ഭക്ഷ്യപദാർത്ഥമെന്ന നിലയ്ക്കിൽ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ തെങ്ങു കൃഷിയെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ ഗൗരവമായി ആലോചിക്കുകയും നെല്ല്, റബ്ബർ മുതലായ കൃഷികൾക്ക് ലഭിക്കുന്ന പ്രാധാന്യം തന്നെ കല്പവൃക്ഷത്തിനും നൽകി നാളികേര മേഖലയെ രക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നാളികേര മേഖലയിലെ കർഷകത്തൊഴിലാളിക്ഷാമം പരിഹരിക്കുവാൻ കഴിയുമോ എന്നതു സംബന്ധിച്ച് പരിശോധിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

2012-2013 മുതൽ ഭക്ഷ്യ സുരക്ഷാ എന്ന പേരിൽ പദ്ധതി തുടരുന്നില്ല. എന്നാൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി കേരളീയരുടെ ഒരു പ്രധാന ഭക്ഷണ പദാർത്ഥമെന്ന നിലയിൽ തെങ്ങുകൃഷി വികസനത്തിന് പ്രത്യേക ഊന്നൽ നൽകി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നാളികേര വികസന പദ്ധതികൾക്കായി 2012-2013 വർഷം 5120 ലക്ഷം രൂപ ബഡ്ജറ്റിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

1. നാളികേര വികസനം—4500 ലക്ഷം

2. നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ—620 ലക്ഷം

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കീഴിൽ തെങ്ങിന് തടം തുറക്കൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചെറുകിട/നാമമാത്ര കർഷകരുടെ ഭൂമിയിൽ നിബന്ധനകൾക്ക് വിധേയമായി ഹോർട്ടികൾച്ചർ, സെറികൾച്ചർ, പ്ലാന്റേഷൻ പ്രവൃത്തികളും ജലസംരക്ഷണ/ഭൂവികസന/ ജലസേചന പ്രവൃത്തികളും ഏറ്റെടുക്കുന്നതിന് തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ ഒന്ന് പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. നാളികേര വികസനത്തിനായി മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

## പുതുതായി തെങ്ങിൻ തോട്ടങ്ങൾ വികസിപ്പിക്കൽ

1. ഭൂമി നിരപ്പാക്കൽ, തട്ടുതിരിക്കൽ, ജലസംരക്ഷണത്തിന് ഉതകുന്ന നെടുകേയും കുറുകേയും പണ നിർമ്മിക്കൽ, കയ്യാല നിർമ്മിക്കൽ, മഴക്കുഴികൾ, കോണ്ടൂർ ട്രഞ്ച്, പെർക്കൊളേഷൻ ടാങ്കുകൾ എന്നിവ നിർമ്മിക്കൽ.

2. 2013-ലെ മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കപ്പെട്ടിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ജലസേചനത്തിനാവശ്യമായ ഫാം പോണ്ടുകൾ, കിണറുകൾ എന്നിവ നിർമ്മിക്കൽ.

3. പ്ലാന്റേഷൻ പ്രവർത്തനങ്ങൾക്ക് ആവശ്യമായ കുഴി എടുക്കൽ (തൈകൾ നടീൽ, വെള്ളം കോരൽ, പരിപാലനം എന്നിവ ഗുണഭോക്താക്കൾ പദ്ധതിക്ക് പുറമെ നിർവ്വഹിക്കേണ്ടതാണ്.)

## നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളുടെ വികസനം

1. ജലസംരക്ഷണത്തിന് ഉതകുന്ന പണ നിർമ്മിക്കൽ (വസ്തുവിൽ നെടുകേയും കുറുകേയും) കയ്യാല നിർമ്മിക്കൽ, മഴക്കുഴികൾ നിർമ്മിക്കൽ, കോണ്ടൂർ ബണ്ട്, കോണ്ടൂർ ട്രഞ്ച്, പൊർക്കൊളേഷൻ ടാങ്കുകൾ എന്നിവ നിർമ്മിക്കൽ.

2. ജലസേചന പ്രവൃത്തികളായ ഫാം പോണ്ടുകൾ, കിണറുകൾ (നിബന്ധനകൾക്ക് വിധേയമായി) എന്നിവ നിർമ്മിക്കൽ, ജലസ്രോതസ്സുകളിൽ നിന്ന് വെള്ളം തോട്ടത്തിൽ എത്തിക്കുന്നതിനാവശ്യമായ കൈതോടുകൾ/ചാലുകൾ നിർമ്മിക്കൽ മുതലായവ.

3. നാളികേര സംരക്ഷണ പ്രവർത്തനങ്ങളായ തെങ്ങിന് തടം തുറക്കൽ പുതയിടൽ, മണ്ണിന്റെ ജല ആഗിരണശേഷി വർദ്ധിപ്പിക്കുന്ന മറ്റ് പ്രവൃത്തികൾ എന്നിവ.

പുതുതായി തെങ്ങിൻ തോട്ടങ്ങൾ വികസിപ്പിക്കൽ/നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളുടെ പരിപാലന പ്രവൃത്തികൾ ഒറ്റത്തവണ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ പാടുള്ളു.

<u>ശിപാർശ</u>

ചകിരിച്ചോറിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ കണ്ടെത്താൻ ആവശ്യമായ ഗവേഷണങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തണമെന്നും കയർ മേഖലയ്ക്കും നാളികേര കർഷകർക്കും ഉപകാരപ്പെടുന്ന ഈ പ്രവർത്തനത്തിന് കൂടുതൽ പ്രാധാന്യം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ചകിരിച്ചോറിൽ നിന്നും കമ്പോസ്റ്റ് ഉണ്ടാക്കുന്നതിനുള്ള സാങ്കേതികവിദ്യ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ വിവരങ്ങൾ കർഷകർക്കും മറ്റു ബന്ധപ്പെട്ടവർക്കും ലഭ്യമാക്കി വരുന്നു. നഴ്സറികളിൽ ചെടികൾ നടുന്നതിനുള്ള പോട്ടിംഗ് മീഡിയ ആയി ചകിരിച്ചോറ് ഉപയോഗിക്കുന്നതിനുള്ള സാങ്കേതികവിദ്യയും പ്രചാരത്തിലാക്കിയിട്ടുണ്ട്.

<u>ശിപാർശ</u>

കേരളത്തിലെ വയലാർ, പള്ളിക്കര, കേന്ദ്രഭരണപ്രദേശമായ പോണ്ടിച്ചേരിയിലെ ആര്യാൻകുളം എന്നിവിടങ്ങളിലും അന്താരാഷ്ട്ര കാർഷിക വികസനഫണ്ടിന്റെയും ബയോഡൈവേഴ്സിറ്റി ഇന്റർനാഷണലിന്റെയും സഹായത്തോടെ ആലപ്പുഴ ജില്ലയിലെ പത്തിയൂർ, ദേവികുളം, കൊല്ലം ജില്ലയിലെ തൊടിയൂർ എന്നീ പഞ്ചായത്തുകളിലും സി.പി.സി.ആർ.ഐ. നടപ്പിലാക്കിവരുന്ന കർഷക കൂട്ടായ്മയിലെ നല്ല വശങ്ങൾ കൂടി പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തെങ്ങിൻ തോട്ടങ്ങളിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കർഷക കൂട്ടായ്മയിലൂടെ ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് വിവിധ സംസ്ഥാന കേന്ദ്രസഹായ പദ്ധതികൾ നടപ്പിലാക്കുന്നത്.

കാറ്റുവീഴ്ച രോഗം രൂക്ഷമായി ബാധിച്ചതും, പ്രായാധിക്യംമൂലം ഉല്പാദനക്ഷമത തീരെ കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ധനസഹായം ശേഷിക്കുന്ന തെങ്ങുകളുടെ പുനരുദ്ധാരണം, പുനർനടീലിനായി നല്ലയിനം തെങ്ങിൻ തൈകൾ കർഷകർക്ക്

വിതരണം ചെയ്യൽ, കർഷകരുടെ നാളികേര പ്രദർശനത്തോട്ടങ്ങളിൽ ശാസ്ത്രീയ പരിചരണ മുറകൾ അവലംബിക്കുക, രോഗകീട നിയന്ത്രണത്തിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക, ജലസേചനസൗകര്യം വർദ്ധിപ്പിക്കുക തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുകവഴി നാളികേര കൃഷിയുടെ വിസ്തൃതിയും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ചിട്ടുണ്ട്.

| വർഷം | വിസ്തൃതി (ലക്ഷം ഹെക്ടർ) | ഉല്പാദന ക്ഷമത നാളികേരം (nuts)/ഹെക്ടർ |
|---|---|---|
| 2010-11 | 7.707 | 6862 |
| 2011-12 | 8.208 | 7240 |

കാസറഗോഡ് ജില്ലയിലെ പള്ളിക്കര, ആലപ്പുഴ ജില്ലയിലെ പത്തിയൂർ/ദേവികുളങ്ങര, വയലാർ, കൊല്ലം ജില്ലയിലെ തൊടിയൂർ എന്നീ പഞ്ചായത്തുകളിൽ കർഷക കൂട്ടായ്മയിലൂടെ നാളികേര ഉല്പാദന വർദ്ധനവിന് വേണ്ടി വിവിധ പ്രവർത്തനങ്ങൾ/പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

പള്ളിക്കര പഞ്ചായത്ത് (കാസറഗോഡ് ജില്ല) തെങ്ങുകൃഷിക്ക് ഏറ്റവും പ്രാധാന്യമുള്ള തീരപ്രദേശമാണ്. ഈ പഞ്ചായത്തിൽ കർഷക കൂട്ടായ്മയിലൂടെ 2012-13, 2013-14 വർഷങ്ങളിൽ രണ്ടുവീതം കേര ക്ലസ്റ്ററുകൾ രൂപീകരിച്ച് വിജയകരമായി പ്രവർത്തിച്ചുവരുന്നു. ക്ലസ്റ്റർ രൂപീകരണത്തിനും തുടർന്നുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും സി.പി.സി.ആർ.ഐ.യുടെ വിജ്ഞാന വ്യാപന വിഭാഗം വളരെയധികം സഹായിച്ചിട്ടുണ്ട്. ഒന്നാം വർഷ ക്ലസ്റ്ററുകൾ 368 കർഷകരും രണ്ടാം വർഷത്തിൽ 276 കർഷകരും പങ്കാളികളാണ്. ഉല്പാദനക്ഷമത കുറഞ്ഞതും രോഗബാധയാൽ ഉല്പാദനം മുരടിച്ചതുമായ തെങ്ങുകൾ , മുറിച്ചുമാറ്റി പകരം അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ ശാസ്ത്രീയ രീതിയിലുള്ള വള പ്രയോഗം, ജലസേചന സൗകര്യം ഒരുക്കൽ മുതലായവ വഴി ഉല്പാദനനിരക്കിൽ 70% പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ തൊടിയൂർ പഞ്ചായത്തിൽ കൃഷിഭവൻ മുഖേന 2010-11 മുതൽ തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതി പ്രകാരം സിഡിബി സഹായത്തോടെ നാളികേര വികസന പദ്ധതി നടപ്പിലാക്കി. 22 ക്ലസ്റ്ററുകളിൽ 8957 ഗുണഭോക്താക്കൾ പങ്കാളികളായി. ഉല്പാദനം കുറഞ്ഞതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ച് മാറ്റൽ തെങ്ങിൻ തോട്ടങ്ങളിലെ പുനരുദ്ധാരണം വളം വിതരണം മുതലായവയാണ് പ്രധാന ഘടകങ്ങൾ. ആലപ്പുഴ ജില്ലയിലെ പത്തിയൂർ/ദേവികുളങ്ങര (ദേവികുളങ്ങര പഞ്ചായത്താണ് ആലപ്പുഴ ജില്ലയിലുള്ളത്) കൃഷിഭവനുകളിൽ 2010-11 വർഷങ്ങളിൽ അന്താരാഷ്ട്ര കാർഷിക വികസന ഫണ്ടിന്റെയും ബയോഡൈവേഴ്സിറ്റി ഇന്റർനാഷണലിന്റെയും സഹായത്തിൽ 2006-ൽ രൂപീകരിച്ച നാളികേര സംഘത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് സമഗ്ര

നാളികേര വികസന പദ്ധതിയിലൂടെയും ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെയും സുസ്ഥിരത കൈവരിക്കുക എന്നതാണ്. ഒരു നാളികേര സംഘത്തിൽ 100 മുതൽ 150 കർഷകരുണ്ട്. ഇടവിള കൃഷി കാലിവളർത്തൽ, ചെറുകിട കാലിത്തീറ്റ യൂണിറ്റുകൾ, തീറ്റപ്പുൽ കൃഷി, അസോള കൃഷി, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ, കൂൺ കൃഷി യൂണിറ്റ്, പൊതു തെങ്ങിൻതൈ നഴ്സറി എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. പത്തിയൂർ പഞ്ചായത്തിൽ ഒരു വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റും ദേവികുളങ്ങര പഞ്ചായത്തിൽ ഒരു കയർ നിർമ്മാണ യൂണിറ്റും പദ്ധതി പ്രകാരം പ്രവർത്തിച്ചുവരുന്നു.

വയലാർ പഞ്ചായത്തിൽ ഒരു ചെറുകിട തെങ്ങ് അധിഷ്ഠിത വ്യവസായ യൂണിറ്റ് കാരുവേലിൽ വീട്ടിൽ ശ്രീ. കെ. ആർ. സഞ്ജുവിന്റെ നേതൃത്വത്തിൽ 1986 മുതൽ ജൂപ്പിറ്റർ എന്റർപ്രൈസസ് എന്ന പേരിൽ പ്രവർത്തിച്ചുവരുന്നു. തെങ്ങിൻ തടി, ചകിരി, ചിരട്ട തുടങ്ങിയവയിൽ നിന്നും കരകൗശല വസ്തുക്കൾ ഗൃഹോപകരണങ്ങൾ, സ്പൂൺ, കീചെയിനുകൾ, പേന സ്റ്റാന്റുകൾ എന്നിവ നിർമ്മിച്ചു വരുന്നു. ഒരു പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് നാളികേര വികസന ബോർഡ് 50% സഹായം ഈ സ്ഥാപനത്തിന് നൽകുകയും ഇതിനോടകം 125 പരിശീലന പരിപാടികൾ നടത്തുകയും ചെയ്തു.

## ശിപാർശ

കേരവികസനത്തിനും കേര കർഷകരുടെ ഉന്നമനത്തിനുമായി ഇപ്പോൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ, ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ, നാളികേര വികസനബോർഡ്, നാളികേര വികസന സമിതി എന്നിവ മുഖാന്തിരം നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏകീകരിച്ച് ഒരു ഏകമുഖ പദ്ധതിയായി നടപ്പിലാക്കുകയാണെങ്കിൽ കൂടുതൽ ഫലപ്രദമായിരിക്കും എന്നു സമിതി കരുതുന്നു. ആയതിനാൽ ഇത്തരത്തിലുള്ള ഒരു പുനർവിചിന്തനം നടത്തണമെന്നും ഈ ആവശ്യം കേന്ദ്രസർക്കാരിനോട് ഉന്നയിക്കണ മെന്നും സംസ്ഥാന സർക്കാരിനോട് സമിതി ആവശ്യപ്പെടുന്നു.

(ഖണ്ഡിക 63)

## സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്ര സർക്കാരിന്റെ പദ്ധതി മാനദണ്ഡം അനുസരിച്ചാണ് ഓരോ വർഷവും കേന്ദ്ര പദ്ധതികൾ അനുവദിക്കുന്നത്. അതത് പ്രദേശത്തെ പ്രശ്നങ്ങളും സാദ്ധ്യതകളും കണക്കിലെടുത്താണ് ഗ്രാമപഞ്ചായത്തുകൾ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. നിലവിൽ കൃഷി വകുപ്പ് സമാനമായ കേന്ദ്ര പദ്ധതികളും സംസ്ഥാന പദ്ധതികളും പ്രത്യേകം പ്രത്യേകം ജില്ലകളിലാണ് നടപ്പിലാക്കുന്നത്. ഈ സാഹചര്യത്തിൽ പദ്ധതികളെല്ലാം ഏകോപിപ്പിക്കുന്നത് പ്രായോഗികമാണെന്ന് തോന്നുന്നില്ല.

# കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2010-ലെ പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച റിപ്പോർട്ട്

ശിപാർശ

കൃഷി കാര്യങ്ങളെ സംബന്ധിച്ച് ഒരു ഏകീകൃത കൃഷി സമ്പ്രദായം കൊണ്ടു വരുന്നതിനായി കഴിഞ്ഞ വർഷത്തെ കൃഷിയുടെ തോത്, രീതി ഇവ വിലയിരുത്തി അടുത്ത വർഷം എങ്ങനെ കൃഷി ചെയ്യണമെന്ന് കർഷക പ്രതിനിധികളുമായി ചർച്ച ചെയ്യണമെന്നും മാർച്ച് മാസത്തിലെങ്കിലും എല്ലാ കൃഷിക്കാരെയും പങ്കെടുപ്പിച്ചുകൊണ്ട് യോഗം കൂടണം എന്നും കൂട്ടായി ആലോചിച്ചുകൊണ്ടുള്ള ക്രോപ്പ് പാറ്റേൺ നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

വിള ആരംഭിക്കുന്നതിനു മുൻപുതന്നെ പാടശേഖരതലത്തിൽ കൃഷി ഓഫീസർമാരുടെ മേൽനോട്ടത്തിൽ യോഗം ചേർന്ന്, വിത്ത്, ഇനം തീരുമാനിക്കുകയും, മറ്റു കൃഷി രീതികൾക്കായി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തുവരുന്നു. പാലക്കാട് ജില്ലയിൽ ചില പഞ്ചായത്തുകളിൽ രൂപീകരിക്കപ്പെട്ട തൊഴിൽസേനകൾ രണ്ടാം വിളയുടെ ഞാറ്റടി തയ്യാറാക്കൽ, യന്ത്രവൽകൃത നടീൽ ഇവ പല പാടങ്ങളിലും ചെയ്തുവരുന്നുണ്ട്. രണ്ടാം വിള പാലക്കാട് ജില്ലയിൽ ഡാമുകളിൽ ജലസേചനത്തിനെ ആശ്രയിച്ച് ചെയ്യുന്നതിനാൽ 2012 വർഷം മുതൽ വിള നിർണ്ണയ സമിതികളുടെ യോഗവും വിള ആരംഭിക്കുന്നതിനു മുൻപായി ചേർന്ന് നെൽവിത്ത്, ഇനം, കൃഷിസമയം ഇവയെ കുറിച്ച് ചർച്ച ചെയ്ത് തീരുമാനം നടപ്പിലാക്കിവരുന്നു.

ശിപാർശ

നെൽകൃഷി സംബന്ധിച്ച ജില്ലയ്ക്ക് ഒരു ക്രോപ്പ് പാറ്റേൺ തയ്യാറാക്കണമെന്നും ഓരോ കൃഷിയും ഇറക്കുന്നതിനും, കളയെടുക്കൽ, വളം ചേർക്കൽ, വിളവെടുപ്പ് എന്നിവ സംബന്ധിച്ച് ഒരു സമഗ്രമായ ടൈംടേബിൾ തയ്യാറാക്കി ജില്ലയിൽ നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇതോടൊപ്പം രണ്ടാം വിളയായി മൂപ്പു കുറവുള്ള വിത്തിനങ്ങൾ കൃഷി ചെയ്യുന്നതിന് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കണമെന്നും ഇതിനായി മുന്തിയ ഇനം വിത്തുകൾ അവർക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജില്ലയിൽ കഴിഞ്ഞ 2 വർഷങ്ങളായി വിള ആരംഭിക്കുന്നതിന് മുമ്പായി ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു. പാലക്കാട് ജില്ലയിലെ മുഖ്യ നെൽകൃഷി മേഖല ജലസേചന പദ്ധതികളെ ആശ്രയിച്ചിരുന്നതിനാൽ, മൂപ്പു കുറഞ്ഞ വിത്ത് കൃഷി ചെയ്യുവാൻ ശിപാർശ ചെയ്യുകയും, KSSDA മുഖാന്തിരം അവ ക്രമീകരിച്ചു കൊടുക്കുകയും ചെയ്തുവരുന്നു.

<u>ശിപാർശ</u>

നെൽക്കർഷകരുടെ കൃഷി സംബന്ധമായ വിശദവിവരങ്ങൾ ശേഖരിച്ച് ഗ്രീൻകാർഡ് നൽകുന്നതിനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ടെങ്കിലും, 19613 അപേക്ഷകൾ ലഭിച്ചതിൽ 9397 പേർക്ക് മാത്രമെ ഗ്രീൻകാർഡ് വിതരണം ചെയ്തിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനം കൈക്കൊണ്ട് പരമാവധി കർഷകർക്ക് ഗ്രീൻകാർഡ് വിതരണം ചെയ്യുന്നതിന് നടപടി ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഗ്രീൻകാർഡ് വിതരണം നടത്തിയ വിവരം താഴെ ചേർക്കുന്നു:

| | | |
|---|---|---|
| ഒന്നാം ഘട്ടം | .. | 9397 |
| രണ്ടാം ഘട്ടം | .. | 3772 |
| ആകെ | .. | 13169 |

ബാക്കിയുള്ളവ ന്യൂനതകൾ പരിഹരിക്കുന്നതിനായി ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ സമർപ്പിച്ചിട്ടുള്ള കാർഡുകൾ തിരികെ ലഭിക്കുന്ന മുറയ്ക്ക് കർഷകർക്ക് സമയബന്ധിതമായി വിതരണം ചെയ്യുന്നതാണ്.

<u>ശിപാർശ</u>

<u>ചുള്ളിയാർ ഡാം</u>

സാധാരണനിലയ്ക്ക് വൃഷ്ടി പ്രദേശം നീരൊഴുക്കുകൊണ്ട് നിറയാറില്ല. ചില വർഷങ്ങളിൽ ചിറ്റൂർ പുഴയിലെ പ്രളയജലം മീങ്കര ഡാമിൽ നിറച്ച് അവിടെ നിന്ന് വീണ്ടും മീങ്കര-ചുള്ളിയാർ ലിങ്ക് കനാൽ വഴി ചുള്ളിയാർ നിറയ്ക്കാറുണ്ട്. ചിറ്റൂർ പുഴയിൽ നിന്ന് മീങ്കരയിലേക്കുള്ള കനാലിനും, മീങ്കരയിൽ നിന്ന് ചുള്ളിയാറിലേക്കുള്ള കനാലിനും വലിപ്പം തീരെ കുറവാണ്. അതുകൊണ്ട് വളരെ കുറച്ചുദിവസങ്ങളിൽ മാത്രം കിട്ടുന്ന ഈ വെള്ളം

നാലിലൊന്നുപോലും തിരിച്ചുവിടാനാവാതെ പാഴായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ പാഴായിപ്പോകുന്ന പ്രളയജലം പ്രയോജനപ്പെടുത്തുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

ചിറ്റൂർ പുഴ ജലസേചനപദ്ധതിയിൽ പറമ്പിക്കുളം, ആളിയാർ അന്തർസംസ്ഥാന നദീജലകരാർ പ്രകാരം ലഭിക്കുന്ന പ്രളയജലം നിലവിൽ 16940 Ha ആയക്കട്ട പ്രദേശത്തും മീങ്കര സർപ്ലസ് കനാൽ വഴി മീങ്കര ജലസംഭരണിയിലും, മീങ്കര ഡാം ഏതാണ്ട് നിറയാറാകുമ്പോൾ ചുള്ളിയാർ ഡാം നിറയ്ക്കുന്നതിനും ഉപയോഗിക്കുന്നു. എങ്കിലും പ്രളയകാലത്ത് ചിറ്റൂർപുഴ വഴി ലഭിക്കുന്ന ജലം പൂർണ്ണ തോതിൽ ഉപയോഗിക്കുവാൻ കഴിയുന്നില്ല. ചിറ്റൂർ പുഴ പദ്ധതിക്ക കീഴിലുള്ള പ്രധാന ജല സംഭരണികളായ കമ്പാലത്തറ ഏരി, വെങ്കലക്കയം ഏരി എന്നിവയുടെ സംഭരണ ശേഷി 3mm$^3$ ആണ്. പ്രസ്തുത ഏരികളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിലൂടെ പ്രളയ ജലം കൂടുതലായി സംഭരിച്ച് ഇടതുകര കനാലിലൂടെ മീങ്കര ഡാമിലേക്കും തുടർന്ന് ചുള്ളിയാർ ഡാമിലേക്കും കൂടുതലായി ജലവിതരണം ചെയ്യാവുന്നതാണ്. പ്രസ്തുത ഏരികളുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി "total station survey" നടത്തുവാൻ തീരുമാനിക്കുകയും ആയതിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കി ഈ വേനൽക്കാലത്ത് പ്രസ്തുത സർവ്വേ പൂർത്തീകരിക്കുന്നതും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ചുള്ളിയാർ ഡാം നിറയ്ക്കുന്നതിനുള്ള പലകപ്പാണ്ടി പദ്ധതിയിലൂടെ ചുള്ളിയാർ ഡാം 2013-14-ൽ 70% നിറച്ചിരുന്നു. 2014 മേയ് അവസാനത്തോടെ പലകപ്പാണ്ടി പദ്ധതി കമ്മീഷൻ ചെയ്യുന്നതും അതുമൂലം ചുള്ളിയാർ ഡാമിൽ പൂർണ്ണ സംഭരണശേഷി കൈവരിക്കാൻ കഴിയുന്നതുമാണ്.

ശിപാർശ

കരിമ്പ നമ്പർ 1 ഡിസ്ട്രിബ്യൂട്ടറി

കാഞ്ഞിരപ്പുഴ ഡാമിൽ നിന്നും 15 കിലോമീറ്റർ അകലെ 1980-ൽ നിർമ്മിച്ചതും, നിർമ്മാണത്തിലെ അപാകതമൂലം തകർന്ന് വെള്ളം പാഴായി പൊയ്ക്കൊണ്ടിരിക്കുന്നതുമായ കരിമ്പ അക്വിഡക്റ്റിന്റെ തകർച്ചയുടെ കാരണം വിശദമായി അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഈ അക്വിഡക്ട് അറ്റകുറ്റപ്പണി തീർത്ത് പ്രവർത്തനക്ഷമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര കനാലിൽ ചെയിനേജ് 6/400 കി.മീ.-ൽ നിന്നും ആരംഭിക്കുന്ന കരിമ്പ നമ്പർ 1 വിതരണിയുടെ 2000 മീറ്റർ മുതൽ 2167 മീറ്റർ വരെയാണ് കേടുവന്ന അക്വിഡക്ട് നിർമ്മിച്ചിരിക്കുന്നത്. 1980-ൽ ഇതിന്റെ പണി പൂർത്തിയായി. 13 മീറ്ററോളം ഉയരമുള്ള കരിങ്കൽ തൂണുകളിൽ നിർമ്മിച്ചിരിക്കുന്ന അക്വിഡക്ട് 16-3-1996-ൽ തകരുകയുണ്ടായി. തൂണുകൾ തകർന്ന് അക്വിഡക്ട് ബാറലുകൾ നിലം പൊത്തുകയായിരുന്നു. ഈ സമയത്ത് ആ പ്രദേശത്ത് പ്രകൃതിദുരന്തങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്നും, സ്ട്രക്ച്ചർ നിർമ്മിച്ച് 17 വർഷത്തോളം നിലനിന്നതിനാൽ ഡിസൈനിലുണ്ടായ പിഴവാണെന്ന് പറയാൻ കഴിയില്ലെന്നും അന്നത്തെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അന്വേഷണ റിപ്പോർട്ടിൽ പറയുന്നുണ്ട്. അതുപോലെ ആ പ്രദേശത്ത് പാറപൊട്ടിക്കലോ മറ്റു പൊട്ടിത്തെറികളോ ഉണ്ടായിട്ടില്ലെന്നും തകർച്ചയ്ക്കുണ്ടായ കാരണം വ്യക്തമായിട്ടില്ലെന്നും റിപ്പോർട്ട് ചെയ്യുന്നു.

എ.ഐ.ബി.പി. സ്കീമിൽ ഉൾപ്പെടുത്തി പുതിയ അക്വിഡക്ടിന്റെ പ്രവൃത്തി പൂർത്തിയായി വരുന്നു.

<u>ശിപാർശ</u>

പവർ ജനറേഷനുവേണ്ടി ചെറിയ സ്കീമുകൾക്ക് ലൈസൻസ് കൊടുത്താൽ, പാഴായി ഒഴുകിപ്പോകുന്ന വെള്ളം ഉപയോഗിച്ച് രണ്ടോ മൂന്നോ മാസത്തേക്ക് കൃഷിക്ക് പമ്പിംഗിനാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 123)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

5 KW വരെ ഉല്പാദനശേഷിയുള്ള പീക്കോ (കുഞ്ഞൻ) ജലവൈദ്യുത പദ്ധതികൾ (ഓഫ് ഗ്രിഡ്) കേരളത്തിൽ തുടങ്ങുവാൻ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിൽ നിന്നും 50 പദ്ധതികൾക്കായി ഒരു പദ്ധതിക്ക് 1,10,000 രൂപ വരെയുള്ള കേന്ദ്ര ധനസഹായം (CFA) സംഘടിപ്പിക്കുകയും ഈ പദ്ധതി പ്രകാരം ഇതേവരെ ഏഴു പദ്ധതികൾ കമ്മീഷൻ ചെയ്യുകയും മറ്റ് പത്ത് പദ്ധതികളുടെ പണി സെപ്റ്റംബർ മാസത്തിൽ തീർക്കുവാൻ പറ്റുന്ന വിധത്തിൽ നടന്നുവരുന്നു. കേന്ദ്രസഹായത്തോടെ ഉപഭോക്താക്കളാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ഈ വർഷം കൊണ്ട് ഇതുപോലുള്ള മറ്റ് ഇരുപത് പദ്ധതികളെങ്കിലും ചെയ്തു തീർക്കാമെന്ന് കരുതുന്നു.

ശിപാർശ

വലിയ പദ്ധതികൾ ഏറ്റെടുത്ത് നടത്തുമ്പോൾ കാലതാമസമുണ്ടാകുമെന്നതിനാൽ ചൈനയിൽ നടപ്പാക്കുന്നതുപോലെ ചെറിയ പദ്ധതികൾ കുറഞ്ഞ ചെലവിൽ നടപ്പാക്കുകയാണെങ്കിൽ കാർഷികാവശ്യത്തിന് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് സാദ്ധ്യമാകുമെന്നതിനാൽ അതിനുള്ള നടപടി തുടങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

സർക്കാർ സ്വീകരിച്ച നടപടി

വലിയ ജലവൈദ്യുത പദ്ധതികൾക്ക് പാരിസ്ഥിതിക അനുമതിയും വനഭൂമിയും കിട്ടുന്നതിനുള്ള കാലതാമസംമൂലം കെ.എസ്.ഇ.ബി. ഇപ്പോൾ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. ഇപ്പോൾ കെ.എസ്.ഇ.ബി.-യുടെ 8 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. മാത്രമല്ല പാലക്കാട് ജില്ലാ പഞ്ചായത്ത് പാലക്കാട് ജില്ലയിൽ 3 MW-ന്റെ മീൻവല്ലം ജലവൈദ്യുത പദ്ധതി പൂർത്തിയാക്കിവരുന്നു.

ശിപാർശ

വാളാന്തി പഞ്ചായത്തിൽ തുടങ്ങിയതുപോലെ ചിമ്മിനി, പീച്ചി ഡാമുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പവർ ജനറേഷന് ലൈസൻസ് കൊടുത്താൽ കൃഷിക്കും വീട്ടാവശ്യത്തിനും വൈദ്യുതി ഉപയോഗിക്കാൻ കഴിയും എന്ന് സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 125)

സർക്കാർ സ്വീകരിച്ച നടപടി

5/2008-ൽ ചിമ്മിനി ചെറുകിട ജലവൈദ്യുത പദ്ധതി തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത പദ്ധതി നിർമ്മിക്കാൻ ജില്ലാ പഞ്ചായത്തിന് ഉദ്ദേശമില്ലെന്ന് 29-11-2008-ൽ അറിയിച്ചതിനെ തുടർന്ന് കെ.എസ്.ഇ.ബി. പദ്ധതി ഏറ്റെടുക്കുകയും ഇതിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പീച്ചി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം കെ.എസ്.ഇ.ബി. പൂർത്തിയാക്കി 7-1-2013-ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്.

ശിപാർശ

കടിവെള്ള വിതരണത്തിന് വേണ്ടിവരുന്ന വൈദ്യുതിക്കുള്ള താരിഫ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ കേരളത്തിൽ വളരെ കൂടുതലാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനാണ് ഏറ്റവും കൂടുതൽ ദുരുപയോഗം ചെയ്യുന്നതെന്നും ഇരുപതഞ്ചോ അൻപതോ സെന്റ് ഭൂമി ഉണ്ടെങ്കിൽ ഒരു ഡൊമസ്റ്റിക് കണക്ഷനും ഒരു അഗ്രികൾച്ചറൽ കണക്ഷനും കാണുമെന്നും ഇതുമൂലം യഥാർത്ഥ കർഷകർക്ക് ഗുണം ലഭിക്കുന്നില്ലെന്നും സമിതി മനസ്സിലാക്കി.

(ഖണ്ഡിക 126)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴിയും ജലനിധി, ജലധാര, സ്വജനധാര, തുടങ്ങിയ സ്കീമുകൾ വഴിയും കൂടാതെ എം.പി./എം.എൽ.എ. തുടങ്ങിയവരുടെ ഫണ്ട് ഉപയോഗിച്ചും, രാജീവ് ഗാന്ധി കടിവെള്ള പദ്ധതികൾ വഴിയും വിതരണം ചെയ്യുന്ന കടിവെള്ളത്തിന് ഗാർഹിക നിരക്കിലാണ് വൈദ്യുതിചാർജ് ഈടാക്കുന്നത്. സംസ്ഥാനത്തെ ഗാർഹിക വൈദ്യുത നിരക്ക് മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. എന്നാൽ കേരള സംസ്ഥാന വാട്ടർ അതോറിറ്റി വെള്ളം പമ്പ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന വൈദ്യുതിക്ക് വ്യാവസായിക നിരക്കിലാണ് താരിഫ് ഈടാക്കുന്നത്. സംസ്ഥാനത്ത് താരിഫ് നിർണ്ണയിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി ബോർഡിന് ഈ നിരക്കുകൾ കുറയ്ക്കുന്നതിനോ ഒഴിവാക്കാനോ സാധ്യമല്ല.

എന്നാൽ ഇലക്ട്രിസിറ്റി ആക്ടിലെ സെക്ഷൻ 65 പ്രകാരം മുൻകൂറായി സബ്സിഡി നൽകിക്കൊണ്ട് വൈദ്യുതി ബോർഡിനോട് നിർദ്ദിഷ്ട വിഭാഗങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ചാർജ് ഈടാക്കുവാൻ നിർദ്ദേശം നൽകാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ട്.

ശിപാർശ

കടിവെള്ളം ചെടി നനയ്ക്കാൻ ഉപയോഗിക്കുന്നത് കേരളത്തിൽ മാത്രമാണ് എന്നും ഇത് നിരുത്സാഹപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. വൈദ്യുതി ഉപയോഗം പരമാവധി കുറച്ചാൽ സർക്കാരിനും കർഷകർക്കും നല്ലതാണെന്നും ഇത് സംബന്ധിച്ച് കൃഷിക്കാരെ ബോധവാന്മാരാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 127)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഊർജ്ജക്ഷമത കൂടിയ പമ്പുകൾ കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക്കൽ സബ്ഡിവിഷൻ തലത്തിൽ രൂപീകരിച്ചിട്ടുള്ള ഡി.എസ്സ്.എം. സെല്ലുകൾ കർഷകരെ ബോധവത്ക്കരിക്കുന്നുണ്ട്.

<u>ശിപാർശ</u>

യഥാർത്ഥ കാർഷിക ഉപഭോക്താക്കളെ കണ്ടെത്തുന്നതോടൊപ്പം സൗജന്യ വൈദ്യുതി ലഭിക്കാൻ യഥാർത്ഥത്തിൽ യോഗ്യതയുള്ളവരെ കണ്ടെത്തുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ച് അതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും വർഷത്തിൽ കൃഷിക്ക് ജലസേചനം ആവശ്യമുള്ളപ്പോൾ മാത്രം സൗജന്യ വൈദ്യുതി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 130)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചുവരുന്ന കർഷകരുടെ കൈവശാവകാശ ഭൂമിയിലും വിളകളിലും കാലാന്തരത്തിൽ വ്യത്യാസം വന്നിട്ടുണ്ട്. ഇതു സംബന്ധിച്ച് കർഷകരുടെ രേഖകളും കൃഷിയിടങ്ങളും പരിശോധിച്ച് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കൃഷിഭവൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നതാണ്. ജലസേചനം ആവശ്യമുള്ളപ്പോൾ മാത്രം സൗജന്യ വൈദ്യുതി അനുവദിക്കുന്നത് സംബന്ധിച്ച് ഊർജ്ജ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ആയത് ലഭിച്ചതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കേരള കാർഷിക സർവ്വകലാശാല ഗവേഷണ പദ്ധതിയായ നീരയുമായി ബന്ധപ്പെട്ട വിഷയം

## 4-1-2012-ലെ യോഗത്തിലെ നിർദ്ദേശം (1-7-2014-ലെ യോഗം പരിഗണിച്ചത്)

<u>നിർദ്ദേശം</u>

'കേരസുധ' എന്ന ഉൽപ്പന്നത്തിന്റെ സാങ്കേതികവിദ്യ സർക്കാരിന് കൈമാറിയശേഷം ആയത് വികസിപ്പിച്ചെടുക്കുവാൻ ആരെ ഏൽപ്പിക്കണമെന്ന് തീരുമാനിക്കാമെന്ന് സമിതി അഭിപ്രായപ്പെടുകയും മൂന്നുമാസത്തിനുള്ളിൽ ഇതിന്റെ എല്ലാ നടപടികളും പൂർത്തീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

22-8-2012-ാം തീയതിയിലെ എക്സ്റ്റൻ (5) 88104/2010 ഉത്തരവിൻ പ്രകാരം കേരസുധ എന്ന ലഹരിവിമുക്ത പാനീയത്തിന്റെ സാങ്കേതികവിദ്യ കേരളസർക്കാരിന്

കൈമാറുന്നതിന് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് കാർഷിക സർവ്വകലാശാല പുറപ്പെടുവിച്ചു. ഇതുപ്രകാരം ലോക നാളികേര ദിനമായ 2-9-2012-ാം തീയതി നീരയിൽ നിന്നുള്ള ലഹരിവിമുക്ത പാനീയത്തിന്റെ സാങ്കേതികവിദ്യ സമർപ്പണം ഒരു പൊതു ചടങ്ങിൽ വച്ച് നിർവ്വഹിക്കപ്പെട്ടു.

തുടർന്ന് 2013-14-ലെ സംസ്ഥാന ബജറ്റ് നിർദ്ദേശങ്ങളിൽ നീരയിൽ നിന്നുള്ള ലഹരിവിമുക്ത പാനീയം 'കേരാമൃതം' എന്ന പേരിൽ വ്യാപാര അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി സർക്കാരിന് സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ 2013-14 വർഷത്തെ ബജറ്റിൽ സർക്കാർ 15 കോടി രൂപ വകയിരുത്തുകയും ചെയ്തു. 20-7-2013-ലെ ജി.ഒ. (ആർടി.) നമ്പർ 1386/2013/എഡി നമ്പർ ഉത്തരവ് പ്രകാരം 3 കേരാമൃതം പൈലറ്റ് പ്ലാന്റുകൾ ആരംഭിക്കുന്നതിനുവേണ്ടി 5.40 കോടി രൂപ കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിക്കുകയും ഇതിൽ 45 ലക്ഷം രൂപ സർവ്വകലാശാലയ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

നീര വിപണനത്തിനാവശ്യമായ ചട്ടങ്ങളുടെ ഭേദഗതികൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ 3-2-2014-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 17/2014/നി.വ. പ്രകാരം കേരള കാർഷിക സർവ്വകലാശാല ഉൾപ്പെടെ 7 സ്ഥാപനങ്ങൾക്ക് സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും നികുതി വകുപ്പിന്റെ 23-9-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 160/2013/നികുതി വകുപ്പ് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

കാർഷിക സർവ്വകലാശാലയിൽ വെള്ളായണി, വെള്ളാനിക്കര, നീലേശ്വരം എന്നീ സ്ഥലങ്ങളിലാണ് 3 പൈലറ്റ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത്. നീരയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ലഹരിവിമുക്ത പാനീയം 'കേരാമൃതം' എന്ന പേരിൽ വിപണനം ചെയ്യുന്നതിന് സർവ്വകലാശാല ട്രേഡ്മാർക്ക് അംഗീകാരവും നേടിയെടുത്തിട്ടുണ്ട്. വിപണനാവശ്യത്തിന് നീര ചെത്തുന്നതിനുവേണ്ടിയുള്ള അപേക്ഷ കേരള കാർഷിക സർവ്വകലാശാല നിർദ്ദിഷ്ട ഫോറത്തിൽ യഥാക്രമം തിരുവനന്തപുരം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് സമർപ്പിച്ചിട്ടുണ്ട്.

കെ. പി. മോഹനൻ,<br>
*ചെയർമാൻ,*<br>
*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,<br>
2015 ജൂലൈ 2.

## അനുബന്ധം

## 2013 ഡിസംബർ 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) 2013 ഡിസംബർ 11-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി:

### ഹാജരായ അംഗങ്ങൾ

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.
2. ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.
3. ശ്രീ. ഇ. പി. ജയരാജൻ, എം.എൽ.എ.
4. ശ്രീ. സി. മോയിൻകുട്ടി, എം.എൽ.എ.
5. ശ്രീ. എസ്. ശർമ്മ, എം.എൽ.എ.
6. ശ്രീ. എം. വി. ശ്രേയാംസ് കുമാർ, എം.എൽ.എ.

### നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി.

### ഹാജരായ മറ്റുദ്യോഗസ്ഥർ

1. ശ്രീ. സുബ്രതാ ബിശ്വാസ്, പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് & കാർഷികോല്പാദന കമ്മീഷണർ
2. ശ്രീ. പ്രസാദ്, പി. എസ്., ജോയിന്റ് സെക്രട്ടറി, കൃഷി (മൃഗസംരക്ഷണവും ക്ഷീരവികസനവും) വകുപ്പ്
3. ഡോ. എൻ. എൻ. ശശി, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
4. ശ്രീമതി സരോജിനി, കെ. ടി., ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
5. ഡോ. വി. ബ്രഹ്മാനന്ദൻ, അഡീഷണൽ ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
6. ഡോ. എം. സുരേഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

7. ഡോ. ജോസ് ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കന്നുകാലി വികസന ബോർഡ്

8. ഡോ. അനി എസ്. ദാസ്, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്

9. പ്രൊഫ. എസ്. രാംകുമാർ, ഡയറക്ടർ, എന്റർപ്രണർഷിപ്പ്, കേരളാ വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, വയനാട്

10. ശ്രീ. നൗഷാദലി, കെ. എൻ., മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ

11. ശ്രീ. ജി. അരുൺ ജോർജ്, അസിസ്റ്റന്റ് പ്രൊഫസർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി.

സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം യോഗം ചേർന്ന് "ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം—സർക്കാർ പദ്ധതികൾ" എന്ന വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

മൃഗസംരക്ഷണ വകുപ്പ് മുഖേന കർഷകർക്ക് ലഭ്യമാക്കിവരുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ച് വകുപ്പ് തയ്യാറാക്കിയ കുറിപ്പ് സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

<u>എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രി</u>

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പ്രവർത്തിക്കുന്ന സർക്കാർ മൃഗാശുപത്രികൾ മുഖേന കർഷകർക്ക് നൽകിവരുന്ന സേവനങ്ങളെ സംബന്ധിച്ച് വകുപ്പ് തയ്യാറാക്കിയ കുറിപ്പ് പരിഗണിക്കവെ, സംസ്ഥാനത്ത് കുളമ്പുരോഗം ബാധിച്ച് കന്നുകാലികൾ മരണപ്പെടുന്നതിനെ സംബന്ധിച്ചും കുളമ്പുരോഗത്തിന്റെ പ്രതിരോധപ്രവർത്തനങ്ങളെ സംബന്ധിച്ചും സമിതി ചർച്ച ചെയ്തു. സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളിലാണ് കുളമ്പുരോഗം വ്യാപകമായ രീതിയിൽ പടർന്നു പിടിച്ചതെന്നും എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രികളുണ്ടെങ്കിലും ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കാനോ രോഗം നിയന്ത്രിക്കാനോ സാധിക്കുന്നില്ലെന്നും രോഗം ബാധിച്ച് ഒരു കന്നുകാലി മരിച്ചാൽ ഒരു കുടുംബത്തിന്റെ വരുമാനമാർഗ്ഗമാണ് ഇല്ലാതാകുന്നത് എന്നതിനാൽ അത് കുടുംബത്തിന്റെ നിലനില്പിനെത്തന്നെ ബാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. മറ്റു സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി കന്നുകാലികളെ കൊണ്ടുവരുന്നതിനുള്ള നിയന്ത്രണം പിൻവലിച്ചതിനാൽ കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നും രോഗബാധയുള്ള കന്നുകാലികൾ കേരളത്തിൽ എത്തുന്നതിനും രോഗബാധ പടരുന്നതിന് കാരണമായതായും സമിതി വിലയിരുത്തി.

കുളമ്പുരോഗം തടയുന്നതിന് ആവശ്യമായ വാക്സിനുകൾ ആവശ്യത്തിന് കിട്ടാതിരുന്നത് രോഗബാധ വർദ്ധിക്കുന്നതിന് കാരണമായെന്നും അവ ശരിയായ ഊഷ്മാവിൽ സൂക്ഷിക്കാതിരുന്നതുമൂലം വീര്യം നഷ്ടപ്പെട്ട വാക്സിൻ കുത്തിവയ്ക്കുന്ന സാഹചര്യം ഉണ്ടായതായും വാക്സിനേഷൻ നടത്തിയ കന്നുകാലികൾക്കും രോഗം വരുന്നതായും സമിതി ചൂണ്ടിക്കാണിച്ചു. വാക്സിന്റെ ഗുണനിലവാരം പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങളില്ലെന്നും വാക്സിൻ കുത്തിവച്ച് പതിനഞ്ചു ദിവസം കഴിഞ്ഞാൽ മാത്രമേ അതിന്റെ ഫലം മനസ്സിലാക്കാൻ സാധിക്കുകയുള്ളൂവെന്നും, കൂടാതെ വാക്സിൻ നൽകേണ്ട സമയത്ത് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സമരം നടന്നതും രോഗം പടരുന്നതിന് കാരണമായതായും സമിതി അഭിപ്രായപ്പെട്ടു.

ഓണം, റംസാൻ തുടങ്ങിയ കാലങ്ങളിൽ ഇറച്ചിക്ക് കൂടുതൽ ആവശ്യം നേരിടുമെന്നതുകൊണ്ടാണ് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കന്നുകാലികളെ കൊണ്ടു വരുന്നതിനുള്ള നിയന്ത്രണം പിൻവലിച്ചതെന്നും കുളമ്പുരോഗം ബാധിച്ച് പശു, ആട്, പന്നി എന്നിവ ഉൾപ്പെടെ 1363 വളർത്തുമൃഗങ്ങൾ ഇതുവരെ സംസ്ഥാനത്ത് മരണപ്പെട്ടിട്ടുണ്ടെന്നും രോഗബാധമൂലം കന്നുകാലി മരിക്കാനിടയായാൽ നഷ്ടപരിഹാരം നൽകുന്നതിന് 5 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ടെന്നും സമിതി ചെയർമാൻ അറിയിച്ചു. കുളമ്പുരോഗം വ്യാപകമായി കണ്ടതിനാൽ വീണ്ടും ചെക്ക് പോസ്റ്റുകളിൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണെന്നും ഇപ്പോൾ രോഗം നിയന്ത്രണവിധേയമായിട്ടുണ്ടെന്നും മികച്ച രീതിയിലുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും ഇത്തരം രോഗങ്ങളെ സംബന്ധിച്ച് ക്ഷീരകർഷകർക്ക് ആവശ്യമായ നിർദ്ദേശവും കന്നുകാലികൾക്കാവശ്യമായ ചികിത്സയും മൃഗാശുപത്രികൾ വഴി നൽകുന്നുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

തുടർന്ന് കുളമ്പുരോഗത്തെക്കുറിച്ചും അതിന്റെ രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും വകുപ്പ് നൽകുന്ന സേവനങ്ങളെ സംബന്ധിച്ചും ക്ഷീരകർഷകരെ ബോധവൽക്കരിക്കുന്നതിനും രോഗപ്രതിരോധത്തിന് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചും വിശദമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടതിന് രോഗപ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് പത്രമാധ്യമങ്ങളിൽ അറിയിപ്പ് നൽകിയിരുന്നെന്നും രോഗം ഇപ്പോൾ നിയന്ത്രണവിധേയമായിട്ടുണ്ടെന്നും കൃഷി (മൃഗസംരക്ഷണ) വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. മൃഗസംരക്ഷണ വകുപ്പിലെ നാല് അഡീഷണൽ ഡയറക്ടർമാരുടെ കീഴിൽ നാല് സോൺ രൂപീകരിച്ച് ടാസ്ക് ഫോഴ്സ് ഉണ്ടാക്കിയിട്ടുണ്ടെന്നും എവിടെയെങ്കിലും രോഗം റിപ്പോർട്ട് ചെയ്താൽ ആ പ്രദേശത്തെ മൃഗാശുപത്രിക്കടുത്ത് ജില്ലാതലത്തിലുള്ള മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ നേരിട്ടു പോയി വാക്സിനേഷനും മരുന്നും കൊടുക്കുകയാണ് ചെയ്യുന്നതെന്നും മരുന്ന് എല്ലാ ജില്ലകളിലും ലഭ്യമാണെന്നും ജോയിന്റ് സെക്രട്ടറി വിശദീകരിച്ചു. രോഗബാധമൂലം ഒരു പശു മരിക്കുകയാണെങ്കിൽ കർഷകന് 20,000 രൂപയും പശുവിന് പാൽ കുറയുകയാണെങ്കിൽ നഷ്ടപരിഹാരമായി ഒരുമാസം നാല് പാക്കറ്റ് കാലിത്തീറ്റയും നൽകുന്നുണ്ടെന്നും ജോയിന്റ് സെക്രട്ടറി കൂട്ടിച്ചേർത്തു.

കുളമ്പുരോഗം തടയുന്നതിൽ ആവശ്യമായ വാക്സിനുകൾ കൃത്യമായി ലഭ്യമാക്കുന്നതിലും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലും വകുപ്പുതലത്തിൽ ഫലപ്രദമായ നടപടികൾ തുടർന്നും കൈക്കൊള്ളണമെന്നും ക്ഷീരകർഷകരുടെ ക്ഷേമം ഉറപ്പുവരുത്തണമെന്നും രോഗബാധമൂലം കന്നുകാലികൾ മരിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകാൻ കാലതാമസമുണ്ടാകരുതെന്നും സമിതി നിർദ്ദേശിച്ചു.

### കന്നുകാലി പ്രജനന നയം

മെച്ചപ്പെട്ട സങ്കരയിനം ഇനങ്ങളെ സൃഷ്ടിക്കുന്നതിനായി പശുക്കളിൽ നൽകുന്ന കൃത്രിമ ബീജദാന സംവിധാനം സംബന്ധിച്ച് നടന്ന ചർച്ചയിൽ ഓരോ സ്പീഷീസിനെയും ക്രോസ് ബ്രീഡ് ചെയ്യുമ്പോൾ പാൽ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനാണ് കൂടുതൽ പ്രാധാന്യം നൽകിവരുന്നതെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും എന്നാൽ അതോടൊപ്പം രോഗപ്രതിരോധശേഷിയുള്ള സ്പീഷീസിനെ ഉൽപ്പാദിപ്പിക്കുന്നതിന് തുല്യപ്രാധാന്യം നൽകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

### കർഷക രജിസ്ട്രേഷൻ

കർഷകർക്കായുള്ള പദ്ധതികളുടെ ഭാവനാപൂർണ്ണമായ ആസൂത്രണത്തിനും കർഷകർക്ക് സർക്കാർ സഹായങ്ങൾ കൃത്യമായി നൽകുന്നതിനും കർഷകരുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായി നടപ്പിലാക്കികൊണ്ടിരിക്കുന്ന കർഷക രജിസ്ട്രേഷന് നിബന്ധനകൾ എന്തെങ്കിലുമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ആയതിന് പ്രത്യേക നിബന്ധനകളൊന്നുമില്ലെന്നും പശു വളർത്തുന്ന ഏതൊരു കർഷകനും രജിസ്ട്രേഷൻ ചെയ്യാവുന്നതാണെന്നും എല്ലാവരുംതന്നെ ഇപ്പോൾ രജിസ്ട്രേഷൻ ചെയ്യുന്നുണ്ടെന്നും മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

### സംരംഭകത്വ വികസന പദ്ധതി

ഒരു സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രസ്തുത പദ്ധതി പ്രകാരം ശാസ്ത്രീയമായ രീതിയിൽ മൃഗങ്ങളെ വളർത്തുന്നതിനും പാൽ ഉൽപ്പന്നനിർമ്മാണം, ഇറച്ചി സംസ്ക്കരണം എന്നിവയിലും പരിശീലനം നൽകിവരുന്നതായും ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## കർഷകർക്ക് ആട്, കോഴി, താറാവ്, മുയൽ, പന്നി എന്നിവ വളർത്തുന്നതിന് പ്രോത്സാഹനം നൽകുന്ന പദ്ധതികൾ

### താറാവ് വളർത്തൽ

കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പാക്കിവരുന്ന പ്രസ്തുത പദ്ധതിയിൽ താറാവ് വളർത്തൽ യൂണിറ്റ് നടപ്പാക്കുന്നതിന് ഒരു കർഷകന് 50,000 രൂപ ധനസഹായം ലഭ്യമാക്കുന്നുവെന്നും ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## സ്കൂൾ കുട്ടികൾക്ക് കോഴിവളർത്തൽ പദ്ധതി

പ്രസ്തുത പദ്ധതി പ്രകാരം ഒരു സ്കൂളിലെ 100 കുട്ടികൾക്കു മാത്രമാണോ അഞ്ച് കോഴിക്കുഞ്ഞുങ്ങളെ വീതം നൽകുന്നതെന്ന് സമിതി ആരാഞ്ഞതിന് ഇപ്പോൾ തെരഞ്ഞെടുത്ത സ്കൂളുകളിലെ 5, 6, 7 ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും രണ്ടു മാസം പ്രായമുള്ള അഞ്ച് കോഴിക്കുഞ്ഞുങ്ങളും തീറ്റയും സൗജന്യമായി നൽകുന്നുണ്ടെന്നും ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ സ്കൂൾ കുട്ടികൾക്കും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതാണെന്നും കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

## കേന്ദ്രസഹായത്തോടെ പിന്നാമ്പുറം കോഴിവളർത്തൽ പദ്ധതി

കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി ഗ്രാമീണമേഖലയിൽ വീട്ടുമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതിയെ സംബന്ധിച്ചു നടന്ന ചർച്ചയിൽ 45 കോഴിക്കുഞ്ഞുങ്ങളെ വീതം വളർത്തുന്നതിനും ഇതിനാവശ്യമായ കൂട് നിർമ്മിക്കുന്നതിനും ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നുവെന്ന് മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## ആട് പ്രജനന യൂണിറ്റ്

ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം ഒരു ഉപഭോക്താവിന് 5 പെൺ ആടും ഒരു മുട്ടനാടും അടങ്ങുന്ന യൂണിറ്റിന് 25,000 രൂപ ധനസഹായം നൽകിവരുന്നുണ്ടെന്ന് മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## കന്നുകുട്ടി പരിശീലന പദ്ധതി

സംസ്ഥാനത്തെ സങ്കരയിനം പശുക്കുട്ടികളെ ശാസ്ത്രീയരീതിയിൽ പരിപാലിക്കുന്നതിന് കർഷകർക്ക് സൗജന്യനിരക്കിൽ തീറ്റ, ഇൻഷ്വറൻസ്, ആരോഗ്യ പരിരക്ഷ എന്നിവ ലഭ്യമാക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം ഒരു കർഷകന് 12,500 രൂപ സബ്സിഡിയിനത്തിൽ നൽകിവരുന്നതായി മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## പതിമൂന്നാം ധനകാര്യ കമ്മീഷൻ

പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ഭാഗമായി കന്നുകുട്ടികൾക്ക് സബ്സിഡിയിനത്തിൽ തീറ്റ ലഭ്യമാക്കുന്ന പദ്ധതിയനുസരിച്ച് ഒരു ഗുണഭോക്താവിന് 12,500 രൂപയുടെ ധനസഹായം ലഭിക്കുന്നുണ്ടെന്ന് മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## കുട്ടനാട് പാക്കേജ്—13-ാം ധനകാര്യ കമ്മീഷൻ

കുട്ടനാട് പാക്കേജിന്റെ ഭാഗമായി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ എരുമ വളർത്തൽ, കന്നുകാലി വളർത്തൽ, താറാവ് വളർത്തൽ, സബ്സിഡി നിരക്കിൽ കാലിത്തീറ്റയും ധാതുവള മിശ്രിതവും ലഭ്യമാക്കൽ എന്നിവ നടപ്പിലാക്കിവരുന്നതായി ജോയിന്റ് സെക്രട്ടറി മൃഗസംരക്ഷണ വകുപ്പ് സമിതിയെ അറിയിച്ചു.

എരുമ വളർത്തൽ പദ്ധതി അനുസരിച്ച് ഒരു ഗുണഭോക്താവിന് എരുമ വാങ്ങുന്നതിന് 30,000 രൂപയുടെ ധനസഹായവും കന്നുകാലി വളർത്തൽ പദ്ധതി അനുസരിച്ച് ഒരു ഗുണഭോക്താവിന് രണ്ട് കറവപ്പശുക്കളടങ്ങിയ ഒരു യൂണിറ്റിന് 30,000 രൂപയുടെ ധനസഹായവും ലഭിക്കുന്നതാണെന്നും ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്ന താറാവ് വളർത്തൽ പദ്ധതിയനുസരിച്ച് 14,250 രൂപയുടെ ധനസഹായവും ലഭിക്കുന്നതാണെന്നും മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് സെക്രട്ടറി തുടർന്നറിയിച്ചു.

## ആർ.കെ.വി.വൈ.—നിറവ് പദ്ധതി

പ്രസ്തുത പദ്ധതിയിൻകീഴിൽ താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്നും കൂത്തുപറമ്പ്, പത്തനാപുരം, ചെങ്ങന്നൂർ, തൊടുപുഴ, പാല, കോട്ടയ്ക്കൽ, കൊടുങ്ങല്ലൂർ, കൽപ്പറ്റ, നാദാപുരം എന്നീ നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്ന കിടാരി വളർത്തൽ പദ്ധതിയുടെ കീഴിൽ രണ്ട് കിടാരികൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിന് ഒരു ഉപഭോക്താവിന് 34,000 രൂപയുടെ ധനസഹായം ലഭിക്കുന്നതാണെന്നും മൃഗസംരക്ഷണവകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

1000 സ്കൂൾ കുട്ടികൾക്ക് പെൺ ആട്ടിൻകുട്ടികളെ വിതരണം ചെയ്യുന്ന സ്കൂൾ ഗോട്ട് ക്ലബ്ബ് പദ്ധതി പ്രകാരം ഒരു വിദ്യാർത്ഥിക്ക് 3,000 രൂപയുടെ സഹായമാണ് ലഭിക്കുന്നതെന്നും പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതി പ്രകാരം 3000 ഗുണഭോക്താക്കൾക്ക് 10 കോഴികളെ വീതം നൽകുന്നുണ്ടെന്നും മലബാറി ആടു വളർത്തൽ പ്രോത്സാഹന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 7,000 രൂപയുടെ സഹായം നൽകുന്നുണ്ടെന്നും പ്രസ്തുത പദ്ധതി തൊടുപുഴ നിയോജകമണ്ഡലത്തിലാണ് നടപ്പാക്കുന്നതെന്നും ജോയിന്റ് സെക്രട്ടറി വ്യക്തമാക്കി. പാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പന്നി വളർത്തൽ പദ്ധതിയുടെ കീഴിൽ 300 ഗുണഭോക്താക്കൾക്ക് 5,000 രൂപയുടെ ധനസഹായമാണ് നൽകുന്നതെന്ന് അദ്ദേഹം അറിയിച്ചു.

## ഇടുക്കി പാക്കേജ്

ഇടുക്കി പാക്കേജിന്റെ ഭാഗമായി 15000 ഗുണഭോക്താക്കൾക്ക് ഒരു കിടാരി വീതം നൽകുന്ന കിടാരി വളർത്തൽ പദ്ധതി അനുസരിച്ച് ഓരോ ഉപഭോക്താവിനും 8,000 രൂപ വീതം സഹായം ലഭിക്കുമെന്നും 18000 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ തീറ്റ നൽകുന്ന കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 9,583 രൂപ ധനസഹായമായി ലഭിക്കുന്നതാണെന്നും ആടു വളർത്തൽ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 2,690 രൂപയുടെ സഹായം ലഭിക്കുമെന്നും മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ

തുടർന്ന് സമിതി കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന പദ്ധതികളെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

കോർപ്പറേഷൻ മുഖേന ഗ്രാമീണ വനിതകൾക്ക് ഒരു വരുമാനമാർഗ്ഗമെന്ന നിലയിൽ നടപ്പിലാക്കുന്ന ഗ്രാമം നിറയെ കോഴികൾ പദ്ധതി അനുസരിച്ച് പഞ്ചായത്ത് സമിതി തെരഞ്ഞെടുക്കുന്ന ഓരോരുത്തർക്കും 5 കോഴി, 10 കിലോ തീറ്റ, 20 രൂപയുടെ മരുന്ന്, കോഴിവളർത്തലിൽ ഒരു ദിവസത്തെ പരിശീലനം എന്നിവ നൽകിവരുന്നുവെന്നും വനിതകൾക്ക് ഒരു അധിക വരുമാനമാർഗ്ഗം എന്ന നിലയിൽ നടപ്പിലാക്കുന്ന മറ്റൊരു പദ്ധതിയായ 'കോഴിവളർത്തൽ ഗ്രാമങ്ങൾ' പ്രകാരം തെരഞ്ഞെടുത്ത ഓരോ പഞ്ചായത്തിലെയും 2500 വനിതാ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ 3500 വനിതാ ഉപഭോക്താക്കൾക്ക് ഓരോരുത്തർക്കും 4 കോഴി, 5 കിലോ തീറ്റ, 25 രൂപയുടെ മരുന്ന് എന്നിവ സൗജന്യമായി നൽകുന്ന 'കെപ്കോ ഗ്രാമങ്ങൾ' എന്ന പദ്ധതിയുടെ പ്രയോജനം ഏകദേശം എല്ലാ വനിതകൾക്കും ലഭ്യമാകുമെന്നതിനാൽ ആയത് നല്ല സംരംഭമാണെന്ന് സമിതി വിലയിരുത്തി.

കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതിയനുസരിച്ച് ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വിദ്യാർത്ഥിക്കും 3 കോഴി, 3 കിലോ തീറ്റ, 20 രൂപയുടെ മരുന്ന് എന്നിവയും കെപ്കോ നഗരപ്രിയ പദ്ധതിയനുസരിച്ച് എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ നഗരപരിധിക്കുള്ളിലെ ഓരോ ഗുണഭോക്താവിനും 5 കോഴി, ആധുനിക രീതിയിലുള്ള കൂട്, 5 കിലോതീറ്റ, മരുന്ന് എന്നിവയും നൽകുന്നു. വിധവകൾക്കും അശരണരായ സ്ത്രീകൾക്കും ഒരു ചെറിയ ഉപജീവനമാർഗ്ഗമെന്ന നിലയിൽ നടപ്പിലാക്കിവരുന്ന കെപ്കോ ആശ്രയ പദ്ധതിയും 45 കോഴികളെ വിതരണം ചെയ്യുന്ന റൂറൽ ബാക്ക്യാർഡ് പൗൾട്രി പദ്ധതിയും 2000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഷെഡ് സ്വന്തമായുള്ള കർഷകർക്കായി ഇന്റഗ്രേഷൻ ഫാമിംഗ് പദ്ധതിയും കോർപ്പറേഷൻ നടപ്പിലാക്കുന്നുണ്ടെന്ന് ഡയറക്ടർ സമിതിയെ അറിയിച്ചു.

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

സംസ്ഥാനത്ത് ആവശ്യമായ മാംസവും മാംസ ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിലും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് ശ്രദ്ധ ചെലുത്തുന്നുവെന്നും പന്നിവളർത്തൽ നടത്തുന്ന കർഷകർ ഉൽപ്പാദിപ്പിക്കുന്ന പന്നികളെ വിപണനം ചെയ്യുന്നതിന് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ സഹായം നൽകുന്നുണ്ടെന്നും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

തുടർന്ന് സമിതി ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ കീഴിൽ നടന്നുവരുന്ന താഴെപ്പറയുന്ന പദ്ധതികളെക്കുറിച്ച് ചർച്ച നടത്തി:

മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്ന പദ്ധതി പ്രകാരം വർഷംതോറും 500 പുതുസംരംഭകർക്ക് മൃഗസംരക്ഷണം ലാഭകരമായ ഉപജീവന മാർഗ്ഗമാക്കുന്നതിനാവശ്യമായ പരിശീലനം കെ.എൽ.ഡി. ബോർഡ് മുഖേന നൽകിവരുന്നുണ്ടെന്നും ഏറ്റവും നല്ല മലബാറി ആടുകളെ തെരഞ്ഞെടുത്ത് കർഷകർക്ക് മിതമായ നിരക്കിൽ നൽകുന്നതിനായും വിദേശ ജനുസ്സിൽപ്പെട്ട മികച്ച പന്നിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് മിതമായ നിരക്കിൽ നൽകുന്നതിനായുമുള്ള പദ്ധതികൾ കെ.എൽ.ഡി. ബോർഡും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്നതായി മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ കർഷകർക്ക് സൗജന്യമായി പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും പ്രായമാകുമ്പോൾ മാർക്കറ്റ് വിലയനുസരിച്ച് വില നൽകി അവരിൽ നിന്ന് പന്നികളെ തിരികെ വാങ്ങുകയും ചെയ്യുന്നതായും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ മാനേജിംഗ് ഡയറക്ടർ വിശദമാക്കി.

സംസ്ഥാനത്ത് കന്നുകാലികൾ കൂടുതലുള്ളതും, കുടുംബശ്രീ പ്രവർത്തനങ്ങൾ സജീവമായതുമായ ജില്ലകളിൽ തെരെഞ്ഞെടുത്ത ഒരു ഏക്കർ വീതമുള്ള മോഡൽ തീറ്റപ്പുൽകൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കിവരുന്നുണ്ടെന്നും ഒരേക്കർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് കർഷകർക്ക് 15,000 രൂപയും അതിനുവേണ്ട പരിശീലനവും നൽകിവരുന്നുണ്ടെന്നും കൂടുതൽ തീറ്റപ്പുൽകൃഷി ചെയ്യുന്ന കർഷകർക്ക് 55% സബ്സിഡിയോടെ ഷാഫ്കട്ടർ നൽകിവരുന്നുണ്ടെന്നും സൈലേജ് പിറ്റ് നിർമ്മാണത്തിനായി 75,000 രൂപ വരെ ധനസഹായം നൽകുന്നുണ്ടെന്നും മാനേജിംഗ് ഡയറക്ടർ വിശദീകരിച്ചു. തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന് കർഷകർക്കാവശ്യമായ സഹായം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ സ്കൂൾ വിദ്യാർത്ഥികൾക്കായി സ്റ്റുഡന്റ്സ് ഗോട്ട് ക്ലബ്ബ് രൂപീകരണവും ആട് വിതരണവും, പശുക്കളെ ദത്തെടുക്കുന്നതിനുള്ള പദ്ധതി എന്നീ പുതിയ രണ്ട് പദ്ധതികൾ 2014-15 വർഷം നടപ്പിലാക്കുന്നതിനായി പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും മാനേജിംഗ് ഡയറക്ടർ തുടർന്നറിയിച്ചു.

തുടർന്ന് കേരള ഫീഡ്സ് ലിമിറ്റഡ് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് നടന്ന ചർച്ചയിൽ കേരള ഫീഡ്സ് ലിമിറ്റഡ് ക്ഷീരകർഷകർക്ക് ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റയും ധാതുലവണ മിശ്രിതവും ലഭ്യമാക്കുന്നുണ്ടെന്ന് കേരള ഫീഡ്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കാലിത്തീറ്റയുടെ ഗുണനിലവാരമില്ലായ്മമൂലം പാലിന്റെ അളവ് കുറയുന്നുവെന്ന പരാതി വ്യാപകമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും ആയതിന്റെ വിശദീകരണം ആരായുകയും ചെയ്തു.

കേരളത്തിൽ പ്രതിദിനം വിറ്റഴിയുന്ന 2500 ടൺ കാലിത്തീറ്റയിൽ 1000 ടൺ വിതരണം ചെയ്യുന്നത് കേരള ഫീഡ്സ് ലിമിറ്റഡാണെന്നും ആയതിന്റെ സാമ്പിൾ ലാബുകളിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ടെന്നും എന്നാൽ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്താനാകില്ലെന്നും മാനേജിംഗ് ഡയറക്ടർ സമിതിയെ ബോധ്യപ്പെടുത്തി.

വർഷം മുഴുവനും തീറ്റപ്പുൽ ഉത്പാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും കഴിയുന്ന തരത്തിൽ തീറ്റപ്പുൽ ബ്ലോക്ക്/കംപ്ലീറ്റ് ഫീഡ് ബ്ലോക്ക് നിർമ്മാണ യൂണിറ്റും ബ്രോയിലർ ആവശ്യത്തിനായുള്ള ആടുവളർത്തലിന് കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ബ്രോയിലർ ആടുവളർത്തൽ യൂണിറ്റും സ്ഥാപിക്കുന്നതിന് കേരള ഫീഡ്സ് ലിമിറ്റഡിന് പദ്ധതിയുണ്ടെന്നും മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. ബ്രോയിലർ മുയൽ വളർത്തൽ യൂണിറ്റ്, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ സുൽത്താൻ ബത്തേരിയിൽ സ്ഥാപിച്ചിട്ടുള്ള ആധുനിക മൾട്ടി സ്പീഷീസ് അറവുശാല എന്നിവയും കേരള ഫീഡ്സിന്റെ പദ്ധതികളാണെന്ന് മാനേജിംഗ് ഡയറക്ടർ കൂട്ടിച്ചേർത്തു.

<u>കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി</u>

തുടർന്ന് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി സംബന്ധിച്ച് നടന്ന ചർച്ചയിൽ മൃഗസംരക്ഷണ മേഖല നേരിടുന്ന വിവിധ വെല്ലുവിളികൾക്ക് ഗവേഷണങ്ങളിലൂടെ പരിഹാരം കണ്ടെത്തുന്നതിനും അതു സംബന്ധിച്ച അറിവ് കർഷകരിലേക്ക് പകർന്നു നൽകുവാനും സർവ്വകലാശാല അതീവശ്രദ്ധ പുലർത്തുന്നുണ്ടെന്നും കൂടുതൽ ചെറുപ്പക്കാരെ പ്രസ്തുത മേഖലയിലേക്ക് ആകർഷിക്കുവാനും അവർക്ക് ലാഭകരമായ തൊഴിൽ ഉറപ്പുവരുത്തുന്നതിനും സർവ്വകലാശാല പരിശ്രമിക്കുന്നതാണെന്നും കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പ്രൊഫസർ സമിതിയെ അറിയിച്ചു.

കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലാബ് സംവിധാനം ഏർപ്പെടുത്തണമെന്നും വെറ്ററിനറി കോളേജ് ഇല്ലാത്ത പ്രദേശങ്ങളിൽ വെറ്ററിനറി കോളേജ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുകയും യോഗത്തിൽ കൃഷി വകുപ്പ് അവതരിപ്പിച്ച പദ്ധതികൾ അംഗീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 3 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 22-4-2014-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I, 2014 ഏപ്രിൽ മാസം 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ V-D സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാവായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി:

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
2. ശ്രീ. സി. മോയിൻകുട്ടി
3. ശ്രീ. പി.തിലോത്തമൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. വി. കെ. ബാലകൃഷ്ണൻ, സ്പെഷ്യൽ സെക്രട്ടറി & ഡയറക്ടർ (സി.പി.എം.യു.), ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്
2. ശ്രീമതി മിനി ആന്റണി, ഐ.എ.എസ്., ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
3. ശ്രീ. രാജശേഖര പണിക്കർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. അബ്ദുൾ വാഹീദ്, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
5. ശ്രീ. കെ. ജെ. ആന്റണി, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
6. ശ്രീ. കെ. എസ്. അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
7. ഡോ. ഇ. കെ. മാത്യൂ, രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല
8. ശ്രീ. പ്രസാദ്, പി. എസ്., ജോയിന്റ് സെക്രട്ടറി, കൃഷി (മൃഗസംരക്ഷണവും ക്ഷീരവികസനവും) വകുപ്പ്

9. ശ്രീ. ഹരി പി. നായർ, ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്

10. ശ്രീമതി മിത്ര, റ്റി., ഡയറക്ടർ, സർവ്വെ & ലാന്റ് റെക്കോർഡ്സ് വകുപ്പ്

11. ഡോ. എൻ. എൻ. ശശി, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

12. ശ്രീമതി സരോജിനി, കെ. റ്റി., ഡയറക്ടർ, ക്ഷീര വികസന വകുപ്പ്

13. ശ്രീ. മുഹമ്മദലി റാവുത്തർ, എം., ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ജനറേഷൻ-ഇലക്ട്രിക്കൽ), കെ.എസ്.ഇ.ബി. ലിമിറ്റഡ്

14. ശ്രീ. ആർ.അജിത് കുമാർ, ഡയറക്ടർ, കൃഷി വകുപ്പ്

15. ശ്രീ. കെ. എം. ധരേശൻ ഉണ്ണിത്താൻ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ

16. ഡോ. അനി എസ്. ദാസ്, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്

17. ഡോ. ജോസ് ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

18. ശ്രീ. എസ്. അജയൻ, മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്

19. ഡോ. എം. സുരേഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

20. ശ്രീ. എം. രാജീവ്, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

21. ശ്രീ. എസ്. ശ്രീകുമാർ, ചീഫ് എഞ്ചിനീയർ (ഇൻവെസ്റ്റിഗേഷൻ & പ്ലാനിംഗ്), കെ.എസ്.ഇ.ബി. ലിമിറ്റഡ്.

22. ശ്രീ. ഫിലിപ്പ് സക്കറിയ, ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്

23. ശ്രീ. ബാലചന്ദ്രൻ, വി., ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്.

സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും നിർദ്ദേശങ്ങളോടെ അംഗീകരിക്കുകയും തുടർന്ന് നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തവയെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരിൽ നിന്ന് തെളിവെടുക്കുകയും ചെയ്തു.

I. (1) <u>2013-14 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 2848/സബ്.സി.സി2/2013/നി.സെ.)

ഖണ്ഡിക 13, 17, 18, 29, 40 മുതൽ 94 വരെ, 97, 98, 100 മുതൽ 120 വരെ, 122 മുതൽ 125 വരെ.

ഖണ്ഡിക 13

നീർമറി പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ മണ്ണുജല സംരക്ഷണം പദ്ധതിക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 20 കോടി രൂപ പൂർണ്ണമായും ചെലവഴിക്കാത്ത തിനാലാണ് അധികമായി ആവശ്യപ്പെട്ട പത്തുകോടി രൂപ ലഭിക്കാത്തതെന്ന് അഭിപ്രായപ്പെട്ട സമിതി തുക ചെലവഴിക്കാൻ കഴിയാത്തതിന്റെ കാരണം, പദ്ധതിയുടെ നിലവിലെ സ്ഥിതി, മാർച്ചിനുശേഷം ഈ തുക ചെലവഴിക്കാൻ സ്വീകരിച്ച നടപടികൾ എന്നിവയെ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കാമെന്ന് കൃഷി വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി.

ഖണ്ഡിക 17

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥർ ആരും തെളിവെടുപ്പിന് ഹാജരായിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി ആയതിനുള്ള വിശദീകരണം ആരായണമെന്ന് നിർദ്ദേശിച്ചു.

ഖണ്ഡിക 18

സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടി വകുപ്പ് സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

ഖണ്ഡിക 53

പന്നിക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് കർഷകർക്ക് പരിശീലനം നൽകാൻ ഫാം ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനായി 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും തുക ലഭിക്കാത്തതിനാൽ വീണ്ടും അപേക്ഷിച്ചിട്ടുണ്ടെന്ന് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഖണ്ഡിക 54

ചാലക്കുടിയിൽ ആധുനിക മാംസ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് ഈ സാമ്പത്തികവർഷം 315 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന് മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള സാങ്കേതിക തടസ്സം എന്താണെന്ന് ആരാഞ്ഞതിന് പ്രസ്തുത സ്ഥലം പശ്ചിമഘട്ട പരിധിയിൽ വരുന്നതിനാൽ കസ്തൂരിരംഗൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രദേശമാണെന്ന് ഡയറക്ടർ മറുപടി നൽകി.

ഖണ്ഡിക 55

ഇടയാറിൽ റെന്ററിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അധികതുക ലഭിച്ചിട്ടില്ലെങ്കിലും പുതിയ പ്ലാന്റിനായി സപ്ലിമെന്ററി ഗ്രാന്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഡയറക്ടർ അറിയിച്ചു.

ഖണ്ഡിക 56, 57

ആധുനിക തീറ്റ ഉല്പാദന പ്ലാന്റ് സ്ഥാപിക്കുന്നതിന് 2014-15 സാമ്പത്തികവർഷം 135 ലക്ഷം രൂപ അനുവദിച്ചെന്നും മുണ്ടയാട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആധുനിക കോഴി സംസ്കരണ പ്ലാന്റിനായി സമിതി ശിപാർശ ചെയ്ത പ്രകാരം അധിക തുകയൊന്നും അനുവദിച്ചിട്ടില്ലെന്നും ഡയറക്ടർ അറിയിച്ചു സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

ഖണ്ഡിക 58

കേന്ദ്ര ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രീസ് മന്ത്രാലയം അംഗീകാരം നൽകുകയും കേന്ദ്ര വിഹിതം ലഭിക്കുകയും ചെയ്ത ഇടയാറിലെ പന്നികളെയും ആടുമാടുകളെയും സംസ്കരിക്കുന്ന പദ്ധതിക്ക് സമിതി ആവശ്യപ്പെട്ട അധിക തുക അനുവദിച്ചിട്ടില്ല എന്നും ആർ.കെ.വി.വൈ. സ്കീമിൽ ഉൾപ്പെടുത്തുന്നതിന് ഒരു പുതിയ സ്കീം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു

ഖണ്ഡിക 59

ഗുണമേന്മയുള്ളതും രോഗവിമുക്തവുമായ മാംസം കഴിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വിപണന വിപുലീകരണത്തിനുമായി ആവശ്യപ്പെട്ടിരുന്ന അധിക തുക ഈ വർഷത്തെ ബഡ്ജറ്റിലും അനുവദിച്ചിട്ടില്ലെന്നും തുക അനുവദിക്കുന്നതിനായി അപേക്ഷിച്ചിട്ടുണ്ടെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചു

ഖണ്ഡിക 60

സമിതി ശിപാർശ ചെയ്ത തുക ഈ വർഷത്തെ അധിക ധനാഭ്യർത്ഥനയിൽ നൽകാമെന്നാണ് അറിയിച്ചിട്ടുള്ളതെന്നും ആർ.കെ.വി.വൈ. സ്കീം പ്രകാരം അധികമായി 5 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. സമിതി ശിപാർശ ചെയ്ത തുക നിർബന്ധമായും നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

ഖണ്ഡിക 61, 62

ഇടുക്കി പാക്കേജിന്റെ ഭാഗമായി 300 ടൺ പ്രതിദിന ഉല്പാദനശേഷിയുള്ള ഹൈടെക് കാലിത്തീറ്റ യൂണിറ്റിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും സമീകൃത കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഫീഡ് അനലിറ്റിക്കൽ ലബോറട്ടറി സ്ഥാപിക്കുവാൻ എൻ.ഡി.ഡി.ബി.-യിൽ നിന്നും കിട്ടിയ തുക ചെലവ് ചെയ്തിട്ടുണ്ടെന്നും ഈ വർഷത്തെ ആർ.കെ.വി.വൈ. സ്കീമിൽ പ്രൊപ്പോസൽ കൊടുത്തിട്ടുണ്ടെന്നും മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഖണ്ഡിക 63

കുട്ടനാട് പാക്കേജിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ 50 ടൺ പ്രതിദിന ഉല്പാദന ശേഷിയുള്ള വൈക്കോൽക്കട്ട നിർമ്മാണ യൂണിറ്റിന്റെ നിർമ്മാണചെലവിനായി 2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 450 ലക്ഷം രൂപ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടെന്നും ബഡ്ജറ്റ് മാന്വൽ പ്രകാരം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുന്നത് ബഡ്ജറ്റിന്റെ ഭാഗമാണെന്നും പ്രസ്തുത തുക ലഭ്യമാക്കാത്തത് ഗൗരവമായി എടുക്കണമെന്നും അന്വേഷണവിധേയമാക്കേണ്ടതാണെന്നും നിരീക്ഷിച്ച സമിതി ആയതുസംബന്ധിച്ച തുക ലഭ്യമാക്കാതിരുന്നതിന് എഴ് ദിവസങ്ങൾക്കകം വിശദീകരണം ലഭ്യമാക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടാനും സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 40

പശ്ചിമഘട്ട സെൽ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ അധിക ധനാഭ്യർത്ഥനാ നിർദ്ദേശത്തിൽ ആവശ്യപ്പെട്ട 23.18 ലക്ഷം രൂപ 2551 മേജർ ഹെഡിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

ഖണ്ഡിക 42, 43, 44, 46 മുതൽ 51 വരെ, 64, 65, 70,71

സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

കോഴിക്കോട് ചേമഞ്ചേരിയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ നിർമ്മാണം സെപ്റ്റംബറിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് സമിതിയുടെ ചോദ്യത്തിനുത്തരമായി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

ഖണ്ഡിക 72 മുതൽ 80 വരെ, 82 മുതൽ 91 വരെ

പ്രസ്തുത ഖണ്ഡികകളിൽ സമിതി ശിപാർശ ചെയ്തപ്രകാരമുള്ള തുക അനുവദിക്കണമെന്ന് വീണ്ടും ആവശ്യപ്പെടാൻ നിർദ്ദേശിച്ചു

ഖണ്ഡിക 92

പൊയ്യ നെയ്തൽ പൈതൃക മത്സ്യഗ്രാമ പദ്ധതി ഇപ്പോൾ നടക്കുന്നുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 75 ലക്ഷം രൂപ വിനിയോഗിച്ച് ഒരു മ്യൂസിയത്തിന്റെ സ്ട്രക്ച്ചർ വർക്ക് ഹാബിറ്റാറ്റ് ചെയ്തിട്ടുണ്ടെന്നും അവിടെയുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി വകയിരുത്തിയിരുന്ന 12 ലക്ഷം രൂപ അതിനായി വിനിയോഗിച്ചിട്ടുണ്ടെന്നും സീ ഫുഡ് കിച്ചൻ നിർമ്മിക്കുന്നതിനായി വകയിരുത്തിയ 71 ലക്ഷം രൂപ ഉപയോഗിച്ച് അതിന്റെ സ്ട്രക്ച്ചർ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇന്റേണൽ എക്യുപ്പ്മെന്റ്സിനും മറ്റ് കാര്യങ്ങൾക്കും വേണ്ടിയുള്ള ഒരു സമിതി രൂപീകരിക്കുകയും സമിതിയുടെ ശിപാർശകൂടി കണക്കിലെടുത്ത് അതിന്റെ ജോലി തുടർന്നുകൊണ്ടിരിക്കുകയാണെന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. റോഡ് നിർമ്മാണത്തിനായി 40 ലക്ഷം രൂപകൂടി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന് നൽകിയിട്ടുണ്ടെന്ന് മത്സ്യബന്ധന വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഖണ്ഡിക 94

മത്സ്യബന്ധന തുറമുഖങ്ങളിലെ ജീവനക്കാരുടെ വേതനം മുഴുവനും നൽകിയോ എന്ന് സമിതി ആരാഞ്ഞതിന് നൽകിയെന്ന് ജോയിന്റ് സെക്രട്ടറി അറിയിച്ചു. സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം എന്ന് നിർദ്ദേശിച്ചു

ഖണ്ഡിക 98

മത്സ്യത്തൊഴിലാളി അനുബന്ധ തൊഴിലാളി പെൻഷൻ ഫണ്ട് വിഹിതം ലഭിക്കുന്നുണ്ടോ എന്നും അതുമായി ബന്ധപ്പെട്ട കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, സ്റ്റേ ഉത്തരവ് ലഭിച്ചിരുന്ന ഒരു കേസിൽ സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിക്കുകയും സർക്കാരിന് അനുകൂലമായി വിധി ഉണ്ടാകുകയും ചെയ്തെന്നും കയറ്റുമതിക്കാർ 50 ലക്ഷം രൂപ തൃശ്ശൂർ കോടതിയിൽ കെട്ടിവെക്കണമെന്നും പ്രസ്തുത തുക സർക്കാരിന് കൈമാറി നൽകണമെന്നും കോടതി ഉത്തരവായെന്നും 4 കേസിന്റെ വിചാരണ പൂർത്തിയാക്കിയശേഷം വിധി പറയുന്നതിനായി മാറ്റിവച്ചിരിക്കുകയാണെന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു

ഖണ്ഡിക 100

സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള 65 ലക്ഷം രൂപയിൽ അനുവദിച്ച 34,24,000 രൂപ ഒഴിച്ചുള്ള ബാക്കി തുക കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

ഖണ്ഡിക 101

സംയോജിത മത്സ്യബന്ധന വികസന പദ്ധതിക്കുള്ള തുക ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താൻ ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

ഖണ്ഡിക 104

കാവിൽ (കേരള അക്വാവെൻച്വർ ഇന്റർനാഷണൽ)-ന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് സമിതി ആരാഞ്ഞതിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ റീ അപ്രോപ്രിയേഷൻവഴി നൽകുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചില്ലെന്ന് ഡയറക്ടർ അറിയിച്ചു. ഇപ്പോൾ മാർജിനൽ ലാഭത്തിന് കയറ്റുമതി നടക്കുന്നുണ്ടെന്നും മോർട്ടാലിറ്റി റേറ്റിനെക്കുറിച്ചുള്ള പ്രശ്നങ്ങൾ ഇപ്പോൾ ഇല്ലെന്നും പഴയ ബാധ്യതകൾ ഇപ്പോഴും തുടരുന്നുവെന്നുമാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തെ റിപ്പോർട്ടെന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ കൂട്ടിച്ചേർത്തു.

കാവിലിന്റെ ബാധ്യതകൾ തീർക്കുന്നതിനായി NFDB (National Fisheries Development Board)-യിൽ നിന്നും സഹായം ലഭിക്കുന്നതിനായി 49.51 അനുപാതത്തിൽ സ്വകാര്യമേഖലാ കമ്പനിയായിരുന്നത് 51.49 അനുപാതത്തിൽ പൊതുമേഖലാ കമ്പനിയാക്കിയെന്നും NFDB-യിൽ നിന്നും ലഭിച്ച 50 ലക്ഷം രൂപ വകമാറ്റി ചെലവഴിച്ചുവെന്നും ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് കൊടുത്തിരിക്കുകയാണെന്നും ഇപ്പോൾ അത്യാവശ്യമായിട്ടുള്ള ഒരു കോടി രൂപ പലിശ രഹിത വായ്പയായി കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും കൊടുക്കുന്നതിന് തീരുമാനിച്ചപ്രകാരം 60 ലക്ഷം രൂപ കൊടുത്തുകഴിഞ്ഞുവെന്നും ബാക്കി 40 ലക്ഷം രണ്ട് ഗഡുവായി നൽകുമെന്നും RKVY-ൽ നിന്നും അനുവദിച്ച 6.25 കോടി രൂപ ഇതുവരെ നൽകിയിട്ടില്ലെന്നും എക്സ്-ഒഫീഷ്യോ അംഗം ബഹു.മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു. കാലാവസ്ഥാ വ്യതിയാനം കാരണം കയറ്റുമതിക്കുള്ള മത്സ്യം ലഭിക്കുന്നില്ല എന്നതാണ് കാവിൽ അഭിമുഖീകരിക്കുന്ന പുതിയ പ്രശ്നമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കടുങ്ങല്ലൂരിലെ ഫാം ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും സമിതിയംഗത്തിന്റെ ചോദ്യത്തിനുത്തരമായി അദ്ദേഹം അറിയിച്ചു

ഏറ്റവും വലിയ സാറ്റ്ലൈറ്റ് ഫാം ഉള്ള നെയ്യാർഡാമിൽ ആയിരത്തിലേറെ ടാങ്കുകൾ ചെയ്യിരിക്കുന്നുവെന്നും അവിടെ മത്സ്യകൃഷിക്കുള്ള ഉപകരണങ്ങൾ, വാട്ടർ കണക്ഷൻ തുടങ്ങിയ കാര്യങ്ങൾ ചെയ്യിട്ടില്ലെന്നും അതെല്ലാം ഇപ്പോൾ RKVY-ൽ നടത്തുന്നുണ്ടെന്നും പ്രസ്തുത പ്രവൃത്തി കഴിഞ്ഞാൽ മാത്രമേ ഉല്പാദനവും കയറ്റുമതിയും സാധിക്കുകയുള്ളൂവെന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

'കാവിൽ' സ്വകാര്യ കമ്പിനിയായിട്ടാണ് രജിസ്റ്റർ ചെയ്യിരുന്നതെങ്കിലും മുഖ്യമന്ത്രി ചെയർമാനും മത്സ്യബന്ധന വകുപ്പുമന്ത്രി വൈസ് ചെയർമാനും 12 അംഗങ്ങളിൽ 6 പേർ ഗവൺമെന്റ് പ്രതിനിധികളുമായതിനാൽ പ്രസ്തുത കമ്പനി സ്വകാര്യമേഖലയിലേക്ക് പോകില്ലെന്നും മത്സ്യഫെഡിൽ നിന്നും ചില ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും ഓഹരി എടുത്തിട്ടുണ്ടെന്നും സമിതിയംഗം ശ്രദ്ധയിൽപ്പെടുത്തി. ലക്ഷദ്വീപിലേക്ക് CMFRI-യുടെയും NEA-യുടെയും മത്സ്യകയറ്റുമതി 'കാവിൽ' വഴിയായിരിക്കണമെന്ന് നിർദ്ദേശം കൊടുത്തിരുന്നതായി മത്സ്യബന്ധന വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന കേന്ദ്രമന്ത്രി 'കാവിൽ' സന്ദർശിച്ചതിനുശേഷം അറിയിച്ചിരുന്നുവെന്നും എന്നിട്ടും കയറ്റുമതി തടസ്സപ്പെടാൻ കാരണമെന്താണെന്നും സമിതിയംഗം ആരാഞ്ഞു. ഒരു പ്രൈവറ്റ് കമ്പനിയായി രജിസ്റ്റർ ചെയ്യിരുന്നതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ആർ.കെ.വി.വൈ., എൻ.എഫ്.ഡി.ബി. തുടങ്ങിയ ഏജൻസികൾക്ക് 'കാവിലി'-ന് ധനസഹായം നൽകാൻ സാധിക്കുമായിരുന്നില്ലെന്ന് എക്സ്-ഒഫീഷ്യോ അംഗം ബഹു.മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

വിദേശരാജ്യങ്ങളിലേക്ക് മത്സ്യം കയറ്റുമതി ചെയ്യുന്നതിന് ധാരണയായതിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതുസംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽ പഠനം നടത്തുകയും അമേരിക്കയിലെ ചിക്കാഗോയിൽ 'യു.എസ്. കാവിൽ ' എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്യുകയുമുണ്ടായെങ്കിലും കയറ്റുമതി ചെയ്യുന്നതിനുള്ള മത്സ്യത്തിന്റെ ഉത്പാദനക്കാര്യത്തിൽ ശ്രദ്ധിച്ചില്ലെന്ന് സമിതി നിരീക്ഷിച്ചു. പ്രസ്തുത കമ്പനിയുടെ ബാധ്യത 65 ലക്ഷം രൂപയാണെന്നും മുന്നോട്ടുപോകുന്തോറും വാടകയിനത്തിലും മറ്റും ബാധ്യതകൂടി വരികയാണെന്നും എക്സ്-ഒഫീഷ്യോ അംഗം സമിതിയെ അറിയിച്ചു.

മദ്രാസ് നഗരത്തിൽ ഒരു സ്ഥലത്ത് ഏകദേശം 600 കുടുംബങ്ങൾ ചേർന്ന് മിൽമയുടെ മാതൃകയിൽ പ്ലാസ്റ്റിക്ക് ബാഗുകളിൽ മൽസ്യക്കുഞ്ഞുങ്ങളെ വളർത്തി കളക്ഷൻ സെന്ററിൽ കൊടുക്കുന്നുണ്ടെന്നും സഹകരണസംഘങ്ങളെ ചുമതലപ്പെടുത്തിക്കൊണ്ട് അത്തരമൊരു പദ്ധതിക്ക് രൂപം നൽകുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

'കാറിൽ' നല്ലൊരു ആശയമായിരുന്നുവെന്നും അതിന്റെ നടത്തിപ്പിൽ വന്ന പാകപ്പിഴമൂലം ഇതിനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ലെന്നും ഏകദേശം 25 കോടി രൂപയുടെ ബാധ്യത ഈ സ്ഥാപനത്തിനുണ്ടെന്നും ഇതിൽ പണം മുടക്കിയ വ്യക്തികൾക്ക് പണം നഷ്ടപ്പെട്ടിരിക്കുകയാണെന്നും കമ്പനിക്ക് നിയമപ്രകാരം അവർക്ക് പണം നൽകാൻ സാധിക്കില്ലെന്നും കമ്പനി ലാഭത്തിലാണെങ്കിൽ ലാഭവിഹിതം കൊടുക്കേണ്ടതാണെന്നും നഷ്ടമാണെങ്കിൽ നഷ്ടം സഹിക്കേണ്ടി വരുമെന്നും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി വെളിപ്പെടുത്തി. നിലവിൽ സ്ഥാപനത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് ശ്രമിക്കുകയാണെന്നും ഈ വർഷം കുറച്ചുകൂടി നന്നായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഖണ്ഡിക 105

കൊച്ചിയിലെ പുതുവൈപ്പിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഓഷ്യനേറിയത്തിനും അതിന്റെ പരിസ്ഥിതി ആഘാത പഠന ചെലവുകൾക്കുമായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന ശിപാർശ പ്രകാരം തുക അനുവദിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, ആയതിനുള്ള നിർദ്ദേശം സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചു കിട്ടിയില്ലെന്നും പരിസ്ഥിതി ആഘാത പഠനം പൂർത്തിയായതായി ടെണ്ടർ ചെയ്ത ഏജൻസി അറിയിച്ചിട്ടുണ്ടെന്നും മത്സ്യബന്ധന തുറമുഖ വകുപ്പ് ഡയറക്ടർ അറിയിച്ചു. ഡൽഹിയിലെ സെൻട്രൽ എക്സ്പോർട്ട് അപ്രൈസൽ കമ്മിറ്റിയിൽ നിന്നും അനുമതി വാങ്ങേണ്ട സാഹചര്യം ഒഴിവാക്കുന്നതിനും സംസ്ഥാനത്തെ സമിതിയുടെ പരിധിയിൽ വരത്തക്കവിധവും നിർദ്ദിഷ്ട ഓഷ്യനേറിയത്തിന്റെ വിസ്തൃതി ചെറുതാക്കിയിട്ടുണ്ടെന്നും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു. സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 106

കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കടാശ്വാസ കമ്മീഷന്റെ തീരുമാനങ്ങൾ ഫണ്ടിന്റെ അപര്യാപ്തതമൂലം ശരിയായി നടക്കുന്നില്ലെന്നും 141 കോടി രൂപ ഉടൻ ലഭിച്ചാൽ മാത്രമേ മത്സ്യത്തൊഴിലാളികളുടെ വായ്പകൾ തീർപ്പാക്കാൻ കഴിയുകയുള്ളുവെന്നും കഴിഞ്ഞ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി 50 കോടി രൂപ പ്രഖ്യാപിച്ചെന്നും 20 കോടി രൂപ ഉപധനാഭ്യർത്ഥനപ്രകാരം ലഭിച്ചുവെന്നും സഹകരണ ബാങ്കിന്റെ വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിക്കാത്തതിനാൽ

30 കോടി രൂപ ലഭിച്ചിട്ടില്ല എന്നും മുൻ കാലങ്ങളിൽ ദേശസാൽക്കരണ ബാങ്കുകളുടെയും വാണിജ്യ ബാങ്കുകളുടേയും വായ്പകൾ എഴുതി തള്ളിയിരുന്നില്ലെന്നും ഇപ്പോൾ അവയുമായി കൂടിയാലോചിച്ച് 25 കോടി രൂപയുടെ ബാധ്യത പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും പ്രസ്തുത തുകയ്ക്കായി മന്ത്രിസഭയിൽ വയ്ക്കുകയാണെന്നും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി വിശദീകരിച്ചു.

ബാങ്കുകളും കടാശ്വാസ കമ്മീഷനും ചേർന്ന് നടത്തിയ സിറ്റിംഗുകളിൽ ഒരു പ്രാവശ്യം 75,000 രൂപയും 25% പലിശ ഇളവും നൽകുന്നുണ്ടെന്നും ക്യാംപെയിൻ സമയത്ത് ചില ബാങ്കുകൾ 2 ലക്ഷം രൂപ വരെ ഇളവ് ചെയ്തു കൊടുത്തിട്ടുണ്ടെന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ തുടങ്ങി 10 കോർപ്പറേഷനുകളുടെ വായ്പകൾക്കുകൂടി ഇത് ബാധകമാക്കിയിട്ടുണ്ടെന്നും മറ്റു മേഖലകളിലേതുപോലെ പൂർണ്ണമായും തൃപ്തികരമായ രീതിയിൽ മത്സ്യത്തൊഴിലാളി മേഖലയിൽ കടാശ്വാസ പ്രവർത്തനം നടക്കുന്നില്ലെന്നും അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കാൻ നിയമം ഭേദഗതി ചെയ്തു കമ്മീഷനെ രണ്ട് ബെഞ്ചാക്കിയെന്നും ഇപ്പോൾ ഒരേ സമയത്ത് രണ്ട് ജില്ലയിൽ സിറ്റിംഗ് നടത്താൻ കഴിയുന്നുണ്ടെന്നും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി വ്യക്തമാക്കി. ഫണ്ടിന്റെ അപര്യാപ്തതയും സഹകരണ ബാങ്കുകളുടെ നിസ്സഹകരണവുമാണ് കടാശ്വാസ പ്രവർത്തനങ്ങൾ തൃപ്തികരമായി നടപ്പാക്കാൻ കഴിയാത്തതിന് കാരണമെന്നും പ്രശ്ന പരിഹാരത്തിനായി സഹകരണ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേർന്നിരുന്നുവെന്നും വീണ്ടും യോഗം ചേരുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി കൂട്ടിച്ചേർത്തു.

ഖണ്ഡിക 108

സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കാൻ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 109

സംയോജിത മത്സ്യബന്ധന വികസന പദ്ധതി പൂർത്തിയാക്കിയ പ്രോജക്ട് ആണെന്നും ഓഹരി മൂലധനമാണ് കിട്ടാനുള്ളതെന്നും മത്സ്യബന്ധന വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് പ്രസ്തുത തുക അനുവദിക്കാൻ വീണ്ടും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക 110

വിഴിഞ്ഞം തുറമുഖത്തിന്റെ സൗത്ത് സോണിൽ 8 കോടി രൂപയുടെ നവീകരണം നടക്കുന്നുണ്ടെന്ന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

ഖണ്ഡിക 111

കണ്ണൂർ ജില്ലയിലെ തലായി ഫിഷിംഗ് ഹാർബറിന്റെ പണി പൂർത്തിയാക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ടെന്നും ഈ വർഷം തന്നെ പണി പൂർത്തിയാക്കുമെന്നും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു. അവിടെ ശേഷിക്കുന്ന ജോലി എന്താണെന്ന ചോദ്യത്തിന്, ഡ്രഡ്ജിംഗ്, ഗ്രൂവിംഗ് പണികൾ ചെയ്യാനുണ്ടെന്നും ആകെ 34 കോടി രൂപയുടെ റിവൈസ്ഡ് സാംഗ്ഷൻ ലഭിച്ചിട്ടുണ്ടെന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ മറുപടി നൽകി.

ഖണ്ഡിക 112

പുതിയ മത്സ്യബന്ധന തുറമുഖ കേന്ദ്രങ്ങൾ കണ്ടെത്തൽ പദ്ധതിക്കായി 100 ലക്ഷം രൂപ അധികമായി കിട്ടുകയും അത് ചെലവാക്കുകയും ചെയ്തിട്ടുണ്ടെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

ഖണ്ഡിക 113

കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം പദ്ധതിക്കായി 40 ലക്ഷം രൂപയേ അനുവദിച്ചിട്ടുള്ളൂ എന്ന് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചപ്പോൾ ഈ പ്രോജക്ടിന്റെയും റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടെന്ന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി വെളിപ്പെടുത്തി.

ഖണ്ഡിക 114

ചെത്തി മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ പൂർത്തിയാക്കിയ പ്രവൃത്തികൾക്കായി ആവശ്യപ്പെട്ട 15 ലക്ഷം രൂപ ലഭിച്ചില്ലെന്നും ബാക്കിയുള്ള പ്രവൃത്തികൾ സി.ഡബ്ല്യൂ.ആർ.എസി.-ന്റെ പരിശോധനയ്ക്ക് ശേഷം ചെയ്യുമെന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. പ്രസ്തുത തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ നിർത്തലാക്കിയെന്നും അത് കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നതിനായി ഒരു നിർദ്ദേശം സമർപ്പിക്കാൻ സി.ഡബ്ല്യൂ.ആർ.എസ്.നോട് ആവശ്യപ്പെടുന്നതാണെന്നും ഇതിനാവശ്യമായ ഫണ്ട് കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കാൻ ശ്രമിച്ച് വരുന്നുണ്ടെന്നും വകുപ്പുമന്ത്രി വിശദീകരിച്ചു.

ഖണ്ഡിക 115

ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിനായി കഴിഞ്ഞ വർഷം അനുവദിച്ച തുക മുഴുവൻ ലഭിച്ചിട്ടില്ലെന്നും ഈ വർഷം 600 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

ഖണ്ഡിക 116

ചെറുവത്തൂർ മത്സ്യബന്ധന തുറമുഖ പദ്ധതിക്കായി കഴിഞ്ഞ വർഷം 12 കോടി രൂപ വകയിരുത്തിയിരുന്നുവെന്നും അതു മുഴുവൻ വിനിയോഗിച്ചുവെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു.

ഖണ്ഡിക 117

മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ കരാർ വച്ചിട്ടുണ്ടെന്നും അതിന്റെ പണി ഉടൻ ആരംഭിക്കുമെന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

ഖണ്ഡിക 118

തൃശ്ശൂർ മുനയ്ക്കക്കടവിൽ മത്സ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രത്തിന്റെ നിർമ്മാണം എന്ന പദ്ധതിക്കായി അധിക തുക ലഭിച്ചിരുന്നുവെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

ഖണ്ഡിക 123

മത്സ്യബന്ധന തുറമുഖങ്ങളും കരയ്ക്കടുപ്പിക്കുന്നതിനുള്ള സൗകര്യങ്ങളും എന്ന പദ്ധതിക്ക് തുക അനുവദിച്ചത് സംബന്ധിച്ച ചോദ്യത്തിന് ഈ വർഷത്തെ ഉപധനാഭ്യർത്ഥനയിൽ തുക ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

ഖണ്ഡിക 119, 124, 125

പ്രസ്തുത ഖണ്ഡികകളിൽ സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കാനും പുതിയ ശീർഷകം അനുവദിക്കുന്നതിനും ആവശ്യമായ നടപടി വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 120

അന്ധകാരനഴി പാലം നിർമ്മാണത്തിനായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന ശിപാർശ പ്രകാരം 446 ലക്ഷം രൂപയുടെ നിർദ്ദേശം സമർപ്പിച്ചെന്നും അഡീഷണൽ ആതറൈസേഷൻ വഴി 86.52 ലക്ഷം രൂപയും പുനർധനവിനിയോഗം വഴി 73.14 ലക്ഷം രൂപയും ലഭിച്ചുവെന്നും പ്രസ്തുത തുക പദ്ധതിക്കായി വിനിയോഗിച്ചെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു. ഈ വർഷത്തെ ബഡ്ജറ്റിൽ തുക ആവശ്യമില്ലേ എന്ന ചോദ്യത്തിന് 250 ലക്ഷം രൂപ ആവശ്യമുണ്ടെന്ന് ചീഫ് എഞ്ചിനീയർ മറുപടി നൽകി. ആയത് അടുത്ത ബഡ്ജറ്റിൽ പരിഗണിക്കാമെന്ന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു.

(2) 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3037/സബ്.സി.സി12/12) ഖണ്ഡിക 7, 9, 10, 11, 17

ഖണ്ഡിക 12

പ്രസ്തുത ഖണ്ഡികയിലെ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയെ സംബന്ധിച്ച ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ടി വകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ ഹാജരാകാതിരുന്നതിനാൽ ആയത് അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിന് സമിതി തീരുമാനിച്ചു.

ഖണ്ഡിക 17

ചേർത്തല താലൂക്കിലെ കരനെൽപ്പാടങ്ങളിൽ കൃഷി ചെയ്തു വരുന്ന പച്ചക്കറി കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ഒരു കോൾഡ് സ്റ്റോറേജ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് അവസാന ഘട്ടത്തിലാണെന്നും ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന പ്രസ്തുത പ്രോജക്ടിനാവശ്യമായ ഫണ്ട് R.K.V.Y. പദ്ധതിയിൽ നിന്നും ലഭിക്കുന്നതാണെന്നും കൃഷി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് പ്രസ്തുത പ്രോജക്ട് റിപ്പോർട്ടിന്റെ നിർദ്ദേശം മാർച്ച് ആദ്യത്തെ ആഴ്ചയിലാണ് നൽകിയതെന്നും, ആയതിന്റെ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ മേയ് 15-നകം കൊടുക്കാൻ സാധിക്കുമെന്നും സമിതിയുടെ ചോദ്യത്തിനുത്തരമായി കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചു.

ഖണ്ഡിക 10, 11

പ്രസ്തുത ഖണ്ഡികകളിൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള തുക ലഭ്യമാക്കുന്നതിനാവശ്യമായുള്ള നടപടി വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

(3) 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4871/സബ്.സി.സി2/11/നി.സെ.)

ഖണ്ഡിക 5

കാസറഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരെ സഹായിക്കുന്നതിനുള്ള പ്രത്യേക പദ്ധതിക്കായി 10 കോടി രൂപ നടപ്പുവർഷത്തെ ബജറ്റിൽ അനുവദിച്ചിട്ടുണ്ടെന്ന് കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചു.

ഖണ്ഡിക 12

കാർഷിക സേവനകേന്ദ്രങ്ങൾക്കായി 10 ലക്ഷം രൂപ വകയിരുത്തണമെന്ന ശിപാർശയിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിൽ ടി പദ്ധതിക്കായി സമിതി ശിപാർശ ചെയ്ത 10 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നില്ല എന്ന മറുപടി സംബന്ധിച്ച് ആരാഞ്ഞതിന് ആർ.കെ.വി.വൈ.-ൽ നിന്നും ഇതിനാവശ്യമായ ഫണ്ട് ലഭിച്ചുവെന്നും ഇതിനായി 20 കോടി രൂപയുടെ ഒരു പ്രോജക്ട് അംഗീകരിച്ചിട്ടുണ്ടെന്നും കൃഷി വകുപ്പ് ഡയറക്ടർ വിശദീകരണം നൽകി.

ഖണ്ഡിക 24, 25

സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള മുഴുവൻ തുകയും ലഭ്യമാക്കാനുള്ള നടപടി വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കൂടാതെ പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 21-ലെ ശിപാർശയിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു

(4) 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 14979/സബ്.സി.സി2/2010/നി.സെ.)

ഖണ്ഡിക 4, 12, 19 നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു. കൂടാതെ പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 17-ലെ ശിപാർശയിന്മേൽ 7-2-2013-ലെ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു

(5) 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15597/സബ്.സി.സി2/2009/നി.സെ.)

ഖണ്ഡിക 3

(6) <u>2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 16113/സബ്.സി.സി2/2008/നി.സെ.)

ഖണ്ഡിക 17-ലെ ശിപാർശയിന്മേൽ 10-12-2012-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ്.

(7) <u>2007-08 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 13415/സബ്.സി.സി2/2007/നി.സെ.)

ഖണ്ഡിക 15, 30, 92

(8) <u>2005-06 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 7607/സബ്.സി.സി2/2005/നി.സെ.)

ഖണ്ഡിക 9

(9) നാളികേര മേഖലയിലെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ഫയൽ നമ്പർ 15380/സബ്.സി.സി2/2010/നി.സെ.)

ഖണ്ഡിക 18, 38, 59 ഇവ സമിതി അംഗീകരിച്ചു.

<u>ഖണ്ഡിക 18</u>

ഉയരം കുറഞ്ഞതും അത്യുല്പാദനശേഷിയുള്ളതുമായ തെങ്ങിൻ തൈകൾക്ക് പ്രാധാന്യം നൽകണമെന്ന ശിപാർശയിന്മേലുള്ള മറുപടി പരിഗണിക്കവെ പ്രസ്തുത പദ്ധതിക്കായി ഈ വർഷം ഒരു ലക്ഷം തെങ്ങിൻ തൈകൾ വിതരണം നടത്തണമെന്ന് സമിതി നിർദ്ദേശിച്ചപ്പോൾ അതിനുള്ള തെങ്ങിൻ തൈകൾ തയ്യാറാക്കിയിട്ടുണ്ടെന്ന് കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചു. നിലവിലുള്ള തെങ്ങുകൾ വെട്ടിമാറ്റി, റീപ്ലാന്റിംഗ് നടത്തണമെന്ന നിർദ്ദേശത്തിന്മേൽ റീപ്ലാന്റിംഗ് ഉദ്ദേശിക്കുന്നില്ലെന്നും ഒരു പഞ്ചായത്തിന് നൂറ് തെങ്ങിൻ തൈകൾ കൊടുക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ചെയർമാൻ വ്യക്തമാക്കി.

(10) <u>പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്</u>

(ഫയൽ നമ്പർ 15381/സബ്.സി.സി2/2010/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 13, 16, 22, 33, 47, 124, 125, 126, 127, 130

<u>ഖണ്ഡിക 130</u>

പരാമർശിച്ചിട്ടുള്ള സൗജന്യ വൈദ്യുതി നൽകുന്നത് സംബന്ധിച്ച് ഊർജ്ജ വകുപ്പിന്റെ അഭിപ്രായം ലഭിച്ചിരുന്നോ എന്ന ചോദ്യത്തിന്, സംസ്ഥാന റഗുലേറ്ററി കമ്മീഷനാണ് വൈദ്യുതി ചാർജിന്റെ താരിഫ് നിശ്ചയിക്കുന്നതെന്നും കേരളത്തിലെ കാർഷിക വൈദ്യുതി ഉപഭോക്താക്കളുടെ വൈദ്യുത ചാർജ് അടുത്ത കാലത്തൊന്നും വർദ്ധിപ്പിച്ചിട്ടില്ലായെന്നും പഴയനിരക്കിലാണ് വൈദ്യുതി നൽകിക്കൊണ്ടിരിക്കുന്നതെന്നും കമ്മീഷന്റെ നയം അതാണെന്നും കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയർ വിശദീകരിച്ചു. ഖണ്ഡികയിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു

<u>ഖണ്ഡിക 123</u>

ചെറുകിട ജലവൈദ്യുതി പദ്ധതികൾ ഒരു വർഷത്തിനുള്ളിൽ 20 എണ്ണമെങ്കിലും പൂർത്തിയാക്കാൻ സാധിക്കുമോ എന്ന സമിതിയുടെ ചോദ്യത്തിന് പുരയിടത്തിൽ കൂടി ഒഴുകുന്ന ചെറിയ തോടുകളിൽ നിന്ന് വെള്ളം എടുത്ത് ചെയ്യുന്ന ചെറിയ ഹൈഡ്രോ പ്രോജക്ടുകളാണെന്നും മൊത്തം 50 പദ്ധതികൾക്ക് MNRE സപ്പോർട്ട് നൽകിയിട്ടുണ്ടെന്നും അതിൽ 36 എണ്ണം പൂർത്തീകരിച്ചുവെന്നും വൈദ്യുതി ഇല്ലാത്ത സ്ഥലങ്ങളിൽ ഒരു കിലോ വാട്ട് മുതൽ 5 കിലോ വാട്ട് വരെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും അവയ്ക്ക് MNRE 80 ശതമാനം വരെ സബ്സിഡി നല്കുന്നുണ്ടെന്നും എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ സമിതിയെ അറിയിച്ചു

(11) 10-12-2012-ലെ യോഗത്തിൽ ചട്ടം 235(1)(v) പ്രകാരം 'ഭക്ഷ്യസുരക്ഷാ പദ്ധതി'യെക്കുറിച്ച് നടന്ന ചർച്ചയിൽ കാട്ടാമ്പള്ളി പ്രദേശത്തെ നെൽകൃഷിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് പരിശോധിച്ച് അംഗീകരിച്ചു

പ്രസ്തുത വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുചേർക്കണമെന്ന് കണ്ണൂർ ജില്ലാ കളക്ടറോട് നിർദ്ദേശിക്കുവാൻ സമിതി തീരുമാനിച്ചു

(ഫയൽ നമ്പർ 302/സബ്.സി.സി2/2012/നി.സെ.)

II. 2. സമിതിയുടെ താഴെപ്പറയുന്ന വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലും യോഗതീരുമാനങ്ങളിന്മേലും ഇനിയും മറുപടി ലഭ്യമാക്കാത്തതുസംബന്ധിച്ച് വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുത്തു:

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകൾ

(i) 2005-06-ലെ 5-ാമത് റിപ്പോർട്ട് ഖണ്ഡിക 7

(ii) 2009-10-ലെ 4-ാമത് റിപ്പോർട്ട് ഖണ്ഡിക 4, 12, 23, 24, 25

(iii) 2010-11-ലെ 5-ാമത് റിപ്പോർട്ട് ഖണ്ഡിക 7, 14, 16, 18

(iv) 2011-12-ലെ 1-ാമത് റിപ്പോർട്ട് ഖണ്ഡിക 13, 14, 17

(v) 2013-14-ലെ 3-ാമത് റിപ്പോർട്ട് ഖണ്ഡിക 1 മുതൽ 12 വരെ, 14, 15, 16, 19 മുതൽ 28 വരെ, 30 മുതൽ 39 വരെ, 95, 96, 99, 121, 126, 127

(vi) നാളികേര മേഖലയിലെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച 11-3-2011-ന് സഭയിൽ സമർപ്പിച്ച റിപ്പോർട്ട് ഖണ്ഡിക 32, 35, 40, 56, 62, 63.

(vii) പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് 11-3-2011-ന് സഭയിൽ സമർപ്പിച്ച റിപ്പോർട്ട് ഖണ്ഡിക 18, 128, 129, 77.

മേൽപ്പറഞ്ഞ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിന്റെ വിശദീകരണം സമിതി ആരാഞ്ഞപ്പോൾ ആകെ 54 ഖണ്ഡികകളാണ് കൃഷി വകുപ്പുമായി ബന്ധപ്പെട്ടതെന്നും അവ പല ഘട്ടങ്ങളിലാണെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല എന്നും ജൂൺ 15 നകം എല്ലാ റിപ്പോർട്ടുകളും സമിതിക്ക് ലഭ്യമാക്കാമെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

III. സമിതി യോഗങ്ങളിൽ ആവശ്യപ്പെട്ട അധിക വിവരങ്ങൾ

1. 4-1-2012-ലെ യോഗത്തിലെ നിർദ്ദേശപ്രകാരം കേരള കാർഷിക സർവ്വകലാശാലയുടെ നീര ഗവേഷണ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് യോഗത്തിൽ ലഭ്യമാക്കിയ മറുപടി അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിന് സമിതി തീരുമാനിച്ചു.

2. കൂടാതെ താഴെപ്പറയുന്ന യോഗതീരുമാനപ്രകാരമുള്ള അധിക വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

(i) 4-1-2012-ലെ യോഗത്തിൽ പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ

(ii) 23-5-2012-ലെ യോഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2011-12 വർഷത്തെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ

(iii) 7-2-2013-ലെ യോഗത്തിൽ 2010-11 വർഷത്തെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ആവശ്യപ്പെട്ട അധിക വിവരം

(iv) 10-12-2012-ലെ യോഗത്തിൽ 2008-2009 വർഷത്തെ 3-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരം.

3. കൂടാതെ, 2011-12-ലെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള അനന്തര നടപടികൾ കൈക്കൊണ്ടതുസംബന്ധിച്ച് ഇനിയും ലഭ്യമാക്കാനുള്ള ഡിറ്റേ സ്റ്റേറ്റ്മെന്റുകൾ അടിയന്തരമായി നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

4. 2010-ലെ കേരള ഫിഷറീസും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ടിലെ 67-ാം വകുപ്പുപ്രകാരം പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 913/2013 കേരള ഫിഷറീസും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട് (2013)-ന്റെ പരിഗണന 2011 ജനുവരിയിലാണ് കേരള ഫിഷറീസും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ട് നിലവിൽ വന്നതെന്നും ആയതിന്റെ 67-ാം വകുപ്പ് അനുസരിച്ച് സർവ്വകലാശാലയുടെ ആദ്യത്തെ സ്റ്റാറ്റ്യൂട്ട് പുറപ്പെടുവിക്കേണ്ടത് സർക്കാർ ആയിരുന്നുവെന്നും ആയതിന്റെ നടപടികൾക്കായി ധനകാര്യ വകുപ്പിനും നിയമ വകുപ്പിനും ഫയൽ അയയ്ക്കുകയും ഇതിന്റെ നടപടികൾ 2013 നവംബറിലാണ് അവസാന ഘട്ടത്തിൽ എത്തിയതെന്നും ഏകദേശം മൂന്ന് വർഷത്തെ കാലതാമസം വന്നതിനാലാണ് സ്റ്റാറ്റ്യൂട്ട് പ്രസിദ്ധീകരിച്ചതിനുശേഷം സാധൂകരണത്തിനായി വിഷയനിർണ്ണയ സമിതിയിൽ അപേക്ഷിച്ചതെന്നും കൃഷി വകുപ്പ്, അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. മൂലനിയമം മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങളും മലയാളത്തിൽ ആയിരിക്കേണ്ടതാണെന്ന് നിയമസഭാ സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ചട്ടത്തിന്റെ പരിഭാഷ പൂർത്തിയാക്കാൻ കാലതാമസമുണ്ടാകുമെന്നും ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ള ഇംഗ്ലീഷിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ തന്നെ പരിഗണിക്കാവുന്നതാണെന്ന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി അഭിപ്രായപ്പെടുകയും അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. സ്റ്റാറ്റ്യൂട്ട് എത്രയുംവേഗം മലയാളത്തിൽ പ്രസിദ്ധീകരിക്കണമെന്ന് നിയമ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

സമിതിയോഗം ഉച്ചയ്ക്ക് 12 മണിക്ക് പിരിഞ്ഞു.

# 7-5-2014-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I, 2014 മേയ് 7-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയിലെ പ്രത്യേക ക്ഷണിതാവായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി:

ഹാജരായ അംഗങ്ങൾ

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.
2. ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.
3. ശ്രീ. ഇ. പി. ജയരാജൻ, എം.എൽ.എ.
4. ശ്രീ. എസ്. ശർമ്മ, എം.എൽ.എ.
5. ശ്രീ. പി. തിലോത്തമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
2. പ്രൊഫ. ബി. മധുസൂദനകുറുപ്പ്, വൈസ് ചാൻസലർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ്
3. ശ്രീ. ജി. രാജശേഖരപണിക്കർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. പി. ജി. ബെന്നി, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

2010-ലെ കേരള ഫിഷറീസും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ടിലെ 67-ാം വകുപ്പ് പ്രകാരം മത്സ്യബന്ധന വകുപ്പ് എസ്.ആർ.ഒ. നമ്പർ 913/2013 ആയി പുറപ്പെടുവിച്ച പ്രഥമ സ്റ്റാറ്റ്യൂട്ട് സമിതി പരിഗണിച്ചു. മലയാളത്തിലുള്ള ആക്ടിനെ അടിസ്ഥാനമാക്കി രൂപീകരിച്ച പ്രഥമ സ്റ്റാറ്റ്യൂട്ട് ഇംഗ്ലീഷിലാണെന്ന് നിരീക്ഷിച്ച സമിതി, ഇംഗ്ലീഷിൽ അധിനിയമം ചെയ്യപ്പെട്ട പാരന്റ് ആക്ടിന്റെ ഭേദഗതി

ബില്ലുകൾ ഒഴികെയുള്ള എല്ലാ ബില്ലുകളും മലയാളത്തിൽ അവതരിപ്പിക്കേണ്ടതാണെന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ആയതുപ്രകാരം മലയാളത്തിൽ പ്രസിദ്ധീകരിച്ച ആക്ടിനെ അടിസ്ഥാനമാക്കിയുള്ള സ്റ്റാറ്റ്യൂട്ടും മലയാളത്തിൽ പുറപ്പെടുവിക്കേണ്ടതായിരുന്നുവെന്നും ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണെന്നും സർക്കാരിനോടാവശ്യപ്പെട്ടു. ആക്ട് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതിന് നിയമ വകുപ്പിൽ ഒരു പ്രത്യേക വിഭാഗമുണ്ടെന്നും സ്റ്റാറ്റ്യൂട്ട് സർവ്വകലാശാലയാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ഇനിമുതൽ സ്റ്റാറ്റ്യൂട്ട് മലയാളത്തിൽ തയ്യാറാക്കണമെന്ന് നിർദ്ദേശം കൊടുക്കുന്നതാണെന്നും നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത സ്റ്റാറ്റ്യൂട്ടിലെ അപാകതകൾ പരിഹരിക്കുവാൻ ചില ഭേദഗതികൾ ആവശ്യമാണെന്ന് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ സൂചിപ്പിക്കുകയും അവ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തു. പ്രഥമ സ്റ്റാറ്റ്യൂട്ടും അവയ്ക്ക് നിർദ്ദേശിച്ച ഭേദഗതികളും വിശദമായി പരിഗണിച്ച സമിതി താഴെപ്പറയുന്ന ഭേദഗതികളോടെ പ്രസ്തുത വിജ്ഞാപനം സാധൂകരിച്ചു:

## CHAPTER I

1. In Statute 2(1) (a), the word 'twelve' used in two places shall be substituted with the word 'eleven' and the word 'March' shall be substituted with the word 'April'.

## CHAPTER II

2. In Statute 14(1), for the word 'at' the word 'over' shall be substituted.

3. The Statute 14(2) shall be omitted.

4. The Statute 14(3), shall be renumbered as Statute 14(2) and in the Statute as so renumbered for the words "both the Vice-Chancellor and the Pro-Vice Chancellor are" the words "the Vice-Chancellor is" shall be substituted.

5. In Statute 16, the figure and brackets '(1)' assigned to the existing clause shall be omitted.

6. In Statute 35, the figure and brackets (1) assigned to the existing clause shall be omitted.

7. In Statute 62, the following clause shall be inserted as clause (5) and the existing clause (5) shall be renumbered as (6). '(5) In case the Member does not withdraw, he shall be removed by the Security Guards as per the direction of the Chairman'.

8. In Statute 70(iii) after the words "similar institutions maintained by the University" the following words shall be inserted, namely:—

"as per items (x) and (y) of Section 7 of the Act"

9. In Statute 70 (viii) after the words "to provide or purchase" the following words shall be inserted, namely:—

"or lease or sell"

10. In Statute 73(2), the words "preside at the meeting" at the end shall be substituted with the words "preside over the meeting".

11. In Statute 79(a), for the words "one lakh" the words "ten lakhs" shall be substituted.

12. In Statute 79(f), for the figures "₹ 15000" the following words shall be substituted, namely:—

"rupees one lakh"

13. In Statute 79, after item (q) the following item shall be added, namely:—

"(r) to take decision on matters, not specifically defined in the Act, or Statutes and Ordinances of the University."

14. For Statute 98 the following shall be substituted:—

"98 *Reconstitution.*—Boards of studies shall be reconstituted by the University Governing Council once in three years."

15. In Statute 100 (1)(a), for the word "Director" the words "nominee of Vice-Chancellor" shall be substituted.

16. The Statute 100 (3) shall be omitted and the remaining clauses shall be renumbered.

17. In Statute 100(5), as so renumbered, the word "Director" shall be substituted with the words "Chairman of Board of Studies".

18. In Statute 112(iii), the following words shall be added, at the end, namely:—

"and Brachish water Aquaculture and Post Graduate Diploma in Aquarium Science & Technology and Applied Aquaculture."

19. In Statute 113 after item (f), the following items shall be added, namely:

'(g) Department of Food Science & Technology

(h) Department of Biotechnology & Bioinformatics

(i) Department of Marine Micro biology & Marine Geosciences".

20. In Statute 114 (ii) after item (g) the following item shall be inserted, namely:

"(h) M.Sc. in Food Processing Technology (2 years-4 semesters)

(i) M.Sc. in Biotechnology & Bioinformatics

(j) M.Sc. in Marine Microbiology & Marine Geophysics."

21. In Statute 118 (ii) after item (c) the following items shall be added, namely:

"(d) M.Sc. in Climate Services

(e) M.Sc. in Disaster Management".

22. സർവ്വകലാശാല ഒട്ടനവധി പുതിയ കോഴ്സുകൾ തുടങ്ങിക്കഴിഞ്ഞുവെന്നും വരുന്ന അദ്ധ്യയന വർഷത്തിൽ പുതിയ അഞ്ച് കോഴ്സുകൾ തുടങ്ങുകയാണെന്നും ആയതിലേക്കായി പുതിയ ഡിപ്പാർട്ട്മെന്റുകളുടെയും കോഴ്സുകളുടെയും പേര് സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊവിഷൻ വേണമെന്നും വൈസ് ചാൻസലർ സമിതിയെ അറിയിച്ചു. പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് ഓരോ പ്രാവശ്യവും സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്നതിനു പകരം ആയതിനായി ഒരു ജനറൽ പ്രൊവിഷൻ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുകയാണ് നല്ലതെന്ന് സമിതി അഭിപ്രായപ്പെട്ടു. കാലാകാലങ്ങളിൽ അക്കാദമിക് കൗൺസിൽ തീരുമാനിച്ച് യൂണിവേഴ്സിറ്റി നോട്ടിഫൈ ചെയ്യുന്നതനുസരിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുകയും പൊതു വ്യവസ്ഥ ഉൾക്കൊള്ളിക്കുന്നതിനുള്ള ഭേദഗതി സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നതിന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

## CHAPTER III

1. In Statute 7 (1), after the words "casual leave" the words "special casual leave" shall be inserted.

2. (i) In Statute 13(2) (A) (i), after the words "to sanction study leave, special disability leave" the words "special casual leave, all eligible leave" shall be inserted.

(ii) In Statute 13(2) (A) (xxvi), after the word "treatment" the following words shall be inserted, namely:—

"and to sanction advance for medical treatment as per Government Orders in force".

3. Statute 27 shall be recast on follows namely:—

"27. *Mode of appointment and term.*—(1) The Dean of faculties shall be nominated by the Vice Chancellor.

(2) The terms of the Dean of faculties shall be for three years:

Provided that he shall be eligible for re-nomination and not be nominated as Deans of faculties for more than two consecutive terms."

## CHAPTER IV

In Statute 6, item (c) shall be substituted with the following, namely:—

"(c) proposals for the creation or abolition of any post having the scale of pay of ₹ 8510-13210 and above."

## CHAPTER V

1. In Statute 1(d), for the words "the Syndicate" the words "the Governing Council" shall be substituted.

2. In section 4(c), the symbol, figures and words "₹ 1,00,000 (Rupees one lakh only)" shall be substituted with the following namely:— "₹ 10.00,000 (Rupees ten lakh only)"

3. In Statute 4(g), the symbol and figure "₹ 5,000" shall be substituted with "₹ 25,000"

4. In Statute 4(h) the symbol, figures and words "₹ 1,000 (Rupees one thousand only)" shall be substituted with "₹ 15,000 (Rupees fifteen thousand only)" respectively.

5. In statute 4(n) the symbol, figures and words "₹ 500 (rupees five hundred only)" shall be substituted with the following, namely:—

"₹ 10,00,000 (Rupees ten lakh only)"

6. In Statute 8, the following words shall be inserted before the words "shall be countersigned by the Vice Chancellor.", namely:— "and other Officers mentioned in Section 2 of Chapter VII".

## CHAPTER VI

The Statute No., '1' assigned to the existing provision shall be omitted.

## CHAPTER VII

1. In Statute 1, the number assigned to the existing provision as clause (1) shall be omitted.

2. In Statute 4, the following shall be inserted as clause (1) and the existing clause shall be renumbered as (2)

'4. *Mode of Recruitment.*—(1) The Selection Committee may, if it considers necessary that a short list of the applicants is necessary, screen the applications received and prepare a short list provided that the number of the applicants in the short list shall not be less than five for each vacancy. The Committee may decide whether the applicants to be called for interview be given T.A. and incidental expenses.'

3. In Statute 17(iii), the words "to all employees in Class III and Class IV services" shall be substituted with the following, namely:—

"including Earned leave surrender and terminal surrender of Earned leave of all employees in the Groups belonging to Class I to IV or its equivalent cadre in Government."

4. In Statute 17(xiii) the proviso (a) shall be omitted and the proviso (b) shall be modified as the proviso, thereto.

5. In Statute 24(1), after the words 'one year' the words 'on probation' shall be inserted.

6. In Statute 31(2), item (n) shall be omitted and item(o) shall be numbered as item (n).

7. പ്രസ്തുത ഉപാട്ടം ഒഴിവാക്കണമെന്ന ഭേദഗതി സംബന്ധിച്ച ചർച്ചാവേളയിൽ രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലാണ് ഡെപ്യൂട്ടി രജിസ്ട്രാറും അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ഫിനാൻസും വരുന്നതെന്നും പ്രസ്തുത ഉദ്യോഗസ്ഥർ ഫിനാൻസ് ഓഫീസറുടെ കീഴിലാണ് ജോലി ചെയ്യുന്നതെന്നതിനാൽ ഇവരെ ഫിനാൻസ് ഓഫീസറുടെ നിയന്ത്രണത്തിൻ കീഴിലാക്കുന്നതാണ് നല്ലതെന്നും വൈസ് ചാൻസലർ സമിതിയെ അറിയിച്ചു. മറ്റു യൂണിവേഴ്സിറ്റികളിൽ സെക്ഷൻ ഓഫീസർ വരെയുള്ളവർ രജിസ്ട്രാറുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് വരുന്നതെന്ന് സമിതിയുടെ ചോദ്യത്തിനുത്തരമായി വൈസ് ചാൻസലർ അറിയിച്ചു. ഈ സാഹചര്യത്തിൽ ഇതര യൂണിവേഴ്സിറ്റികളിലേതു പോലെയുള്ള ഭരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തിയാൽ മതിയാകുമെന്ന് സമിതി നിർദ്ദേശിച്ചു.

8. In Statute 55 (2) and in its proviso, for the word "alternative" the word "alternate" shall be substituted.

9. The Statute number '59' appearing after Statute 60 shall be renumbered as '61'.

10. In Statute 65 (2), for the word "alternative" the word "alternate" shall be substituted.

## CHAPTER IX

1. The number "(1)" assigned to the existing provision after the marginal heading shall be omitted.

2. Statute 24 shall be modified as follows:

"24. *Annual Appraisal Report/API.*—Performance of the teachers shall be assessed from the self appraisal report/API authenticated by the Head of Department."

## CHAPTER X

1. സർവ്വകലാശാല ബാഹ്യസഹായത്തോടെ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ വിദേശ രാജ്യങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായം സ്വീകരിക്കുന്നത് സംബന്ധിച്ച് നിയമത്തിൽ വ്യക്തമായി വ്യവസ്ഥ ചെയ്യുന്നതാണ് നല്ലതെന്നും അല്ലെങ്കിൽ മറ്റ് ഏജൻസികൾ നുഴഞ്ഞുകയറാൻ സാദ്ധ്യതയുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. ഗവേഷണത്തിനായി രാജ്യത്തിനകത്ത് സാമ്പത്തിക സഹായം നല്കുന്ന നിരവധി സ്ഥാപനങ്ങളുണ്ടെന്നും അവയുടെ ഫണ്ടുപയോഗിച്ച് ഗവേഷണം നടത്തുന്നതു സംബന്ധിച്ചാണ് വിവരിച്ചിട്ടുള്ളതെന്നും വൈസ് ചാൻസലർ സമിതിയെ അറിയിച്ചു.

2. വിദേശ ഫണ്ടുപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതെങ്ങനെയാണെന്ന് സമിതി ആരാഞ്ഞതിന് പുതിയ നിയമമനുസരിച്ച് കൃഷി മന്ത്രാലയത്തിന്റെ കീഴിൽ ICAR (Indian Council of Agriculture Research)-ന്റെ DARE (Department of Agricultural Research Education) എന്ന ഏജൻസിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയതിനുശേഷം മാത്രമേ വിദേശ സഹായം സ്വീകരിക്കാൻ സാധിക്കുകയുള്ളുവെന്നും വിദേശകാര്യ മന്ത്രാലയം, ആഭ്യന്തരകാര്യ മന്ത്രാലയം എന്നിവിടങ്ങളിൽ നിന്നുമുള്ള ക്ലിയറൻസ് ലഭിച്ചാൽ മാത്രമേ DARE-ന്റെ ക്ലിയറൻസ് ലഭിക്കുകയുള്ളുവെന്നും വൈസ് ചാൻസലർ വ്യക്തമാക്കി. ഐ.സി.എ.ആർ.-ന്റെ ഫണ്ട് വിദേശകാര്യ മന്ത്രാലയമാണ് ക്ലാസിഫൈ ചെയ്യുന്നതെന്ന് മത്സ്യബന്ധന വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. വിദേശ ഫണ്ട് സ്വീകരിക്കലും നടപ്പാക്കലും സംബന്ധിച്ച് ഒരു പ്രത്യേക വകുപ്പ് നിയമത്തിൽ കൂട്ടിച്ചേർക്കാമെന്ന് സർവ്വകലാശാലാ വൈസ് ചാൻസലർ സമിതിക്ക് ഉറപ്പുനല്കി.

## Chapter XI

1. The title of chapter XI shall be recast as follows:

"SERVICE CONDITIONS OF THE EMPLOYEES INCLUDING TEACHERS"

2. For Statute 1, the following shall be substituted, namely:—

"1. *Applicability of the Chapter.*—Subject to the provisions of the Act, this chapter shall apply to all the employees of the University."

3. For Statute 2 the following shall be substituted, namely:—

'2. *Application of the Kerala Service Rules etc.*—Subject to the provisions of the Act and these Statutes, the Kerala Service Rules 1959, the Kerala State and Subordinate Service Rules, 1958, the Government Servants' Conduct Rules 1960, the General Provident Fund (Kerala Rules), Kerala Financial Code, Kerala Account Code, Kerala Treasury Code, Kerala Budget Manuel, Store Purchase Rules, Kerala Civil Services (Classification, Control and Appeal) Rules 1960 as amended from time to time except to the extent expressly provided in these Statutes, shall *mutatis mutandis* apply to all the teachers and employees of the University:

Provided that the said rules shall, in their application to the employees of the University service, be construed as if the employees were the Kerala University of Fisheries and Ocean Studies instead of the Government of Kerala.'

4. For clauses (i) to (v) of Statute 4, the following clauses shall be substituted, namely:—

"(i) *Class I*: Officers with scale of pay starting from ₹ 29180-43640 and above and UGC/ICAR/AICTE Salaried Officer and All India Service Officers irrespective of the pay drawn by them;

(ii) *Class II*: Officers coming under the scale of pay in between ₹ 24040-38840 and ₹ 18740-33680;

(iii) *Class III*: Officers coming under the scale of pay in between ₹ 16980-31360 and ₹ 8730-13540;

(iv) *Class IV*: Officers coming under the scale of pay of ₹ 8500-13210."

5. In Statute 9, after the word "Statutes," the following words shall be inserted, namely:—

'except posting under dying-in-harness',

*Note*: The appointments under dying-in-harness shall be effected by the University Governing Council as per the Government Orders in force.

6. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് എല്ലാ അധ്യാപകേതര ജീവനക്കാരുടെയും നിയമനം നടത്തുന്നതെന്നും ഉപചട്ട പ്രകാരമുള്ള നിയമനങ്ങൾക്കുള്ള ചട്ടങ്ങൾ എത്രയും വേഗം രൂപീകരിക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ശിപാർശ ചെയ്യുമെന്നും വൈസ് ചാൻസലർ വ്യക്തമാക്കി.

7. Clauses (1) and (2) of Statute 10 shall be omitted and the remaining clauses shall be renumbered as '(1) and (2)'

8. Statute 12 shall be substituted, as follows:—

"12. *Passing of Examination or Test*.—The University Employees except Teachers, Typist, Office Attendant and Technical Staff shall be required to pass Manual of Office Procedure and Account Test (Lower) Conducted by the Kerala Public Service Commission within the period of probation."

9. In Statute 17 (c), the word, "Grade II" given in brackets shall be omitted.

10. Clause (4) of Statute 18 shall be omitted.

11. After Statute 22 the following new Statute shall be added, namely:—

'23. *Medical Reimbursement*.—All the teachers, non-teaching Staff and other employees shall be eligible for reimbursement of cost of medical treatment/ medical advances as per the Government orders in force and University Governing Council decisions issued from time to time.'

## CHAPTER XII

In Statute 10,—

(i) in clause (1), for the words, letters, figures and brackets "The penalties specified in items (i) (a), (b) and (c) of Statute (8) of Chapter XII" the words letters, figures and brackets "The penalties specified in sub-items (a), (b) and (c) of item (i) of Statute 8 of Chapter XII" shall be substituted.

(ii) in clause (2), for the words, letters, figures and brackets "The penalties specified in items (i)(a) to (e), and (a) to (d) of Statute 8 of Chapter XII", the words, letters, figures and brackets "The penalties specified in sub-items (a) to (e) of item (i) and sub-items (a) to (d) of item (ii) of Statute 8 of Chapter XII" shall be substituted.

(iii) in clause (3), for the words, letters, figures and brackets "The penalties specified in items (ii), (a) to (d) of Statute 8 of Chapter XII", the words, letters, figures and brackets "The penalties specified in sub-item (a) to (d) of item (i) and sub-items (a) to (d) of item (ii) of Statute 8 of chapter XII" shall be substituted.

(iv) in clause (4) for the words, letters, figures and brackets "The penalties specified in item (i) (a) to (e) and (ii) (a) to (d) of Statute 8 of Chapter XII", the words, letters, figures and brackets "The penalties specified in sub-items (a) to (e), of item (i) and sub-items (a) to (d) of item (ii) of Statute 8 of Chapter XII" shall be substituted.

## CHAPTER XIII

1. In Statute 1, for the words, figures and brackets "specified in items (v) to (viii) of Statute 8" the words, letters, figures and brackets "specified in sub-items (a) to (d) of item (ii) of Statute 8" shall be substituted.

2. In Statute 12 (1) for the words, letters, figures and brackets "specified in items (ii) (a) to (d) of Statute 8 "the words, letters, figures and brackets "specified in sub-items (a) to (d) of item (ii) of Statute 8" shall be substituted.

3. In Statute 13, for the words, letters, figures and brackets "specified in items (i) (a) to (e) of Statute 8" the words, letters, figures and brackets "specified in sub-items (a) to (e) of item (i) of Statute 8" shall be substituted.

## CHAPTER XIV

In statute 1, for the words, letters, figures and brackets "specified in items (i)(a) to (i)(e) of Statute shall" the words, letters, figures and brackets "specified in sub-items (a) to (e) of items (i) of Statute 8 of Chapter XII shall" shall be substituted.

## CHAPTER XV

1. In the Table under Statute 2,—

(i) after the word 'Assistants' against Sl. No. 5 under category A in column (1), the words and figure "Typist, Class IV employees etc." shall be added;

(ii) for the words "The Section Officer" against Sl. No. 5 under category A in column (2), the words "The Concerned Section Officer" shall be substituted;

(iii) the words and brackets "(not being a teacher)" against Sl. No. (1) under category B in column (1) shall be omitted;

(iv) for the words "other than" against Sl. No. (2) under category B in column (1) the word "including" shall be substituted.

2. Statute 6 shall be omitted and the remaining Statutes shall be renumbered.

## CHAPTER XVI

In Statute 3 for the words "Vice-Chancellor or, in his absence the Pro Vice-Chancellor of the University" the words "Chancellor or, in his absence by the Pro Chancellor of the University" shall be substituted.

## CHAPTER XIX

The number '1' assigned to the existing Statute shall be omitted.

## CHAPTER XX

1. In Statute 20 (1), the following shall be added at the end, namely:— 'They shall be eligible for traveling allowance at the rate admissible to Class III Officers of the University.'

2. ഫിഷറീസ് സർവ്വകലാശാല നടത്തുന്ന കോഴ്സുകളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തണമെന്നും അല്ലെങ്കിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിന് ഇതിന്റെ പ്രയോജനം ലഭിക്കാതെ വരുമെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ ബി.എഫ്.സി. കോഴ്സിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വൈസ് ചാൻസലർ അറിയിച്ചു. എന്നാൽ സർവ്വകലാശാല നടത്തുന്ന എല്ലാ കോഴ്സുകൾക്കും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നിശ്ചിത ശതമാനം സംവരണം സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽതന്നെ വ്യവസ്ഥ ചെയ്താൽ പുതിയതായി കോഴ്സുകൾ ആരംഭിക്കുന്ന സന്ദർഭത്തിലും പ്രസ്തുത വിഭാഗത്തിന് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് സമിതി ചൂണ്ടിക്കാണിച്ചു. കൂടാതെ, സംവരണാനുകൂല്യം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മക്കൾക്കെന്ന് വ്യക്തമായി നിർവ്വചിക്കണമെന്നും അല്ലെങ്കിൽ മറ്റു വിഭാഗങ്ങൾ പ്രസ്തുത ആനുകൂല്യങ്ങൾ തട്ടിക്കൊണ്ടു പോകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

സംവരണത്തിന്റെ ശതമാനം നിശ്ചയിക്കുന്നതിനുള്ള അധികാരം അതത് കാലഘട്ടത്തിലെ അക്കാദമിക് കൗൺസിലിൽ നിക്ഷിപ്തമായിരിക്കുമെന്ന വ്യവസ്ഥകൂടി സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

PART II

1. In Statute 15,—

(i) the Sub-clause "(iii) referred to in sub-clause (i) shall be corrected as sub-clause "(ii)";

(ii) the sub-clause "(iii)" shall be renumbered as sub-clause "(ii)".

2. In Statute 23, after sub-clause (i), the figure and brackets "(ii)" shall be added before the words "The Returning Officer".

CONVOCATION, SCHEDULE OF NON-TEACHING STAFF AND HEAD OF RESEARCH STATIONS

സ്റ്റാറ്റ്യൂട്ടിൽ Convocation, Schedule of Non-teaching Staff, Head of Research Stations എന്നിവയ്ക്കായി ഓരോ അദ്ധ്യായം ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് സർവ്വകലാശാലാ വൈസ് ചാൻസലർ അഭിപ്രായപ്പെടുകയും സമിതിയുടെ അനുമതി തേടുകയും ചെയ്തു. സർവ്വകലാശാല വൈസ് ചാൻസലർ നിർദ്ദേശിച്ചതിൻ പ്രകാരം ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രസ്തുത കാര്യങ്ങൾക്കായി ഓരോ അദ്ധ്യായം കൂട്ടിച്ചേർക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

അദ്ധ്യാപകരുടെ വെക്കേഷൻ മേയ് മാസമാണെന്നും ഏപ്രിൽ 30 വരെ ക്ലാസ്സുകളുണ്ടാകുമെന്നും ഒരു അദ്ധ്യാപകൻ ഇടയ്ക്കുവച്ച് വിരമിക്കുകയാണെങ്കിൽ പ്രസ്തുത കോഴ്സ് പൂർത്തിയാക്കാനുള്ള മാർഗ്ഗമില്ലെന്നും മറ്റു യൂണിവേഴ്സിറ്റികളിൽ ജൂൺ 10-നുശേഷം വിരമിക്കുന്ന അദ്ധ്യാപകർക്ക് പ്രസ്തുത അദ്ധ്യയനവർഷം പൂർത്തീകരിക്കുന്നതിനുള്ള വ്യവസ്ഥയുണ്ടെന്നും വൈസ് ചാൻസലർ അറിയിച്ചു. പെൻഷൻ പ്രായം 60 വയസ്സെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും സ്റ്റാറ്റ്യൂട്ടിൽ പ്രത്യേകമായി ഉൾപ്പെടുത്തിയാൽ മാത്രമേ ഇളവ് അനുവദിക്കുവാൻ സാധിക്കുകയുള്ളൂവെന്നും മത്സ്യബന്ധന വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. നിയമത്തിൽ പെൻഷൻ പ്രായം 60 വയസ്സായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ നിയമത്തിൽ ഭേദഗതി വരുത്താതെ ഇക്കാര്യം പരിഗണിക്കുവാൻ സാധിക്കില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

സമിതിയുടെ 22-4-2014-ലെ യോഗത്തിൽ കേരള വെറ്ററിനറി സർവ്വകലാശാലാ ഉദ്യോഗസ്ഥർ ഹാജരാകാതിരുന്നതിന് കേരള വെറ്ററിനറി സർവ്വകലാശാല നല്കിയ വിശദീകരണം സമിതി അംഗീകരിച്ചു.

സമിതി യോഗം വൈകുന്നേരം 4.30-ന് പിരിഞ്ഞു.

# 2014 ജൂലൈ 1-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I, 2014 ജൂലൈ 1-ാം തീയതി, ചൊവ്വാഴ്ച വൈകുന്നേരം 5.15 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'IV-എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി:

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.
2. ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.
3. ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.
4. ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, കൃഷി വകുപ്പ്
2. പ്രൊഫ. ബി. മധുസൂദനക്കുറുപ്പ്, വൈസ് ചാൻസലർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്
3. ശ്രീ. ആർ. അജിത് കുമാർ, ഡയറക്ടർ, കൃഷി വകുപ്പ്
4. ശ്രീമതി മിനി ആന്റണി, ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
5. ഡോ. എൻ. എൻ. ശശി, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
6. ഡോ. ടി. ആർ. ഗോപാലകൃഷ്ണൻ, ഡയറക്ടർ ഓഫ് റിസേർച്ച്, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി
7. ശ്രീ. എസ്. ജയപ്രകാശ്, ഡെപ്യൂട്ടി സെക്രട്ടറി, പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ് ഡിപ്പാർട്ടുമെന്റ്
8. ശ്രീ. അനി എസ്. ദാസ്, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്.

1. കാര്യവിവരപ്പട്ടികയിലെ ആദ്യഇനമായ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 235(1)(iii) പ്രകാരമുള്ള കരട് റിപ്പോർട്ട്, ചട്ടം 239(3) പ്രകാരമുള്ള കരട് സംക്ഷേപം എന്നിവയുടെ പരിഗണന മാറ്റിവയ്ക്കുന്നതിന് സമിതി തീരുമാനിച്ചു.

തുടർന്ന് സമിതിയുടെ വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെയും സമിതിയോഗങ്ങളിലെയും ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ചു.

2. (1) 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4871/സബ്.സി.സി2/2011/നി.സെ.)

ഖണ്ഡിക 7, 8, 9-ലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു.

(2) 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3037/സബ്.സി.സി2/2012/നി.സെ.)

ഖണ്ഡിക 12-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു.

(3) 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ഖണ്ഡിക 2, 3, 19, 20, 21, 22, 23, 30, 33, 27, 95, 96, 99, 121, 126, 127 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു.

ഖണ്ഡിക 127-ലെ ഓൺ ഷോർ/ഓഫ് ഷോർ എഞ്ചിനീയറിംഗ് പദ്ധതിക്ക് പുതിയ ശീർഷകവും തുകയും അനുവദിക്കണമെന്ന സമിതിയുടെ ശിപാർശയനുസരിച്ചുള്ള ആവശ്യമുന്നയിച്ചുകൊണ്ട് വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കാൻ ബന്ധപ്പെട്ട വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 19-ലെ ശിപാർശപ്രകാരം അധിക തുക അനുവദിക്കുന്നതിനായി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ് സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ വീണ്ടും സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

3. ഇനം 2(3)-ലെ മേൽപ്പറഞ്ഞ സ്റ്റേറ്റ്മെന്റുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് 2013-14 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി അംഗീകരിക്കുകയും ചെയ്തു.

4. (1) കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത 'കേരസുധ' എന്ന ലഹരി വിമുക്ത പാനീയത്തിന്റെ സാങ്കേതികവിദ്യ സർക്കാരിനുകൈമാറുന്നത് സംബന്ധിച്ച് സമിതിയുടെ 4-1-2012-ലെ യോഗതീരുമാനപ്രകാരം കൃഷി വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(2) 2008-09-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 8-ലെ ശിപാർശ സംബന്ധിച്ച് 10-12-2012-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

5. സമിതിയുടെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

സമിതിയുടെ 2013-14 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 1, 4 മുതൽ 12 വരെ, 14, 15, 16, 24, 25, 26, 28, 31, 32, 34, 35, 36, 37-ലെ ശിപാർശകൾക്കും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 38, 39-ലെ ശിപാർശകൾക്കും സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് പ്രസ്തുത വകുപ്പുകളിലെ ഉദ്യോഗസ്ഥരോട് സമിതി നിർദ്ദേശിച്ചു.

സമിതിയോഗം വൈകുന്നേരം 5.45-ന് പിരിഞ്ഞു.

## 27-8-2014-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I, 2014 ആഗസ്റ്റ് 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയിലെ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായി:

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.
2. ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.
3. ശ്രീ. സി മോയിൻകുട്ടി, എം.എൽ.എ.
4. ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. രാജൻ ഖൊബ്രഗഡേ, സെക്രട്ടറി, കൃഷി വകുപ്പ്
2. ശ്രീ. ആർ. അജിത്കുമാർ, ഡയറക്ടർ, കൃഷി വകുപ്പ്
3. ശ്രീ. പുഷ്പാംഗദൻ, വി. വി., അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്
4. ശ്രീ. വി. കെ. രാജു, അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്
5. ഡോ. തോമസ് ബിജു മാത്യു, പ്രൊഫസർ, പെസ്റ്റിസൈഡ്സ് റിസർച്ച് ലാബ്, വെള്ളായണി
6. ശ്രീ. ജനാർദ്ദനൻ, ഡെപ്യൂട്ടി ഡയറക്ടർ, കൃഷി വകുപ്പ് (പ്ലാനിംഗ്)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1)(iii) പ്രകാരം സമിതി "ജൈവകൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉൽപ്പാദനവും" എന്ന വിഷയം ചർച്ച ചെയ്യുകയും കേരള സ്റ്റേറ്റ് വാൻഡ് യൂസ് ബോർഡ് സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ സമിതി അംഗീകരിച്ച കരട് ചട്ടത്തിൽ നിന്നും വ്യത്യസ്തമായി എസ്.ആർ.ഒ. പുറപ്പെടുവിച്ചതുസംബന്ധിച്ച് ആസൂത്രണസാമ്പത്തികകാര്യ വകുപ്പിന്റെ വിശദീകരണം പരിഗണിക്കുകയും ചെയ്തു.

1. ജൈവകൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉൽപ്പാദനവും എന്ന വിഷയത്തിന്മേൽ കൃഷി വകുപ്പ് സമർപ്പിച്ച കുറിപ്പിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി താഴെ പറയും പ്രകാരം ചർച്ച നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

അടിസ്ഥാന പ്രകൃതി വിഭവങ്ങൾക്ക് കോട്ടം തട്ടാതെ മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങൾക്ക് ആരോഗ്യദായകമായ ഭക്ഷണം, വായു, വെള്ളം എന്നിവ ഉറപ്പാക്കുന്ന സുസ്ഥിര കൃഷിയാണ് ജൈവകൃഷിയെന്നും ജലം, മണ്ണ് എന്നിവയുടെ സംരക്ഷണം ഉറപ്പുവരുത്തി മണ്ണിന്റെ സഹജമായ പോഷകഗുണങ്ങളും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതുവഴി കൃഷി സുസ്ഥിരവും ലാഭകരവുമാക്കുക, രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം കഴിയുന്നത്ര ഒഴിവാക്കി വിഷവിമുക്തമായ കാർഷികോല്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് മനുഷ്യന്റെ ആരോഗ്യവും ജൈവസുരക്ഷിതത്വവും, ഭക്ഷ്യപോഷകഗുണ സുരക്ഷിതത്വവും ഉറപ്പുവരുത്തുക, ജൈവവൈവിധ്യാധിഷ്ഠിതമായ പരിസ്ഥിതി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുക, കൃഷിയുമായി ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ സംരക്ഷിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നിവയാണ് ജൈവകൃഷി പ്രോത്സാഹനംവഴി

ലക്ഷ്യമിടുന്നതെന്നും കൃഷി വകുപ്പ് സമർപ്പിച്ച കുറിപ്പിൽ നിന്നും സമിതി മനസ്സിലാക്കി. ഇതിന്റെ ഭാഗമായി ജൈവവളങ്ങളുടെ കൂടുതൽ ഉപയോഗം, കീടരോഗനിയന്ത്രണത്തിന് ജൈവീക മാർഗ്ഗങ്ങളുടെ ഉപയോഗം എന്നിവയ്ക്ക് ഊന്നൽ നൽകി ബോധവൽക്കരണവും പ്രോത്സാഹനവും നൽകുന്നുവെന്നും ജൈവോല്പന്നങ്ങൾക്ക് നല്ല വിലയും, വിപണിയും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായും സമിതി മനസ്സിലാക്കി.

മൃഗപരിപാലനം ക്ഷീരോല്പാദനം, കോഴിവളർത്തൽ, പന്നി വളർത്തൽ, വനവൽക്കരണം, തേനീച്ച വളർത്തൽ എന്നിവയെല്ലാം കൂടിചേർന്ന സമഗ്ര സമീപനമാണ് ജൈവകൃഷിയെന്നും കന്നുകാലിവളർത്തൽ വഴി ഭൂമിയുടെ ഫലപുഷ്ടി വർദ്ധിക്കുന്നതിനും കർഷകന്റെ വരുമാന വർദ്ധനവിനും സാധ്യമാകുന്നു വെന്നും വർദ്ധിച്ച ഉൽപ്പാദനം, വൈവിധ്യവൽക്കരണം പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, ഋണമുക്തമായ വർദ്ധിച്ച വരുമാനം എന്നിവ വഴി ജൈവകൃഷി കൂടുതൽ ഭക്ഷ്യവസ്തു ലഭ്യതയ്ക്ക് കർഷകരെ പ്രാപ്തരാക്കുന്നുവെന്നും സമിതിക്ക് ബോധ്യപ്പെട്ടു.

പച്ചക്കറികളിൽ മാരകമായ കീടനാശിനികളുടെ അവശിഷ്ടങ്ങൾ അളവിൽ കൂടുതലുണ്ടോയെന്ന് അറിയുന്നതിനായി പച്ചക്കറി സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും പരിശോധനാഫലം കർഷകർക്കും പൊതുജനങ്ങൾക്കും പ്രയോജനകരമാകുന്ന വിധത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുവെന്നും "സേഫ് ടു ഈറ്റ്" പദ്ധതി പ്രകാരം ഹോർട്ടികോർപ്പ് ഇത്തരം ഉൽപ്പന്നങ്ങൾ വിൽക്കുന്ന ഒരു കോർണർ പഴവങ്ങാടി സ്റ്റാളിൽ ഒരുക്കിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കി.

2012-2013 വർഷത്തിൽ ജൈവജില്ലയായി പ്രഖ്യാപിച്ച കാസറഗോഡ് ജില്ലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കുകയും കർഷകരെ ബോധവൽക്കരിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും പഞ്ചായത്ത് തലംമുതൽ ബോധവൽക്കരണ കാമ്പയിനുകൾ, ചർച്ചാക്ലാസുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും കർഷകർക്ക് നേരിട്ട് മനസ്സിലാക്കുന്നതിനായി കുരുമുളക് കൃഷി കന്നുകുട്ടി പരിപാലനം, ഇടവിളകൃഷി, സമ്മിശ്രകൃഷി, നേന്ത്രവാഴകൃഷിക്ക് ജൈവകീടനാശിനിയായ നൻമയുടെ ഉപയോഗം, ജീവാമൃതം, ജൈവ വേലി, ബയോഗ്യാസ് പ്ലാന്റ് ഉള്ളവർക്ക് സ്ലറി പമ്പ്, മത്സ്യവളർത്തൽ എന്നിവയുടെ പ്രദർശനതോട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും സമിതിക്ക് ബോധ്യപ്പെട്ടു. കർഷകരുടെ അറിവുകൾ പരസ്പരം പങ്കുവയ്ക്കുന്നതിനായി ഓരോ കൃഷി ഭവൻ പരിധിയിലും 100 മുതൽ 115 ഹെക്ടർ വരെ വിസ്തൃതിയുള്ള 287 ഓളം കർഷകരുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം നടക്കുന്നുണ്ടെന്നും കർഷകർക്ക് സ്വന്തം കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുക വഴി 12000 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 400 വെർമി കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ടെന്നും ജൈവീക കീടനിയന്ത്രണം നടത്തുന്നതിന്റെ ഭാഗമായി ഒരു പാരസൈറ്റ് ഉൽപ്പാദനശാല പ്രവർത്തിച്ചുവരുന്നതായും സമിതി മനസ്സിലാക്കി.

എൻഡോസൾഫാൻ കീടനാശിനിയുടെ അമിതോപയോഗംമൂലമുണ്ടായ പരിസ്ഥിതി നാശത്തിന്റെ പശ്ചാത്തലത്തിലാണ് കാസറഗോഡ് ജില്ലയെ സംസ്ഥാനത്തെ ആദ്യ ജൈവജില്ലയായി പ്രഖ്യാപിച്ചതെന്നും 15000 ഓളം കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് കാസറഗോഡ് ജില്ലയിലെ ജൈവകൃഷി പദ്ധതി വിജയകരമായി മുന്നേറുന്നുവെന്നും സമിതിക്ക് ബോധ്യപ്പെട്ടു.

2016 ഡിസംബർ മാസത്തോടുകൂടി കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റുകയെന്നതാണ് കേരളത്തിന്റെ കാർഷിക മേഖല ലക്ഷ്യമിടുന്നതെന്നും അതിനുതകുന്ന രൂപത്തിലുള്ള ഒരു ചർച്ച വേണമെന്നുള്ളതുകൊണ്ടാണ് പ്രസ്തുത വിഷയം സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും സമിതി അദ്ധ്യക്ഷൻ വ്യക്തമാക്കി. എല്ലാ ജില്ലകളിലേക്കും ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് സർക്കാർ പരമാവധി ശ്രമം നടത്തുന്നുണ്ടെന്നും പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ധ്യക്ഷൻ കൂട്ടിച്ചേർത്തു.

ജില്ലാടിസ്ഥാനത്തിലല്ലാതെ 140 നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.മാരുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കണമെന്നും ആയതിലേക്കായി ഏകീകൃത രൂപത്തിലുള്ള ആക്ടിവിറ്റീസ് ചാർട്ട് തയ്യാറാക്കി എം.എൽ.എ.മാർക്ക് നൽകണമെന്നും എം.എൽ.എ.മാർ മുൻകൈയെടുത്തുകൊണ്ട് സമയ ബന്ധിതമായി വർക്ക് ഷെഡ്യൂൾ തയ്യാറാക്കണമെന്നും സമിതി നിർദ്ദേശിച്ചു. ഓരോ ഏരിയയുടെയും ചാർജ് കൃഷി ഓഫീസർമാരെ ഏൽപ്പിക്കണമെന്നും എം.എൽ.എ.മാരുടെ നേതൃത്വത്തിൽ എ.ഡി.എ.മാർ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു. 'നിറവ്' പദ്ധതിയുടെ മാതൃകയിൽ ജൈവകൃഷി പദ്ധതിയും നടപ്പിലാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

വിത്ത്, ജൈവവളം എന്നിവ ലഭ്യമാക്കുന്നതിനുവേണ്ടി വരുന്ന ചെലവ് സർക്കാർ വഹിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും അങ്ങനെ ചെയ്താൽ തുടർന്നുവരുന്ന വർഷങ്ങളിൽ കൂടുതൽ ചെലവുണ്ടാകുകയില്ലെന്നും നിർബന്ധമായും അതിനുള്ള ചെലവ് സർക്കാർ വഹിക്കുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും ഇതിൽ ബാങ്കുകളെ കൂടി ഉൾപ്പെടുത്താം എന്നും അഭിപ്രായപ്പെടുകയും ചെയ്തു. പ്രാരംഭ ചെലവുകൾ സർക്കാർ വഹിക്കുന്നതിനുള്ള നിർദ്ദേശം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സമിതി അദ്ധ്യക്ഷൻ വ്യക്തമാക്കി.

കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കേണ്ടത് പ്രസ്തുത പദ്ധതിക്ക് ഏറ്റവും ആവശ്യമായിട്ടുള്ളതിനാൽ 'ഗോവർദ്ധിനി' പദ്ധതിയും ഇതിൽ ഉൾപ്പെടുത്തുന്നതിന് സമിതി നിർദ്ദേശിച്ചു.

പഞ്ചായത്ത് വകുപ്പിലുള്ള മഹാത്മാ ഗാന്ധി നരേഗാ (എം.ജെ.എൻ.ആർ.ഇ.ജി.എ.) പദ്ധതിയിൽ കൃഷി ചെയ്യാത്ത ഭൂമി കൃഷിയോഗ്യമാക്കുന്നതിന് ലേബർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാണെന്നതിനാൽ പ്രസ്തുത പദ്ധതികൾ രണ്ടും ഒന്നിച്ചു കൊണ്ടു പോകുന്നത് ഉചിതമായിരിക്കുമെന്ന് കൃഷി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികളിൽ 98 ശതമാനവും സ്ത്രീകളാണെന്നും കൃഷി ചെയ്യുന്നതിനായി ഭൂമി അവരെ ഏൽപ്പിക്കുകയാണെങ്കിൽ വളരെ കൃത്യതയോടെ അവർ കൃഷി ചെയ്യുമെന്നും സമിതി ചൂണ്ടിക്കാണിച്ചു. പാടശേഖരങ്ങളിലും ഒഴിഞ്ഞുകിടക്കുന്ന തെങ്ങിൻ തോപ്പുകളിലും കൃഷി ചെയ്യാൻ സാധിക്കുമെന്നും അങ്ങനെ കൃഷി ചെയ്തിരുന്ന ഒരു പാരമ്പര്യം കേരളത്തിനുണ്ടായിരുന്നുവെന്നും വേനൽക്കാലത്താണ് പച്ചക്കറി നന്നായി കൃഷി ചെയ്യുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു. കൃഷി ചെയ്യുന്നതിന് ആവശ്യമായ ജലം ലഭിക്കുന്നില്ലെന്നതാണ് അവരുടെ പ്രധാന പ്രശ്നമെന്നും ജലസേചന കനാലുകളിൽ നിന്നും ഇപ്പോൾ വെള്ളം ലഭിക്കുന്നില്ലെന്നും ആയതിനാൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടിയെക്കുറിച്ച് ആലോചിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ മൈക്രോ ഇറിഗേഷൻ ഉപയോഗപ്പെടുത്താവുന്നതാണെന്ന് കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചെങ്കിലും മൈക്രോ ഇറിഗേഷന് കൂടുതൽ സമയമെടുക്കുമെന്ന് സമിതി ചൂണ്ടിക്കാണിച്ചു. അതിനുപകരം കൃഷി ചെയ്യുന്ന പ്രദേശത്തെ ഒരു കിണറ്റിൽ ചെറിയ പോർട്ടബിൾ പമ്പ്സെറ്റ് വച്ച് വെള്ളം വളരെ വേഗത്തിൽ ലഭിക്കുന്നതിനുള്ള സംവിധാനമൊരുക്കണമെന്ന് സമിതി ശിപാർശ ചെയ്തു. ആവശ്യം കഴിഞ്ഞാൽ പമ്പ്സെറ്റ് ഇളക്കി മാറ്റുകയും ചെയ്യാമെന്നു സമിതി കൂട്ടിച്ചേർത്തു. എത്രയുംവേഗം വെള്ളമെത്തിച്ച് കൃഷി ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

കാസറഗോഡ് ജില്ലയിൽ ജൈവകൃഷി പദ്ധതി നടപ്പിലാക്കിയപ്പോഴുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ആയത് പൈലറ്റ് പ്രോജക്ടായി എടുത്തുകൊണ്ട് സംസ്ഥാനത്തൊട്ടാകെ ജൈവകൃഷി പദ്ധതി നടപ്പിലാക്കണമെന്നും ആയതിലേക്കായി എം.എൽ.എ.മാരുടെ യോഗം വിളിച്ചു ചേർക്കുകയും നിർദ്ദേശങ്ങൾ കുറിപ്പായി നൽകണമെന്നും സമിതി നിർദ്ദേശിച്ചു. ആദ്യം എ.ഡി.എ.മാർക്ക് വർക്ക്ഷോപ്പ് നടത്തിയതിനുശേഷം എം.എൽ.എ.മാരുടെ യോഗം ചേർന്ന് ചർച്ച നടത്തി എത്രയുംവേഗം പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണെന്ന് സമിതി അദ്ധ്യക്ഷൻ വ്യക്തമാക്കി.

2. കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡ് സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2013-ന്റെ കരട് 13-10-2011-ലെ യോഗത്തിൽ സമിതി അംഗീകരിച്ചതിൽ നിന്നും വ്യത്യാസങ്ങളോടെ ആയത് എസ്.ആർ.ഒ. നമ്പർ 906/2013 ആയി പുറപ്പെടുവിച്ചതുസംബന്ധിച്ച് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സമർപ്പിച്ച വിശദീകരണം സമിതി അംഗീകരിച്ചു.

3. 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ (2010-ലെ 15-ാം ആക്ട്) 2-ാം വകുപ്പ് (ഡി) ഖണ്ഡപ്രകാരം ആക്ടിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിക്കൊണ്ട് മത്സ്യബന്ധന തുറമുഖ വകുപ്പ് പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 271/2014 സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

സമിതി യോഗം വൈകുന്നേരം 4 മണിക്ക് പിരിഞ്ഞു.

## 2014 നവംബർ 26-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I, 2014 നവംബർ 26-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.
2. ശ്രീ. സി. മോയിൻകുട്ടി, എം.എൽ.എ.
3. ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി വി. ആർ. രജനി, അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. പി. മാരപാണ്ഡ്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
2. ശ്രീ. സുബ്രതാ ബിശ്വാസ്, പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
3. ഡോ. രാജൻ ഖൊബ്രഗഡെ, സെക്രട്ടറി, കൃഷി വകുപ്പ്
4. ശ്രീമതി രമണി, സി., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. ബെന്നി, പി. ജി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. ഹരി പി. നായർ, ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
7. ശ്രീ. ആർ. അജിത് കുമാർ, ഡയറക്ടർ, കൃഷി വകുപ്പ്
8. ശ്രീ. എം. എസ്. സനൽകുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരളാ കാർഷിക സർവ്വകലാശാല
9. ശ്രീ. വി. കെ. രാജു, അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്
10. ശ്രീ. എൻ. വിജയൻ, അഡീഷണൽ ഡയറക്ടർ (ഫാംസ്), കൃഷി വകുപ്പ്

11. ശ്രീ. പുഷ്പാംഗദൻ, റ്റി. റ്റി., അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്

12. ശ്രീ. കെ. കെ. ചന്ദ്രൻ, അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്

13. ശ്രീ. റ്റി. ബാബു, സ്റ്റേറ്റ് അഗ്രികൾച്ചറൽ എഞ്ചിനീയർ (ഇൻ-ചാർജ്ജ്).

സമിതി കരട് ചട്ടങ്ങൾ, നടപടി സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. കരട് ചട്ടങ്ങളുടെ പരിഗണന

1. 2014-ലെ കേരള ആനിമൽ ഹസ്ബെന്ററി സബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾസ് (ഭേദഗതി) ചട്ടം

(ഫയൽ നമ്പർ 5641/സബ്.സി.സി2/2014/നി.സെ.)

മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II, ലബോറട്ടറി അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകളിലേക്ക് നിയമിക്കപ്പെടാനുള്ള വിദ്യാഭ്യാസ യോഗ്യതയിൽ ഇപ്പോൾ നിലവിലുള്ള യോഗ്യതകൾക്കുപുറമേ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി നടത്തുന്ന ഡിപ്ലോമ ഇൻ ലാബ് ടെക്നിക്സ് കോഴ്സും ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള കരട് ഭേദഗതി ചട്ടം അംഗീകരിക്കാനാവില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഗവൺമെന്റ് മെഡിക്കൽ കോളേജുകളും സർക്കാർ അംഗീകൃത സ്ഥാപനങ്ങളും നടത്തുന്ന ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായവർക്ക് മൃഗങ്ങളുമായി ബന്ധപ്പെട്ട ലാബ് പരിശോധനകൾ നടത്താൻ സാധിക്കുന്നതെങ്ങനെയെന്ന് സമിതി ആരായുകയും പ്രസ്തുത കോഴ്സ് പാസ്സായവർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് അനുവാദം കൊടുക്കരുതെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത തസ്തികകളിലേക്കുള്ള നിയമനം വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സാകുന്നവർക്ക് മാത്രമായി നിശ്ചയിക്കണമെന്നും അപ്രകാരം അവരുടെ ജോലിസാധ്യത കൂട്ടുകയും ചെയ്യണമെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു. കൂടാതെ കാർഷിക സർവ്വകലാശാലയും കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുമായും ബന്ധപ്പെട്ട് മറ്റെന്തെങ്കിലും യോഗ്യത പറയുന്നുണ്ടെങ്കിൽ അതും, അന്യസംസ്ഥാനങ്ങളിലെ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട മെഡിക്കൽ കോളേജാണെങ്കിൽ അവിടത്തെ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ലാബ് ടെക്നീഷ്യൻ തസ്തികകളിലേക്കുള്ള യോഗ്യതയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി നടത്തുന്ന ഡിപ്ലോമ ഇൻ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് പാസ്സായവരെ വെറ്ററിനറി മേഖലയിലെ ലാബുകളിലേക്കും ഏതെങ്കിലും മെഡിക്കൽ കോളേജുകൾ നടത്തുന്നതോ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ നടത്തുന്നതോ ആയ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് പാസ്സായവരെ മനുഷ്യരുമായി ബന്ധപ്പെട്ട പരിശോധനകൾക്കും മാത്രമായി നിയമിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് എ.ജി.യുടെ നിർദ്ദേശം ആവശ്യമാണെന്നും സമിതിയുടെ ശിപാർശ പരിശോധിച്ച് സർക്കാരിന്റെ നിർദ്ദേശങ്ങളോടുകൂടി പുതുക്കിയ കരട് ചട്ടം സമിതിയുടെ അടുത്തയോഗത്തിൽ സമർപ്പിക്കാമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു.

2. കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ചട്ടം

(ഫയൽ നമ്പർ 3166/സബ്.സി.സി2/2013/നി.സെ.)

പ്രസ്തുത കരട് ചട്ടം താഴെപ്പറയുന്ന ഭേദഗതികളോടെ സമിതി അംഗീകരിച്ചു.

(1) അദ്ധ്യായം 5-ൽ ചട്ടം പതിനൊന്നിൽ ഉപചട്ടം രണ്ടിൽ (രണ്ടാം വരിയിൽ) "മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളിൽ നിന്നോ" എന്ന വാക്കുകൾക്കുശേഷം "പരമ്പരാഗത മത്സ്യത്തൊഴിലാളി സംഘടനകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ" എന്ന വാക്കുകൾ കൂടി ചേർക്കണം.

(2) അദ്ധ്യായം എട്ടിൽ ഉടമസ്ഥതാ കൈമാറ്റം ചെയ്യൽ എന്നതിൽ ചട്ടം 23-ൽ ഉപചട്ടം ഒന്നിൽ "നിയമാനുസൃത പിന്തുടർച്ചാവകാശിക്കോ അല്ലെങ്കിൽ" എന്ന വാക്കിന് ശേഷമുണ്ടായിരുന്ന 'മത്സ്യത്തൊഴിലാളിക്കോ' എന്ന വാക്ക് പുതിയ ഭേദഗതിയിൽ നീക്കം ചെയ്തതായി കാണുന്നു. ഈ വാക്ക് ഉൾപ്പെടുത്തേണ്ടതും അതിനു മുമ്പായി "മത്സ്യബന്ധനത്തിന് ലൈസൻസുള്ള" എന്നീ വാക്കുകൾ കൂടി ചേർക്കേണ്ടതാണ്.

(3) ചട്ടം 23 (1) (i)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂടി ചേർക്കേണ്ടതാണ്:

"എന്നാൽ മുകളിൽ പറയുന്ന ഉപചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം മത്സ്യബന്ധന ഉരുക്കൾ, സ്വതന്ത്ര വലകൾ, സ്ഥാവരവലകൾ, ചെമ്മീൻ കെട്ടുകൾ, അക്വാകൾച്ചർ ഫാമുകൾ എന്നിവയുടെ ഉടമസ്ഥാവകാശം പൂർണ്ണമായോ ഭാഗികമായോ കൈമാറ്റം ചെയ്യുന്നതിന് രജിസ്റ്റേർഡ് ഉടമസ്ഥന് അവകാശം ഉണ്ടായിരിക്കേണ്ടതാണ്."

II. റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

1. 2013-2014 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 2848/സബ്.സി.സി2/2013/നി.സെ.)

ഖണ്ഡിക നമ്പർ 1, 4, 8, 14, 15, 16, 26, 39 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 25

'റൈസ് ബയോപാർക്കുകളുടെ സ്ഥാപിക്കൽ' എന്ന പദ്ധതി നടത്തിപ്പിനുവേണ്ടി 10 കോടി അധികമായി ആവശ്യപ്പെടണമെന്ന് സമിതി നിർദ്ദേശിച്ചു

ഖണ്ഡിക നമ്പർ 38

കെ.എസ്.ആർ.ഇ.സി. കൃഡസ്ഥൽ തോതിലുള്ള സമഗ്ര വിവരശേഖരണം, കീടരോഗ നിയന്ത്രണത്തിലുള്ള സ്പേഷ്യൽ ഡേറ്റാ വെയേഴ്സ് തുടങ്ങിയ സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ നടപ്പിലാക്കാൻ 130 ലക്ഷം രൂപ അധികമായി ആവശ്യപ്പെടണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക നമ്പർ 24, 36

കൃഷിഭവനുകൾവഴി പച്ചത്തേങ്ങ സംഭരിക്കുന്ന പദ്ധതി ഊർജ്ജിതപ്പെടുത്തുന്നതിനും കൂടുതൽ കൃഷിഭവനുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുമായി എസ്.ഡി.ജി. മുഖാന്തിരം തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2. 2011-2012 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4871/സബ്.സി.സി2/2011/നി.സെ.)

ഖണ്ഡിക നമ്പർ 2

അംഗീകരിച്ചു.

3. 2010-2011 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 14979/സബ്.സി.സി2/2010/നി.സെ.)

ഖണ്ഡിക നമ്പർ 16

അംഗീകരിച്ചു.

4. 2009-2010 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 15597/സബ്.സി.സി2/2009/നി.സെ.)

ഖണ്ഡിക നമ്പർ 12

അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 23

കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രോഡക്ട് ഡെവലപ്മെന്റ് കോർപ്പറേഷന് 50 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന സമിതിയുടെ ശിപാർശപ്രകാരമുള്ള പ്രൊപ്പോസൽ ഒന്നുകൂടി സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിച്ചു

5. നാളികേര മേഖലയിലെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്.

(ഫയൽ നമ്പർ 15380/സബ്.സി.സി2/2010/നി.സെ.)

ഖണ്ഡിക നമ്പർ 32, 40, 62 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 63

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, ഗ്രാമപഞ്ചായത്ത്, കൃഷി ഭവൻ, നാളികേര വികസന ബോർഡ്, നാളികേര വികസന സമിതി എന്നിവ മുഖാന്തിരം നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏകോപിപ്പിക്കുന്നത് നല്ലതാണെന്ന അഭിപ്രായത്തോടെ മറുപടി സമിതി അംഗീകരിച്ചു.

6. 2014-2015 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3979/സബ്.സി.സി2/14/നി.സെ.)

ഖണ്ഡിക നമ്പർ 12

അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 20

വയനാട്, കണ്ണൂർ, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിലെ മലയോര പ്രദേശങ്ങളുടെ സമഗ്ര വികസനത്തിനായി 2500 ലക്ഷം രൂപ വകയിരുത്തണമെന്ന ശിപാർശ പ്രകാരമുള്ള പ്രൊപ്പോസൽ ഒന്നുകൂടി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

III. കരട് റിപ്പോർട്ടുകളുടെ പരിഗണന

സമിതി താഴെപ്പറയുന്ന കരട് റിപ്പോർട്ടും സംക്ഷേപങ്ങളും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

1. "ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം—സർക്കാർ പദ്ധതികൾ " എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ഫയൽ നമ്പർ 3467/സബ്.സി.സി12/2013/നി.സെ.)

2. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1) (V) പ്രകാരമുള്ള താഴെപ്പറയുന്ന കരട് സംക്ഷേപങ്ങൾ:

(i) പതിനൊന്നാം പഞ്ചവത്സരപദ്ധതിയിലെ ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച്

(ഫയൽ നമ്പർ 302/സബ്.സി.സി12/2012/നി.സെ.)

(ii) കൃഷി, മണ്ണുപര്യവേക്ഷണ സംരക്ഷണം എന്നീ വകുപ്പുകളുടെ 2011-2012 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച്

(ഫയൽ നമ്പർ 6264/സബ്.സി.സി12/2012/നി.സെ.)

തുടർന്ന് 22-4-2014-ലെ യോഗത്തിലെ നിർദ്ദേശപ്രകാരം, ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശിക്കപ്പെട്ട കുട്ടനാട് പാക്കേജിന്റെ ഭാഗമായി വയ്ക്കോൽ കട്ട നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിന് 2013-2014 സാമ്പത്തികവർഷം ഫണ്ട് റിലീസ് ചെയ്യാതിരുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ടിരുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി സമിതി പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1616/സബ്.സി.സി12/2014/നി.സെ.)

18-6-2013-ലെ യോഗത്തിൽ ഭേദഗതികളോടെ സമിതി അംഗീകരിച്ചപ്രകാരം മൃഗസംരക്ഷണ വകുപ്പ് എസ്.ആർ.ഒ. 193/2014 നമ്പരായി പുറപ്പെടുവിച്ച കേരള ആനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

(ഫയൽ നമ്പർ 1357/സബ്.സി.സി12/2013/നി.സെ.)

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.50-ന് പിരിഞ്ഞു.

## 2014 ഡിസംബർ 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) 2014 ഡിസംബർ 4-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 6.30-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.
2. ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.
3. ശ്രീ. ഇ. പി. ജയരാജൻ, എം.എൽ.എ.
4. ശ്രീ. എസ്. ശർമ്മ, എം.എൽ.എ.
5. ശ്രീ. പി. തിലോത്തമൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി വി. ആർ. രജനി, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. പി. മാരപാണ്ഡ്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
2. ഡോ. രാജൻ ഖൊബ്രഗഡെ, സെക്രട്ടറി, കൃഷി വകുപ്പ്
3. ശ്രീ. ആർ. ഭദ്രകുമാർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. ആർ. അജിത് കുമാർ, ഡയറക്ടർ, കൃഷി വകുപ്പ്
5. ശ്രീമതി മിനി ആന്റണി, ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
6. ശ്രീ. ഹരി പി. നായർ, ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
7. ശ്രീ. പി. ജി. ബെന്നി, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീ. യു. എസ്. സജീവ്, അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

9. ശ്രീമതി ആർ. സന്ധ്യ, ജോയിന്റ് ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

10. ഡോ. ബി. ബാബു മാത്യു, അസോസിയേറ്റ് പ്രൊഫസർ, കേരള കാർഷിക സർവ്വകലാശാല.

സമിതി 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ, 2014-ലെ കേരള മത്സ്യവിത്ത് ബിൽ എന്നിവ ഖണ്ഡംഖണ്ഡമായി പരിശോധിക്കുകയും താഴെപ്പറയുംപ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു:

I. <u>2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ</u>

ബിൽ ഭേദഗതികളൊന്നും കൂടാതെ സമിതി അംഗീകരിച്ചു. ബില്ലിന്മേൽ ശ്രീ. ജെയിംസ് മാത്യു, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. എസ്. ശർമ്മ, ശ്രീ. പി. തിലോത്തമൻ എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

II. <u>2014-ലെ കേരള മത്സ്യവിത്ത് ബിൽ</u>

ബില്ലിൽ താഴെപ്പറയുംപ്രകാരം ഭേദഗതികൾ വരുത്തുവാൻ സമിതി തീരുമാനിച്ചു

<u>ഖണ്ഡം 3</u>

(i) ഖണ്ഡം 3-ൽ 'സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ സ്ഥാപിക്കൽ എന്ന തലക്കെട്ടിനു ശേഷമുള്ള ' (1) 'എന്ന നമ്പർ ഒഴിവാക്കേണ്ടതാണ്.

<u>ഖണ്ഡം 14</u>

(ii) ഇനം (ബി)-യിൽ "ഏതെങ്കിലും മത്സ്യകൃഷി ഫാമിലോ ഹാച്ചറിയിലോ മത്സ്യവിത്ത് വളർത്തലോ മത്സ്യകൃഷിയോ" എന്ന വാക്കുകൾക്കുശേഷം "വിപണനമോ" എന്ന വാക്ക് കൂടി ചേർക്കേണ്ടതാണ്.

<u>ഖണ്ഡം 15</u>

(iii) ഉപഖണ്ഡം (2)-ന് ഇനി പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്:

"എന്നാൽ നിലവിലുള്ള മത്സ്യവിത്ത് ഫാമുകളേയോ ഹാച്ചറികളേയോ സംബന്ധിച്ച് അപ്രകാരമുള്ള മത്സ്യവിത്ത് ഫാമുകളും ഹാച്ചറികളും ഈ ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ നിലവിൽ വരുന്ന തീയതി മുതൽ മൂന്നുമാസ കാലയളവിനുള്ളിൽ ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിരിക്കേണ്ടതാണ്."

<u>ഖണ്ഡം 16</u>

(iv) (എ) ഉപഖണ്ഡം (3)-ൽ "മത്സ്യകർഷകരുടെ വികസന ഏജൻസിയിലെ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

(ബി) . ഉപഖണ്ഡം (5)-ൽ "ഫിഷറീസ് ഡെവലപ്മെന്റ് ഓഫീസർ" എന്ന വാക്കുകൾക്കുപകരം "ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(സി) ഉപഖണ്ഡം (5)-ന് ഇനിപ്പറയുന്ന ക്ലിപ്തം നിബന്ധന ചേർക്കേണ്ടതാണ്:

"എന്നാൽ നിലവിലുള്ള മത്സ്യവിത്ത് ഫാമുകളേയോ മത്സ്യവിത്ത് ഹാച്ചറികളേയോ സംബന്ധിച്ച് അപ്രകാരമുള്ള മത്സ്യവിത്ത് ഫാമുകളും മത്സ്യവിത്ത് ഹാച്ചറികളും ഈ ആക്റ്റ് പ്രകാരമുള്ള ചട്ടങ്ങൾ നിലവിൽ വന്ന മൂന്നുമാസക്കാലയളവിനുള്ളിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള ലൈസൻസ് എടുത്തിരിക്കേണ്ടതാണ്."

<u>ഖണ്ഡം 41</u>

(v) ഖണ്ഡം (41)-ൽ 'റദ്ദാക്കലും ഒഴിവാക്കലും' എന്ന തലക്കെട്ടിനുശേഷം '(1)'എന്ന നമ്പർ ചേർക്കേണ്ടതാണ്.

ബില്ലിന്മേൽ ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. എസ്. ശർമ്മ, ശ്രീ. പി. തിലോത്തമൻ എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതിയോഗം വൈകുന്നേരം 7 മണിക്ക് പിരിഞ്ഞു.

## 2015 ഫെബ്രുവരി 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) 2015 ഫെബ്രുവരി 4-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി:

1. ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.
2. ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.
3. ശ്രീ. സി. മോയിൻകുട്ടി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി വി. ആർ. രജനി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ഡോ. രാജൻ ഖൊബ്രഗഡെ, സെക്രട്ടറി, കൃഷി വകുപ്പ്
2. ശ്രീ. ആർ. അജിത് കുമാർ, ഡയറക്ടർ, കൃഷി വകുപ്പ്
3. ഡോ. കെ. പ്രതാപൻ, ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ
4. ശ്രീമതി അനിത, കെ. ആർ., ഡെപ്യൂട്ടി സെക്രട്ടറി, കൃഷി (പ്ലാനിംഗ്) വകുപ്പ്
5. ശ്രീ. പുഷ്പാംഗദൻ, അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ
6. ശ്രീ. ജനാർദ്ദനൻ, എസ്., ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (പ്ലാനിംഗ്) വകുപ്പ്
7. ശ്രീമതി കല, എ., അസിസ്റ്റന്റ് ഡയറക്ടർ, സ്റ്റേറ്റ് വെജിറ്റബിൾ സെൽ
8. ശ്രീ. റ്റി. ബാബു, സ്റ്റേറ്റ് അഗ്രികൾച്ചർ എഞ്ചിനീയർ (ഇൻ-ചാർജ്ജ്).

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1)(iii) പ്രകാരം സമിതി താഴെപ്പറയുന്ന വിഷയങ്ങളിൽ ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി:

1. നെല്ല് വികസനം
2. ജൈവപച്ചക്കറി കൃഷി
3. ഹൈ-ടെക് അഗ്രികൾച്ചർ
4. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ
5. വിള ആരോഗ്യ പരിപാലനം
6. നീറ്റ്-കാർഷിക വികസനത്തിനുള്ള സമഗ്ര പദ്ധതി

(1) <u>നെല്ല് വികസനം</u>

2014-'15 വാർഷിക പദ്ധതിയിൽ ഭക്ഷ്യസുരക്ഷയ്ക്ക് ഊന്നൽ നൽകി സംസ്ഥാനത്തൊട്ടാകെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സുസ്ഥിര നെൽകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, തരിശുനില നെൽകൃഷി വികസനം, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം, പൊക്കാളി നെൽകൃഷി വികസനം, പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്, പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി, നെൽകൃഷി ഉൽപ്പാദന ബോണസ് എന്നീ നെൽകൃഷി വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നതായി സമിതി മനസ്സിലാക്കി.

തരിശ്ശനില നെൽകൃഷി വികസനത്തിനായി ഹെക്ടറിന് 11,500 രൂപ നൽകുന്നതിനുള്ള മാനദണ്ഡമെന്താണെന്നും തുക ആരുടെ പേരിലാണ് നൽകുന്നതെന്നും സമിതി ആരാഞ്ഞതിന് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി, തരിശ്ശനിലം പാട്ടത്തിനെടുത്തോ അല്ലാതെയോ കൃഷി ചെയ്യുന്ന എല്ലാവർക്കും പ്രസ്തുത തുക നൽകുന്നുണ്ടെന്നും കൃഷി ചെയ്യുന്ന ആളുടെ പേരിലാണ് ഇത് നൽകുന്നതെന്നും കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചു.

2. ജൈവപച്ചക്കറി കൃഷി

പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കാനും വിഷവിമുക്തമായ പച്ചക്കറി ഉൽപ്പാദിപ്പിക്കാനും ലക്ഷ്യമിട്ട് 2012-13 മുതൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നുവെന്നും ജൈവ കൃഷിക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നതെന്നും ജൈവരീതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജൈവകൃഷി ആസ്പദമാക്കിയുള്ള ലഘുലേഖകളും കൈപുസ്തകങ്ങളും സംസ്ഥാനത്തെ സ്കൂളുകൾ, കൃഷിഭവനുകൾ എന്നിവ മുഖേന നൽകിവരുന്നുണ്ടെന്നും ആവശ്യമായ പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുവെന്നും പദ്ധതി മുഖേന ആകെ 32593 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്യാനും 342763 ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുവാനുമാണ് ലക്ഷ്യമിടുന്നതെന്നും ഇതുവരെ ആകെ 19008 ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യാനും 99492 ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ടെന്നും സമിതി മനസ്സിലാക്കി.

പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, അർബൻ ക്ലസ്റ്റർ പ്രോത്സാഹനം, വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, ജില്ലാ ക്ലസ്റ്റർ വികസനം, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം, സൂക്ഷ്മമൂലകങ്ങളുടെ പ്രദർശനം, ബ്ലോക്കതല ഫെഡറേറ്റഡ് സമിതികൾക്ക് സഹായധനം, കിഴങ്ങ്-പയറുവിള വികസനം, നഴ്സറികളുടെ സ്ഥാപനം, മഴമറകൾക്കുള്ള ധനസഹായം, സങ്കരവിത്തിനങ്ങളുടെ പ്രദർശനത്തോട്ടം, സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും എന്നീ പദ്ധതികളാണ് 2014-15-ൽ ജൈവപച്ചക്കറി കൃഷിക്കായി നടപ്പിലാക്കിവരുന്നതെന്നും സമിതി മനസ്സിലാക്കി.

മട്ടുപ്പാവ് കൃഷി പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അർബൻ ക്ലസ്റ്റർ പ്രോത്സാഹനത്തിനായി തുക വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

ജൈവപച്ചക്കറി കൃഷി വികസന പദ്ധതിക്കുവേണ്ടി എം.എൽ.എ./എം.പി. ഫണ്ടിൽ നിന്നും ഒരു നിശ്ചിത തുക ചെലവഴിക്കാൻ സാധിക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ ജനപ്രതിനിധികളുടെ കൂടി . ഫലപ്രദമായ ഇടപെടലുണ്ടാകുമെന്നും ഇതുവഴി പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

ജൈവകൃഷി വിജയിപ്പിക്കണമെങ്കിൽ ജൈവവളം ഉൽപ്പാദിപ്പിക്കണമെന്നും ജൈവവള ഉൽപ്പാദന കേന്ദ്രങ്ങൾ പൊതുസ്ഥലങ്ങളിൽ ആരംഭിക്കുന്നതിനുള്ള തുക എം.എൽ.എ. ഫണ്ടിൽ നിന്നും കൃഷി വകുപ്പിൽ നിന്നുമായി നീക്കിവച്ച് ചെയ്യുകയാണെങ്കിൽ കൂടുതൽ ഫലപ്രദമാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

3. <u>ഹൈ-ടെക് ഫാമിംഗ് പദ്ധതി</u>

2012-13 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈ-ടെക് കൃഷി പദ്ധതിയിൽ പച്ചക്കറി ഉത്പാദന വർദ്ധനവിനായി ഗ്രീൻഹൗസുകൾ (നാച്ച്വറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ചർ പോളിഹൗസുകൾ) സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പദ്ധതി നടത്തിപ്പിനായി 507.5 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതമായി നൽകിയെന്നും 2012-13-ലെ പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ 289 പോളിഹൗസുകൾ നിർമ്മിച്ച് പച്ചക്കറികൾ കൃഷി ചെയ്തു വരുന്നുവെന്നും ഇതിനായി ചെലവിന്റെ 25 ശതമാനം തുകയായ 259.021 ലക്ഷം രൂപ സംസ്ഥാന വിഹിതമായി നാളിതുവരെ വിനിയോഗിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കി.

2013-14 സാമ്പത്തികവർഷത്തിൽ 128000 ച. മീറ്റർ പോളിഹൗസുകൾ നിർമ്മിക്കുന്നതിന് 3 കോടി രൂപ സംസ്ഥാന വിഹിതമായി നൽകിയിട്ടുണ്ടെന്നും ഇതിൽ 70041 ച. മീറ്റർ ആകെ വിസ്തീർണ്ണമുള്ള 57 പോളിഹൗസുകൾ നാളിതുവരെ നിർമ്മിക്കുകയും ഇതിനായി 25% സംസ്ഥാനസർക്കാർ വിഹിതമായി 149.965 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ടെന്നും 2014-15 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് 128000 ച. മീറ്റർ പോളിഹൗസ് നിർമ്മിക്കുവാൻ സംസ്ഥാനവിഹിതമായ 25% ധനസഹായം നൽകുവാനായി 3 കോടി രൂപ വകുപ്പിനു ലഭിച്ചുവെന്നും നാളിതുവരെ 11000 ച. മീറ്ററുള്ള 14 പോളിഹൗസുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ശേഷിക്കുന്നവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണെന്നും സമിതി മനസ്സിലാക്കി.

കഴിഞ്ഞ 2 വർഷ പദ്ധതി നടത്തിപ്പിലൂടെ കൃഷിസ്ഥല പരിമിതിമൂലം വീർപ്പുമുട്ടുന്ന കേരളത്തിന് പ്രതീക്ഷ നൽകിക്കൊണ്ട് ഉത്പാദന വർദ്ധനവിന് സഹായിക്കുന്ന ഒരു സാങ്കേതികവിദ്യ എന്ന നിലയിൽ ഹൈ-ടെക് ഫാമിംഗ് ഏറെ സ്വീകാര്യത നേടിയിട്ടുണ്ടെന്നും മുഴുവൻസമയ കർഷകരും ഗൾഫിൽ നിന്നും മടങ്ങിവന്നവരും

മറ്റ് ജോലികൾക്കൊപ്പം കൃഷിയെ സ്നേഹിക്കുന്നവരും അഭ്യസ്തവിദ്യരായ പുതിയ വരുമാനമേഖലകൾ തേടുന്ന ചെറുപ്പക്കാരും മട്ടുപ്പാവിലും വീട്ടുമുറ്റത്തും വിഷമില്ലാത്ത പച്ചക്കറി വിളഞ്ഞ് കാണുവാനാഗ്രഹിക്കുന്ന വീട്ടമ്മമാരുമൊക്കെയായി സമൂഹത്തിന്റെ നാനാതുറകളിലുള്ള വ്യക്തികൾ ഈ പദ്ധതിയിലേക്ക് ആകൃഷ്ടരായി വന്നുകൊണ്ടിരിക്കുന്നുവെന്നും ഹൈ-ടെക് ഫാമുകൾ സ്ഥാപിച്ച് വിജയം കൊയ്യുകയും മികച്ച വിളവ് നേടുകയും ചെയ്യു കർഷകർ നിരവധിയാണെന്നും സമിതിക്ക് ബോധ്യപ്പെട്ടു.

ഹൈ-ടെക് ഫാമിംഗ് പദ്ധതി സംബന്ധിച്ച വിവരങ്ങൾ എങ്ങനെയാണ് നൽകുന്നതെന്ന സമിതിയുടെ ചോദ്യത്തിന് പരസ്യം നൽകി അപേക്ഷ ക്ഷണിച്ചുവെങ്കിലും അപേക്ഷകളൊന്നും ലഭിച്ചില്ലെന്ന് കൃഷി വകുപ്പ് ഡയറക്ടർ മറുപടി നൽകി.

പോളിഹൗസിനായി ജില്ലകളിൽ നിന്ന് ലഭിക്കുന്ന പ്രൊപ്പോസലുകൾ അംഗീകരിക്കുന്ന രീതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിക്കുന്ന അപേക്ഷകൾക്ക് കൃഷി ഡയറക്ടറേറ്റിൽ നിന്നാണ് അനുമതി നൽകുന്നതെന്ന് കൃഷി വകുപ്പ് ഡയറക്ടർ മറുപടി നൽകി. പോളിഹൗസ് സ്ഥാപിക്കുന്നതിന് നല്ല സൂര്യപ്രകാശമുള്ള സ്ഥലം ആവശ്യമാണെന്നും തുടക്കത്തിൽ കുറെ കർഷകർ മുന്നോട്ട് വന്നെങ്കിലും പിന്നീട് പലരും പിന്മാറുകയാണുണ്ടായതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ പദ്ധതിയിൽ താൽപ്പര്യം പ്രകടിപ്പിച്ചവർക്ക് ആദ്യവർഷം മുൻകൂർ ധനസഹായം നൽകിയെങ്കിലും പിന്നീട് പദ്ധതി പൂർത്തിയാക്കിയവർക്ക് നൽകിയാൽ മതിയെന്നാണ് തീരുമാനിച്ചിരിക്കുന്നതെന്ന് കൃഷി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. മുൻകൂർ കൈപ്പറ്റി പദ്ധതി പൂർത്തിയാക്കാതെ ഉപേക്ഷിച്ചുപോയാൽ വലിയ നഷ്ടം വരുമെന്നതിനാലാണ് അത്തരമൊരു തീരുമാനം കൈക്കൊണ്ടതെന്നും പോളിഹൗസ് കൃഷിക്കായി ചെലവിന്റെ 75% തുകയും ബാങ്ക് വായ്പ നൽകുന്നുണ്ടെന്നും വകുപ്പുമായി ചർച്ച ചെയ്ത് ടി പദ്ധതി തുടരാമെന്നുമാണ് തീരുമാനമെന്നും കൃഷി വകുപ്പ് ഡയറക്ടർ കൂട്ടിച്ചേർത്തു.

എം.എൽ.എ.മാർക്ക് കത്ത് കൊടുത്ത് അതത് മണ്ഡലങ്ങളിൽ പോളിഹൗസ് നിർമ്മിക്കാൻ ആഗ്രഹിക്കുന്നവരുടെ യോഗം വിളിച്ചുചേർക്കണമെന്നും അതിൽ ജില്ലാതലത്തിലെ കൃഷി ഉദ്യോഗസ്ഥനും പങ്കെടുക്കണമെന്നും തദവസരത്തിൽ സമിതി ശിപാർശ ചെയ്തു.

4. സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ

കേരളത്തിൽ കൃഷി ചെയ്യുന്ന ഫലവർഗ്ഗങ്ങൾ, തോട്ടവിളകൾ, നാണ്യവിളകൾ, സുഗന്ധവ്യഞ്ജന വിളകൾ, പുഷ്പങ്ങൾ, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള ദേശീയ ഹോർട്ടികൾച്ചർ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുവേണ്ടി കൃഷി വകുപ്പിന്റെ

കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ—കേരള കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്നും 2014-15 മുതൽ മിഷൻ ഹോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന് പുനർനാമകരണം ചെയ്തതായും സമിതി മനസ്സിലാക്കി.

5. <u>വിള ആരോഗ്യ പരിപാലനം</u>

വിളകൾക്കുണ്ടാകുന്ന കീടരോഗബാധ, സസ്യപോഷണത്തിന് ആവശ്യമായ മൂലകങ്ങളുടെ അഭാവം/കൂടുതൽ മൂലമുണ്ടാകുന്ന രോഗങ്ങൾ എന്നിവ ഫീൽഡ്തല നിരീക്ഷണത്തിലൂടെ കണ്ടെത്തി വിളകളെ സംരക്ഷിക്കുന്നതിന് ആവശ്യമായ സമഗ്ര പ്രതിരോധ പ്രവർത്തനം സംബന്ധിച്ച ശാസ്ത്രീയ നിർദ്ദേശങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2013-14-ൽ ആരംഭിച്ച വിള ആരോഗ്യ പരിപാലന പദ്ധതി കേരളത്തിലെ 14 ജില്ലകളിൽ തെരഞ്ഞെടുത്ത 69 ബ്ലോക്കുകളിലെ 481 കൃഷിഭവനുകൾ വഴി നടപ്പിലാക്കുന്നുവെന്നും 2014-15 വർഷം 1335 ലക്ഷം രൂപയാണ് പദ്ധതിക്കായി നീക്കി വച്ചിട്ടുള്ളതെന്നും സമിതി മനസ്സിലാക്കി.

6. <u>നിറവ് പദ്ധതി</u>

വിത്തു മുതൽ വിപണി വരെ കാർഷിക അനുബന്ധമേഖലകളുടെ സമഗ്ര വികസനത്തിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ ഉൾപ്പെടുന്ന പരിപാടിയായ 'നിറവ്' പദ്ധതിയിൽ 2012-13-ൽ 12 നിയോജകമണ്ഡലങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും 2013-14-ൽ 30 നിയോജകമണ്ഡലങ്ങളും, 2014-15-ൽ 40 നിയോജക മണ്ഡലങ്ങളും ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും സമിതി മനസ്സിലാക്കി.

സമിതി യോഗം വൈകുന്നേരം 4 മണിക്ക് പിരിഞ്ഞു.

## 2015 മാർച്ച് 31-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I 2015 മാർച്ച് 31-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.
2. ശ്രീ. ഇ. പി. ജയരാജൻ, എം.എൽ.എ.
3. ശ്രീ. സി. മോയിൻകുട്ടി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സുബ്രതാ ബിശ്വാസ്, കാർഷികോല്പാദന കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
2. ശ്രീ. കെ. അജയകുമാർ, സെക്രട്ടറി, കൃഷി വകുപ്പ്
3. ശ്രീ. ആർ. അജിത് കുമാർ, ഡയറക്ടർ, കൃഷി വകുപ്പ്
4. ശ്രീമതി കെ. ടി. സരോജിനി, ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
5. ശ്രീമതി മിനിമോൾ എബ്രഹാം, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
6. ശ്രീമതി പി. പി. സജിത, അഡീഷണൽ സെക്രട്ടറി, ഊർജ്ജവകുപ്പ്
7. ശ്രീ. ഒ. എം. മോഹനൻ, ജോയിന്റ് സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്
8. ശ്രീ. രാജ് തിലകൻ, എം. ജി., ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
9. ശ്രീമതി ബിന്ദു തങ്കച്ചി, എം. കെ., ഡെപ്യൂട്ടി സെക്രട്ടറി, കൃഷി വകുപ്പ്
10. ശ്രീമതി അനിത, കെ. ആർ., ഡെപ്യൂട്ടി സെക്രട്ടറി, കൃഷി (പ്ലാനിംഗ്) വകുപ്പ്
11. ശ്രീ. ദിലീപ് ഖാൻ, എം., ഡെപ്യൂട്ടി സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
12. ശ്രീ. പുഷ്പാംഗദൻ, വി. വി., അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ
13. ഡോ. എസ്. ചന്ദ്രൻ കുട്ടി, അഡീഷണൽ ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
14. ഡോ. ജോസ് ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്
15. ശ്രീ. എം. പി. ജോൺ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡ്
16. ശ്രീ. കെ. വേണുഗോപാൽ, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്

17. ഡോ. പി. എൻ. പ്രേമചന്ദ്രൻ, ഡയറക്ടർ ഓഫ് സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവേഷൻ

18. ശ്രീ. എം. രാജീവ്, ചീഫ് എഞ്ചിനീയർ, എച്ച്. ഇ.ഡി., തിരുവനന്തപുരം

19. ശ്രീ. ജനാർദ്ദനൻ, എസ്., ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (പ്ലാനിംഗ്) വകുപ്പ്

20. ശ്രീ. വി. ബാബു, സ്റ്റേറ്റ് അഗ്രികൾച്ചർ എഞ്ചിനീയർ (ഇൻ-ചാർജ്)

21. ശ്രീ. എസ്. ഗോപികൃഷ്ണ, ഫിനാൻസ് ഓഫീസർ, ക്ഷീരവികസന വകുപ്പ്

22. ശ്രീ. പി. വി. ബാബു, ജോയിന്റ് ഡയറക്ടർ, വെസ്റ്റേൺ ഘട്ട് സെൽ.

സമിതിയുടെ വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

I. (1) 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3979/സബ്.സി.സി2/14/നി.സെ.)

ഖണ്ഡിക നമ്പർ 6, 10, 29, 31-35, 59, 60, 65, 74, 75, 81, 84, 85, 86, 105, 119

സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 30

ഉപധനാഭ്യർത്ഥനയിലൂടെ അധികമായി ആവശ്യപ്പെട്ട 5 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക നമ്പർ 61-64, 66-73

പ്രസ്തുത ഹെഡുകളിൽ അടിയന്തര പ്രാധാന്യത്തോടെ അധിക തുക ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക നമ്പർ 76-80, 82, 83, 87

പ്രസ്തുത ഖണ്ഡികകളിൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(2) 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2848/സബ്.സി.സി2/13/നി.സെ.)

ഖണ്ഡിക നമ്പർ 12, 37

പാടശേഖര സമിതികളുടെ അപേക്ഷകൾ/വ്യക്തിഗത നിവേദനങ്ങൾ മുതലായവ പരിഗണിക്കുന്നതിന് പ്രത്യേക ശീർഷകവും തുകയും ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക നമ്പർ 13, 38, 40 (അധികവിവരം)

പ്രസ്തുത ഖണ്ഡികകളിലെ ശിപാർശകൾ സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു.

(3) 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4871/സബ്.സി.സി2/2011/നി.സെ.)

ഖണ്ഡിക നമ്പർ 13, 14

സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 39, 40

പ്രസ്തുത ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 67

ആലപ്പുഴ അന്ധകാരനഴിയുടെ വടക്കേഭാഗത്തെ പാലം നിർമ്മാണം പൂർത്തിയായോ എന്ന് സമിതി ആരാഞ്ഞതിന് പണി നടന്നുകൊണ്ടിരിക്കുകയാണെന്നും 2014-15 വർഷം ഫണ്ട് അനുവദിച്ചിട്ടില്ലെന്നും എസ്.ഡി.ജി.-യിലും, റീ അപ്രോപ്രിയേഷനിലും പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും തുക ലഭിച്ചിട്ടില്ലെന്നും 2015-16 വർഷത്തേക്കുള്ള അലോട്ട്മെന്റിലും തുക വകയിരുത്തിയിട്ടില്ലെന്നും മത്സ്യബന്ധന വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

കൃഷിയെ ബാധിക്കുന്ന വിഷയമായതിനാൽ പ്രസ്തുത പാലം നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുകയും ആയതിനാൽ പ്രസ്തുത പ്രവൃത്തിക്കായി അടിയന്തരമായി ഫണ്ട് അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

(4) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2010-11-ലെ അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 14979/സബ്.സി.സി2/2010/നി.സെ.)

ഖണ്ഡിക 6, 7

സർക്കാർ മറുപടി അംഗീകരിച്ചു.

(5) പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ഫയൽ നമ്പർ 15381/സബ്.സി.സി2/10/നി.സെ.)

ഖണ്ഡിക 128

കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി സൗജന്യമായി നൽകുന്നതു സംബന്ധിച്ച ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ, പുതിയ സപ്ലൈ കോഡനുസരിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിലെ ചെലവുകളും അതിന്റെ മുഴുവൻ ചാർജ്ജുകളും ഉപഭോക്താവ് തന്നെ വഹിക്കണമെന്നാണ് റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശമെന്നും അല്ലെങ്കിൽ ടി തുക സർക്കാർ വഹിക്കേണ്ടിവരുമെന്നും മുൻപ് കാർഷികാവശ്യത്തിനുള്ള കണക്ഷൻ സൗജന്യമായാണ് നൽകിയിരുന്നതെന്നും കൃഷി വകുപ്പ് കറന്റ് ചാർജ് അടയ്ക്കുക മാത്രമെ ചെയ്തിരുന്നുള്ളുവെന്നും ബോർഡിന്റെ ചെലവിലാണ് ലൈൻ വലിച്ചിരുന്നതെന്നും ഊർജ്ജ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. കർഷകർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം നിലനിർത്തണമെന്നും അതിനുള്ള ബാധ്യത വൈദ്യുതി ബോർഡ് തന്നെ വഹിക്കണമെന്നും അതിന് കഴിയുന്നില്ലെങ്കിൽ പ്രസ്തുത ബാധ്യത സർക്കാർ വഹിക്കണമെന്നും അഭിപ്രായപ്പെട്ട സമിതി നിലവിലുള്ള മാനദണ്ഡം നിലനിർത്തിക്കൊണ്ട് കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്നതിന് കൃഷി വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഖണ്ഡിക 129

തമിഴ്നാട്ടിലേതുപോലെ, കാർഷികാവശ്യത്തിന് വൈദ്യുതി നൽകുന്നതിന് പ്രത്യേക ലൈനുകൾ കേരളത്തിലും സ്ഥാപിക്കണമെന്ന ശിപാർശയിന്മേലുള്ള മറുപടി പരിഗണിക്കവെ, കേരളത്തിൽ എല്ലാ വിഭാഗം വൈദ്യുതി ഉപഭോക്താക്കളും ഇടകലർന്ന് ആയതിനാൽ പാടശേഖരങ്ങൾക്ക് കണക്ഷൻ നൽകുമ്പോൾ അതിനടുത്തുള്ള മറ്റു വിഭാഗങ്ങൾക്കും കണക്ഷൻ നൽകേണ്ടിവരുമെന്നും കൂടാതെ ഒരേ 11 കെ. വി. ലൈൻ വലിച്ചാണ് വിതരണം നടത്തുന്നതെന്നതിനാൽ അധിക ചെലവ് വരുമെന്നും എന്നാൽ തമിഴ്നാട്ടിൽ ഈ സാഹചര്യമില്ലെന്നും ഊർജ്ജ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

കൂടുതൽ വിസ്തൃതിയുള്ള കൃഷിസ്ഥലങ്ങളിൽ കാർഷികാവശ്യത്തിനായി പ്രത്യേക കണക്ഷൻ നൽകുന്നതിന് സാധിക്കുമെങ്കിലും സംസ്ഥാനം മുഴുവൻ ഇങ്ങനെ ചെയ്യാൻ ബുദ്ധിമുട്ടാണെന്നും പുതിയ സപ്ലൈ കോഡനുസരിച്ച് കണക്ഷൻ നൽകുന്നതിന്റെ ചെലവ് ഉപഭോക്താവോ സർക്കാരോ വഹിക്കേണ്ടിവരുമെന്നും ഉദ്യോഗസ്ഥൻ കൂട്ടിച്ചേർത്തു. തുടർന്ന്, 50 ഏക്കറിൽ കൂടുതൽ കൃഷി സ്ഥലങ്ങളുള്ളിടത്ത് പ്രത്യേക കണക്ഷൻ നല്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

(6) 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15597/സബ്.സി.സി2/2009/നി.സെ.)

ഖണ്ഡിക നമ്പർ 4

സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

II. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയവ

(1) 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 27-മേലുള്ള സമിതിയുടെ അധിക നിർദ്ദേശത്തിന് കൃഷി (ഇ.ബി.) വകുപ്പിൽ നിന്നും ലഭ്യമാക്കിയ ഇടക്കാല മറുപടി.

(ഫയൽ നമ്പർ 4871/സബ്.സി.സി2/2011/നി.സെ.)

(സർക്കാർ കത്ത് നമ്പർ 18684/ഇബി3/13/കൃഷി തീയതി 6-3-2015)

(2) 2014-15 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 7, 9 എന്നിവയിലെ സമിതി ശിപാർശയിന്മേൽ കൃഷി (പ്ലാനിംഗ്-എ) വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി.

(ഫയൽ നമ്പർ 3979/സബ്.സി.സി2/2014/നി.സെ.)

(സർക്കാർ കത്ത് നമ്പർ 21024/പി.എ 3/2014/കൃഷി തീയതി 9-3-2015)

സമിതി യോഗം വൈകുന്നേരം 3.45-ന് പിരിഞ്ഞു.